ജനകീയാസൂത്രണ പദ്ധതി

ചാത്തമംഗലം

ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട്


കാസറഗോഡ്
കണ്ണൂർ
വയനാട്
കോഴിക്കോട്
മലപ്പുറം
പാലക്കാട്
തൃശൂർ
എറണാകുളം
ഇടുക്കി
കോട്ടയം
ആലപ്പുഴ
പത്തനംതിട്ട
കൊല്ലം
തിരുവനന്തപുരം
ഇന്ത്യ

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ചാത്തമംഗലം ഗ്രാമ പഞ്ചായത്ത്



വികസന സെമിനാർ

1996

നവംബർ 16 ശനി

ആർ.ഇ.സി. ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ
ചാത്തമംഗലം

വികസന റിപ്പോർട്ട്

ജനകീയാസൂത്രണം: കൊടികൾ കൂട്ടിക്കെട്ടി പ്രചാരണ

കുന്ദമംഗലം: ജനകീയാസൂത്രണ പരിപാടിയുടെ വിജയത്തിന് ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ മുഴുവൻ രാഷ്ട്രീയ കക്ഷികളും ഒരേ [illegible] കൊടികൾ കൂട്ടിക്കെട്ടി പ്രചാരണ [illegible] അഭ്യർഥിക്കും. പഞ്ചാ[illegible]

ജനകീയാസൂത്രണ വിജയത്തിന് സംയുക്ത ജാഥ

ചാത്തമംഗലം: ജനകീയാസൂത്രണ പരിപാടിയുടെ വിജയത്തിന് കക്ഷിരാഷ്ട്രീയത്തിന് അതീതമായി ബഹുജന പങ്കാളിത്തം ലഭിക്കാൻ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും തങ്ങളുടെ കൊടികൾ ഒരു വാഹനത്തിൽ കെട്ടി പ്രചാരണ ജാഥ നടത്തും. 19, 20 തീയതികളിൽ നടത്തുന്ന ജാഥ പഞ്ചായത്തിലെ നാൽപതിൽപരം കേന്ദ്രങ്ങളിൽ പര്യടനം നടത്തി ജനപങ്കാളിത്തത്തിന് വിജയത്തിന് കൂട്ടായ [illegible] നുവേണ്ടി അഭ്യർഥിക്കും. [illegible] എല്ലാ വാർഡുകളിലും [illegible] കുന്ദമംഗലം [illegible] വാർഡുകളിലെ [illegible] കയും സ്ത്രീധന [illegible] നിയമ നടപടി [illegible] ചാത്തമംഗലം [illegible] വാർഡ് ഗ്രാമസഭ [illegible] ർഷത്തിൽ പങ്കെടുത്ത [illegible] ഗ്രാമസഭ [illegible] പ്രവർത്തനങ്ങൾ [illegible]

ഡോക്ടർ കെ. ശശിധരൻ അധ്യക്ഷത വഹിച്ചു. [illegible] പി. മാരായ പി. എം. ആസ്യക്കോയ തങ്കം, എൻ. എം. ഹുസൈൻ, കെ. കെ. കൃഷ്ണൻമാസ്റ്റർ, അഹമ്മദ്കുട്ടി അമ്പയക്കോ ട്ട്, വി. ഗ്ലോമോഹൻ, ഗോപാലകൃഷ്ണൻ ചുണ്ടുപൂർ, വി. സുന്ദരൻ മാസ്റ്റർ, കെ. ഗിച്ചു.

എല്ലാ പാർട്ടികളുടേയും കൊടികളും ഒരു വാഹനത്തിൽ

ചാത്തമംഗലം: ജനകീയാസൂത്രണ [illegible] വാഹനത്തിൽ [illegible]

ഹരിതകേരളത്തിൽ വനിതാ പ്രാതിനിധ്യം വർധിച്ചു

ചാത്തമംഗലം: ചാത്തമംഗലം [illegible]

ജനകീയാസൂത്രണം: സ്വാഗതസംഘം ആപ്പീസ് തുറന്നു

ചാത്തമംഗലം, സപ്തംബർ 19: ജനകീയാസൂത്രണ കുഞ്ഞിക്കൃഷ്ണൻ നായർ പഞ്ചായത്ത് സ്വാഗതസംഘം ആപ്പീസ് കുഞ്ഞിക്കാവ് ജംക്ഷനിൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് [illegible] അധ്യക്ഷനായിരുന്നു.

വിശേഷാൽ ഗ്രാമസഭയിൽ വർധിച്ച ജനപങ്കാളിത്തം

മാവൂർ: ജനകീയാസൂത്രണ പരിപാടിയോടനുബന്ധിച്ച് ഗ്രാമസഭകളുടെ പ്രചാരണപ്രവർത്തനങ്ങൾ നടത്തിയും രാഷ്ട്രീയ പാർട്ടികളുടെ കൊടികളും കൂട്ടിക്കെട്ടി വിളംബരജാഥ നടത്തിയും [illegible] ചാത്തമംഗലം [illegible] ഗ്രാമ [illegible] പഞ്ചായത്ത് [illegible] കടമ്പും ഗ്രാമസഭ സമാപനത്തോടനുബന്ധിച്ച് വലഹരി പകർന്ന [illegible] ഗ്രാമ പഞ്ചായത്തിലുള്ള ഓദർ അഭ്യുദയകാംക്ഷികളുടെ [illegible] അഗ്രോവാസിക [illegible] സ്ത്രീധനസമ്പ്രദായ [illegible] കരുഷന്മാർക്കിടയിൽ [illegible] പരിപാടികൾ [illegible] വാങ്ങുന്ന [illegible]

സ്ത്രീധനത്തിനെതിരെ ബോധവത്കരണം വേണം: ഗ്രാമസഭ

പേനയും പെൻസിലും ഉപയോഗിക്കുന്ന
ലാഘവത്തോടും അഭിമാനത്തോടും കൂടി
ചൂലും മൺകോരിയും സ്വമനസ്സാലെ
പ്രയോഗിക്കുന്ന പ്രവർത്തകരുണ്ടായാൽ
ഇന്ത്യയിലെ ദുഃഖമനുഭവിക്കുന്ന
മനുഷ്യ സമൂഹത്തിന് ഇത് അപാരമായ
പ്രയോജനമുണ്ടാക്കും.

ഗാന്ധിജി

MAP
ചാത്തമംഗലം
ഗ്രാമ പഞ്ചായത്ത്



പത്രാധിപ സമിതി

പി.എം. ആറ്റക്കോയ തങ്ങൾ (എഡിറ്റർ)

വി. സുന്ദരൻ

അഹമ്മദ് കുട്ടി അരയങ്കോട്

ഗോപാലകൃഷ്ണൻ ചൂലൂർ

എൻ.എം. ഹുസൈൻ

വി.കെ. കുര്യൻ

കെ.കെ. കൃഷ്ണദാസ്

വി. മനോജ്കുമാർ

വി. പ്രേമരാജൻ

സി. അബ്ദുൽ റസാഖ്

എം.പി. അബ്ദുള്ള

വി.പി. പത്മനാഭൻ

പി.കെ. അബൂബക്കർ

കൽപ്പള്ളി കൃഷ്ണൻ

എ. മാനുക്കുട്ടൻ

കേരളത്തിന്റെ ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തിയെടുക്കുന്ന യജ്ഞത്തിൽ സജീവ പങ്കാളിത്തം വഹിച്ചു മുന്നേറുകയാണ് നമ്മുടെ ഗ്രാമപഞ്ചായത്ത്. പദ്ധതിയോളം തന്നെ പ്രധാനപ്പെട്ടതാണ് അതു രൂപപ്പെടുത്തുന്ന രീതിയും. പദ്ധതിയുടെ എല്ലാ ഘട്ടങ്ങളിലും കക്ഷി രാഷ്ട്രീയത്തിന് അതീതവും കാര്യക്ഷമവുമായ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തുക വഴി മാത്രമേ നമുക്കു ലക്ഷ്യത്തിലെത്തിച്ചേരാൻ സാധിക്കുകയുള്ളൂ. നമ്മുടെ കൂട്ടായ്മയുടേയും ആത്മാർത്ഥമായ പ്രവർത്തന ശാലിയുടേയും ഫലമായി വ്യാപകമായ പ്രതീക്ഷയും ശുഭാപ്തി വിശ്വാസവും പ്രവർത്തനശേഷിയും വളർന്നുവന്നിരിക്കുന്നു. ഈ മനോഭാവവും പ്രതിബദ്ധതയും ദിശാബോധവും പ്രയോജനപ്പെടുത്താൻ നമുക്കു കഴിയുമാറാവണം.

വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ട് ഈ വികസന റിപ്പോർട്ട് തയ്യാറാക്കാൻ ഒട്ടേറെ പേർ ഞങ്ങളോട് സഹകരിച്ചിട്ടുണ്ട്. സംഘാടനത്തിലും അനുബന്ധ പ്രവർത്തനങ്ങളിലും ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങളും ആവേശപൂർവ്വം ഞങ്ങളോടൊപ്പം നിന്നിട്ടുണ്ട്. എല്ലാവർക്കും നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തട്ടെ.

- എഡിറ്റർ

ഉള്ളടക്കം

1. ആമുഖം - ജനകീയാസൂത്രണ പദ്ധതി 11

2. ആമുഖം - ഗ്രാമപഞ്ചായത്ത് 14

3. പഠന പര്യടനം 17

4. കൃഷി - ജലസേചനം 20

5. മത്സ്യബന്ധനം - മൃഗസംരക്ഷണം 26

6. വിദ്യാഭ്യാസം 30

7. ആരോഗ്യം-കുടിവെള്ളം-പരിസരശുചിത്വം 37

8. വ്യവസായം-മാർക്കറ്റ് 47

9. ഗതാഗതം - ഊർജ്ജം 51

10. പാർപ്പിടം - സാമൂഹ്യക്ഷേമം 61

11. സംസ്കാരം - ടൂറിസം 69

12. വനിത 76

13. സഹകരണം 79

14. പട്ടികജാതി-പട്ടികവർഗ്ഗം 82

15. വിഭവ സമാഹരണം 87

16. ഒത്തുപിടിയ്ക്കാം.... 90

സൗജന്യ വിതരണത്തിന്

ടൈപ്പ് സെറ്റിംഗ് & ലേഔട്ട് : ലേസർലൈൻസ്, കോഴിക്കോട്-2, ഫോൺ: 702223.

അച്ചടി : എമിറേറ്റ് ഓഫ്സെറ്റ്, കോഴിക്കോട്.

കോപ്പി : 1000

തിയ്യതി : 16-11-1996.

നിലവിലുള്ള ഭരണസമിതി



കെ. ശശിധരൻ (XI)
വൈ. പ്രസി.



കെ.എ. ഖാദർ (V)
പ്രസിഡണ്ട്



അഹമ്മദ്കുട്ടി അരയങ്കോട് (VI)
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



ഇ. പി മൊയ്തീൻകോയ (I)

എലിസബത്ത് ജോൺ (II)



പി.കെ. നബ്യാർ (III)



അഡ്വ. പി.ചാത്തുക്കുട്ടി (IV)

എ.വി. സരോജിനി (VII)

എൻ. ഉഷാദേവി (VIII)



കെ. സുഭാഷിണി (IX)

പി. പ്രേമകുമാരി (X)



പി. മുഹമ്മദ് ഹാജി (XII)



എൻ.പി. ഹംസ (XIII)



എൻ.പി. ഉമ്മർ
(സെക്രട്ടറി)

1979 ഭരണസമിതി

	പേര്	സ്ഥാനം	വാർഡ്
1	പി.സി. ദാമോദരൻ നമ്പൂതിരി	പ്രസിഡന്റ്	7
2	പി. കോയമോൻ ഹാജി	വൈ. പ്രസിഡന്റ്	6
3	കെ.കെ. മൊയ്തീൻകോയ ഹാജി	മെമ്പർ	1
4	സി. ചന്തുക്കുഞ്ഞൻ	,,	2
5	പി.ബാലകൃഷ്ണൻനായർ	,,	3
6	വി. ഉണ്ണിസാമി	,,	4
7	പി. വീരാൻകുട്ടിമാസ്റ്റർ	,,	5
8	എം. സത്യഭാമ	,,	8
9	കെ.എം ഉണ്ണീരി	,,	9
10	കെ.ചാത്തുക്കുട്ടി	,,	10
11	എം. കണ്ണൻ	,,	11

1988 ലെ ഭരണസമിതി

	പേര്	സ്ഥാനം	വാർഡ്
1	കെ. അബൂബക്കർ മൗലവി	പ്രസിഡണ്ട്	6
2	കെ.എ. ഖാദർ	പ്രസിഡണ്ട്	5
3	എ.സി. അംബുജാക്ഷി അമ്മ	പ്രസിഡണ്ട്	10
4	പി. ആലിക്കുഞ്ഞി	വൈ. പ്രസി.	2
5.	എം.സി. പാത്തുട്ടി	മെമ്പർ	1
6	എ.ജനാർദ്ദനൻ	,,	3
7	സി. ചോയി	,,	4
8	പി.കെ. രാധാകൃഷ്ണൻ	,,	7
9	പി. ചന്തുക്കുട്ടി	,,	8
10	വി.ടി. അച്ചുതൻ	,,	9
11	സി. ശ്രീധരൻ	,,	11
12	എം.കെ. നമ്പ്യാർ	,,	12

ആമുഖം

ജനകീയാസൂത്രണ പദ്ധതി

കേരക്ഷിരാഷ്ട്രീയത്തിന് അതീതമായ ഒരു വികസനസംസ്കാരം കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ട ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കിടയിൽ ജനകീയാസൂത്രണ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് പെട്ടെന്ന് വേരോട്ടം ലഭിച്ചു. അർപ്പണബുദ്ധ്യാ തുറന്ന മനസ്സോടെ ജനങ്ങൾ ഈ പരിപാടിയെ സ്വാഗതം ചെയ്തു.

96 സപ്തംബർ 3, 4, 5 തിയ്യതികളിൽ ചാത്തമംഗലം ആർ.ഇ.സി. ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നടന്ന ജനകീയാസൂത്രണ പദ്ധതി ജില്ലാതല പരിശീലന ക്യാമ്പോടെ തന്നെ ഈ പഞ്ചായത്തിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് സജീവത കൈവന്നു. സപ്തംബർ 8ന് പഞ്ചായത്ത് തലത്തിൽ നടത്തപ്പെട്ട ജില്ലാ റിസോഴ്സ് പേഴ്സൺ ഏകദിന ശിൽപശാല തുടക്കത്തിൽ നടത്തേണ്ട പരിപാടികൾ ചിട്ടപ്പെടുത്തി. സപ്തം. 9ന് നടത്തിയ ഉദ്യോഗസ്ഥരുടെ യോഗം 11ന് നടന്ന പഞ്ചായത്ത് സ്വാഗതസംഘരൂപീകരണ യോഗം 12ന് നടന്ന പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺ പരിശീലന ക്യാമ്പ് എന്നിവ പങ്കാളിത്തം കൊണ്ടും കാര്യക്ഷമതകൊണ്ടും വൻവിജയമായി. 17-ന് നടന്ന പഞ്ചായത്ത് തല സ്വാഗതസംഘം ഓഫീസ് ഉൽഘാടനവും 19, 20 തിയ്യതികളിൽ നടത്തപ്പെട്ട സർവ്വേകക്ഷി പ്രചാരണപരിപാടികളും സംസ്ഥാനതല ശ്രദ്ധ പിടിച്ചുപറ്റി. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ സ്വാഗതസംഘം ഓഫീസിന്റെ ഉൽഘാടനം നിർവ്വഹിച്ചത് മാളികപ്പൊയിൽ നല്ലമ്പരൻ എന്ന ഹരിജൻ കർഷകത്തൊഴിലാളിയാണ്.

പഞ്ചായത്ത് സ്വാഗതസംഘം ഓഫീസ് നല്ലമ്പരൻ ഉദ്ഘാടനം ചെയ്യുന്നു

പഞ്ചായത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കൾ അടങ്ങുന്ന വാഹന പ്രചരണജാഥയിൽ മുഴുവൻ പാർട്ടികളുടെയും കൊടികൾ കൂട്ടിക്കെട്ടിയത് ജനങ്ങളിൽ പൊതുവെ മതിപ്പും വിശ്വാസവും ഉളവാക്കി.

തുടക്കത്തിൽ സംഘടിപ്പിക്കപ്പെട്ട ചില വിശേഷാൽ ഗ്രാമസഭകളിൽ വേണ്ടത്ര ജനപങ്കാളിത്തം ലഭിച്ചിരുന്നില്ല. ആവശ്യകത ബോധ്യപ്പെടുത്തും വിധം പിന്നീടുള്ള പ്രവർത്തനപരിപാടികൾ ത്വരിതപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പിന്നീട് ചേർന്ന വിശേഷാൽ ഗ്രാമസഭകളിൽ നല്ല പങ്കാളിത്തം ലഭിക്കുകയുണ്ടായി.

സംസ്ഥാനതലത്തിൽ തന്നെ ഏറ്റവും കൂടുതൽ ജനപങ്കാളിത്തം ലഭിച്ച വിശേഷാൽ ഗ്രാമസഭകൾ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലാണ് നടന്നത് ശരാശരി പങ്കാളിത്തവും സംസ്ഥാനത്തിൽ ഒന്നാമതാണ്.

വിശേഷാൽ ഗ്രാമസഭകളിലെ പങ്കാളിത്തം

ക്രമ നമ്പർ	വാർഡ്	തീയതി	പങ്കാളിത്തം			പഞ്ചായത്ത് ആർ.പി.മാർ			ജില്ലാ ആർ.പി മാർ			ഉദ്യോഗസ്ഥർ			ജനപ്രതിനിധികൾ
			പെൺ	ആൺ	ആകെ	പെൺ	ആൺ	ആകെ	പെൺ	ആൺ	ആകെ	പെൺ	ആൺ	ആകെ	
1	I	21.9.96	46	128	174	-	6	6	-	4	4	3	1	4	8
2	XII	21.9.96	64	114	178	-	6	6	-	5	5	-	1	1	5
3	X	22.9 96	31	99	130	-	7	7	-	3	3	2	-	2	6
4	XI	22.9.96	12	152	164	-	6	6	1	2	3	1	2	3	5
5	XIII	22.9.96	10	121	131	-	6	6	-	4	4	2	2	4	5
6	II	28.9.96	49	101	150	-	13	13	1	6	7	1	-	1	6
7	IV	29.9.96	83	333	416	-	6	6	-	5	5	3	2	5	6
8	V	29.9.96	149	456	605	-	9	9	-	4	4	-	-	-	10
9	VI	2.10.96	191	323	514	-	10	10	-	3	3	1	4	5	7
10	VII	2.10.96	129	355	484	-	6	6	1	4	5	-	2	2	8
11	III	2.10.96	199	304	503	-	6	6	-	2	2	1	2	3	7
12	VIII	6.10.96	467	608	1075	-	7	7	-	5	5	-	5	5	8
13	IX	6.10.96	272	482	754	-	4	4	-	7	7	5	5	10	11
			1702	3576	5278										

ജനകീയാസൂത്രണപദ്ധതിയുടെ രണ്ടാം ഘട്ട പരിശീലനക്യാമ്പും ഒക്ടോബർ 21, 22, 23 തിയ്യതികളിൽ ചാത്തമംഗലം ആർ.ഇ.സി ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലാണ് നടന്നത്. ഈ ക്യാമ്പിലേക്കായി പഞ്ചായത്ത് വികസന റിപ്പോർട്ട് കരടുരൂപം തയ്യാറാക്കാൻ വിവിധ മേഖലയിലെ വിദഗ്ധരുടെ സഹകരണം ലഭിച്ചിട്ടുണ്ട്. ഒക്ടോ. 24-ന് ചേർന്ന പഞ്ചായത്തല സ്വാഗതസംഘയോഗം വികസനസെമിനാറിന്റെ പരിപാടികൾക്ക് രൂപം നൽകി. 30, 31 തിയ്യതികളിൽ മൂന്ന് സംഘങ്ങളായി പഠനയാത്ര നടത്തി.

നവം. ഒന്നിന് 40-ാം കേരളപ്പിറവി ദിനത്തിൽ പഞ്ചായത്തിലെ ഒന്നാം വാർഡ് പുള്ളനൂറിൽ നടത്തപ്പെട്ട പുനരർപ്പണദിനം ജില്ലാതല പരിപാടികൾ ഗ്രാമോത്സവമായി മാറി. പുള്ളനൂർ- കുറുങ്ങാട്ടക്കടവ് പാലം ലിങ്ക് റോഡ് നിർമാണം അന്നേദിവസം പൂർത്തീകരിക്കപ്പെട്ടു. ഇതോടെ ഇവിടെനിന്നും കൊടുവള്ളിയിലേക്കുള്ള ദൂരം 10 കി.മീ. കുറവു വന്നു.

വിശേഷ്ാൽ ഗ്രാമസഭകളുടെ ഉദ്ഘാടനം
സി.പി.ബാലൻവൈദ്യർ എം.എൽ.എ. നിർവ്വഹിക്കുന്നു.



ആമുഖം

ഗ്രാമപഞ്ചായത്ത്

കോഴിക്കോട് നഗരത്തിൽനിന്ന് 22 കി.മീറ്റർ കിഴക്കു സ്ഥിതിചെയ്യുന്ന ഗ്രാമമാണ് ചാത്തമംഗലം. 40.24 ച.കി.മീ. വിസ്തീർണമുള്ള ഈ പഞ്ചായത്തിലെ ജനസംഖ്യ 39196 ആണ്. ഇതിൽ 19849 സ്ത്രീകളും 5447 പട്ടികജാതി വിഭാഗക്കാരുമുണ്ട്.

കുന്നും മലയും, താഴ്വരയും നെൽപ്പാടങ്ങളും അടങ്ങിയതാണ് ഭൂപ്രകൃതി. പ്രധാനകൃഷി നെല്ല്, തെങ്ങ്, കവുങ്ങ്, നേന്ത്രവാഴ, കുരുമുളക്, റബ്ബർ എന്നിവയാണ്. ഭൂരിപക്ഷം ജനങ്ങളും ഇടത്തരക്കാരും താഴ്ന്ന വരുമാനക്കാരുമായ ഈ ഗ്രാമം ബ്രിട്ടീഷ് ഭരണത്തിനു മുമ്പ് നാടുവാഴി ഭരണത്തിൻ കീഴിലായിരുന്നു.

കോഴിക്കോട് മെട്രോ പോളിറ്റൻസിറ്റിയുടെ പരിധിയിൽ പെടുന്ന ഈ പഞ്ചായത്തിന്റെ കിഴക്ക് അതിർത്തിയിലൂടെ ഇരുവഴിഞ്ഞിപ്പുഴയും, തെക്ക് വടക്ക് പടിഞ്ഞാറ് അതിർത്തികളിലൂടെ ചെറുപുഴയും തെക്ക് അതിർത്തിയുമായി ബന്ധിച്ചു ചാലിയാറും ഒഴുകുന്നു.

ഈ പഞ്ചായത്തിൽ 142 കി.മീ. ചെമ്മൺ റോഡും 60 കി.മീ. ടാർ റോഡും, 8 കി.മീ. മെറ്റൽ റോഡും ഉണ്ട്. ഇതിൽ 48 കി.മീ. PWD റോഡുകളാണ്.

വിവിധ മതവിഭാഗങ്ങൾ തമ്മിൽ തികഞ്ഞ സൗഹൃദത്തോടെ ജീവിക്കുന്ന ഈ പഞ്ചായത്തിൽ 35 ക്ഷേത്രങ്ങളും കാവുകളും, 38 പള്ളികളും, 22 മദ്രസകളും, 2 ക്രിസ്ത്യൻ പള്ളികളുമുണ്ട്.

ഈ പഞ്ചായത്തിലെ വിദ്യാഭ്യാസനിലവാരം പൊതുവെ തൃപ്തികരമാണ്. 8 ഗവ: എൽ.പി. സ്കൂളുകളും 4 എയ്ഡഡ് എൽ.പി സ്കൂളുകളും 5 എയ്ഡഡ് യു.പി സ്കൂളുകളും 2 ഗവ: ഹൈസ്കൂളുകളും 4 അൺഎയ്ഡഡ് ഹൈസ്കൂളുകളും ഈ പഞ്ചായത്തിലുണ്ട്. ഗവ: ഹൈസ്കൂളിൽ ഒന്ന് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളാണ്. ഒരു അൺ എയ്ഡഡ് കോളേജ് ഉൾപ്പെടെ 6 പാരലൽ കോളേജുകൾ ഇവിടെ പ്രവർത്തിക്കുന്നു. കലിക്കറ്റ് റീജൺ എഞ്ചിനീയറിംഗ് കോളേജ്, സെന്റർ ഫോർ ഇലക്ട്രോണിക്സ് ഡിസൈൻസ് & ടെക്നോളജി (CEDT) എന്നീ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിന്റെ അഭിമാനമാണ്.

പ്രാഥമികാരോഗ്യകേന്ദ്രം, ചൂലൂർ, ആയുർവേദ ഡിസ്പെൻസറി വെള്ളനൂർ, ഹോമിയോ ഡിസ്പെൻസറി നായർകുഴി എന്നിവയാണ് ഈ പഞ്ചായത്തിലുള്ള സർക്കാർതല ചികിത്സാ കേന്ദ്രങ്ങൾ. ദയാപുരത്ത് ഒരു സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നു.

ഒരു ടെലഗ്രാഫ് ഓഫീസ്, ഒരു ടെലഫോൺ എക്സ്ചേഞ്ച്, ആറ് പോസ്റ്റ് ആപ്പീസുകൾ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ശാഖ, ഒരു സർവ്വീസ് സഹകരണ ബാങ്ക്, കൃഷിഭവൻ, മൃഗാശുപത്രി, ക്ഷീരോല്പാദക സഹകരണസംഘം, കേരള വാട്ടർ അതോറിറ്റി ഹെഡ് വർക്സ് സെക്ഷൻ പ്ലാന്റ്, സബ് റജിസ്ട്രാപ്പീസ്, മാവേലി സ്റ്റോർ എന്നവയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലയിലെ ഏറ്റവും വലിയ കോഴിവളർത്തൽ കേന്ദ്രമായ റീജ്യണൽ പോൾട്രി ഫാം ചാത്തമംഗലത്താണ്. ഇതിൽ ചാത്തമംഗലം സബ്റജിസ്ട്രാപ്പീസ് 1906-ൽ സ്ഥാപിക്കപ്പെട്ടതാണ്.

സാസ്കാരികരംഗത്ത് മികച്ച സേവനങ്ങൾ അർപ്പിച്ച പഞ്ചായത്താണ് ചാത്തമംഗലം. 1944-ൽ സ്ഥാപിക്കപ്പെട്ട ചാത്തമംഗലം പൊതുജനവായന ശാല തുടങ്ങി കേരള ഗ്രന്ഥശാല അംഗീകരിച്ച 5 ലൈബ്രറികളും അംഗീകാരമില്ലാത്ത 5 ലൈബ്രറികളും ഇവിടെ പ്രവർത്തിക്കുന്നു. അരയങ്കോടുള്ള പഞ്ചായത്ത് സാംസ്കാരികനിലയത്തിനൽ പഞ്ചായത്ത് വക ഒരു ഗ്രന്ഥശാല ആരംഭിച്ചിട്ടുണ്ട്. 27 കലാസമിതികളുള്ളതിൽ 6 എണ്ണം കേരള സംഗീത അക്കാദമിയുടെ അംഗീകാരമുള്ളവയാണ്.

ചെറുപുഴക്ക് ചെത്തുകടവിൽ 1961 ഒക്ടോബർ 2-ന് അന്നത്തെ സംസ്ഥാന ഗവർണറായിരുന്ന പരേതനായ മുൻരാഷ്ട്രപതിയായ ശ്രീ. വി.വി. ഗിരി ഉൽഘാടനം ചെയ്ത മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് സ്മാരക ബ്രിഡ്ജോടുകൂടിയാണ് ഈ പഞ്ചായത്തിൽ ഗതാഗതരംഗം പുരോഗതി പ്രാപിച്ചത്. വെള്ളനൂരിൽ താമരപ്പൊയ്ക പ്രസിദ്ധമാണ്. പ്രഗത്ഭരായ രണ്ട് ജ്യോതിശാസ്ത്രപണ്ഡിതന്മാർ ഈ പഞ്ചായത്തിലുണ്ട്. അരീക്കുളങ്ങര സോമൻ പണിക്കരും കോരമ്പറ്റ നാരായണൻ നമ്പൂതിരിയും.

പഞ്ചായത്ത്

1956 സപ്തംബർ 24-നാണ് ചാത്തമംഗലം ഗ്രാമ പഞ്ചായത്ത് നിലവിൽവന്നത്. ചാത്തമംഗലം റവന്യൂ വില്ലേജ് പ്രദേശങ്ങൾ മാത്രമായിരുന്ന അന്നത്തെ പഞ്ചായത്തിൽ 7 വാർഡുകളാണ് ഉണ്ടായിരുന്നത്. പിന്നീട് 63-ൽ പൂളക്കോട്, ചൂലൂർ എന്നീ റവന്യൂ അംശങ്ങൾ കൂടി ചേർത്തു എട്ട് വാർഡുകളുണ്ടാക്കി.

എം.സി. നാരായണനുണ്ണി നായരായിരുന്നു ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട്. മാക്കിൽ അഹമ്മദാജി വൈസ് പ്രസിഡണ്ടും, മഠത്തിൽ മാധവൻനായർ പുനത്തും പുറത്ത് അഹമ്മദാജ്, പാലാട്ടു മ്മൽ അബൂബക്കർ ഹാജി, പൊയ്യേരി ഇമ്പിച്ചിക്കേളു, എം. പെരച്ചൻ മാസ്റ്റർ, പൂളിക്കുഴി സുകുമാരൻ എന്നിവർ അംഗങ്ങളായിരുന്നു.

വോട്ടർമാർ കൈപൊക്കി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുത്തിരുന്ന സമ്പ്രദായം മാറ്റി 1963 ഡിസംബർ 23 നാണ് ബാലറ്റ് അടിസ്ഥാനത്തിൽ ആദ്യത്തെ തെരഞ്ഞെടുപ്പ് നടന്നത്.ബാലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പ്രസിഡന്റ് പി.സി. ദാമോദരൻ നമ്പൂതിരിയും വൈ.പ്രസിഡന്റ് പി. അബൂബക്കർ ഹാജിയുമായിരുന്നു. കെ. ഗംഗാധരൻനായർ, കെ.പി. പത്മനാഭൻ, ടി.രാമുട്ടി, എ.സി. മുഹമ്മദാജി, എം.കണ്ണൻ എളമ്പിലാശ്ശേരി അബ്ദുള്ള എന്നിവരായിരുന്നു മെമ്പർമാർ. കിഴക്കുളത്തിൽ കാർത്ത്യായനി അമ്മ നോമിനേറ്റ് ചെയ്യപ്പെട്ട വനിതാ അംഗമായിരുന്നു. 1979-ൽ 11 പഞ്ചായത്ത് വാർഡുകളായി വിഭജിച്ചു.1980-ൽ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളെ ഗ്രൂപ്പ് തിരിക്കുന്ന സമ്പ്രദായം നിലവിൽവന്നപ്പോൾ ചാത്തമംഗലം സ്പെഷൽ ഗ്രേഡ് പഞ്ചായത്തായി ഉയർത്തപ്പെട്ടു.

1969 സപ്തംബർ 16-ന് അന്നത്തെ വകുപ്പ് മന്ത്രി പരേതനായ കെ. അവുക്കാദർകുട്ടി നഹ പഞ്ചായത്താപ്പീസിലെ വലിയപൊയിലിലുള്ള സ്വന്തം കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. 1988-ൽ പഞ്ചായത്തിൽ 12 വാർഡുകളും 1995-ൽ 13 വാർഡുകളും ഉണ്ടായി.കെട്ടാങ്ങലിൽ സ്വന്തം ഫണ്ടുപയോഗിച്ച് നിർമ്മിച്ച ഇരുനില കെട്ടിടത്തിൽ 27.7.96 മുതൽ പഞ്ചായത്താപ്പീസ് പ്രവർത്തിച്ചുവരുന്നു. ●

വീട്ടിൽ നിത്യോപയോഗത്തിനുള്ള വസ്തുക്കളിൽ ഏതെങ്കിലും തന്നെ മുൻ കാലങ്ങളിൽ ഗ്രാമീണർ നിർമ്മിക്കുന്നവയിൽ പെടാത്തവയായി ഉണ്ടായിരുന്നില്ല ഇപ്പോഴും അവർക്ക് അവ ഉണ്ടാക്കാൻ കഴിയും.

മഹാത്മ.



പൊതു വിവരണം

പഞ്ചായത്തിന്റെ പേര്	:	ചാത്തമംഗലം ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	പൂളക്കോട്, ചാത്തമംഗലം
വാർഡുകൾ	:	13
ബ്ലോക്ക് പഞ്ചായത്ത്	:	കുന്ദമംഗലം
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	ചാത്തമംഗലം, പാഴൂർ
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	കുന്ദമംഗലം
താലൂക്ക്	:	കോഴിക്കോട്
ജില്ല	:	കോഴിക്കോട്
അസംബ്ലി മണ്ഡലം	:	കുന്ദമംഗലം
പാർലമെന്റ് നിയോജകമണ്ഡലം	:	മഞ്ചേരി
വിസ്തീർണം	:	40.24 ച.കി.മീ.
ജനസംഖ്യ	:	39196
സ്ത്രീകൾ	:	19849
പട്ടികജാതി	:	5447

അതിരുകൾ :

കിഴക്ക്	:	ഇരുവഴിഞ്ഞിപ്പുഴ,മുക്കം പഞ്ചായത്ത്
തെക്ക്	:	ചെറുപുഴ, ചാലിയാർ, മാവൂർ പഞ്ചായത്ത്
പടിഞ്ഞാറ്	:	ചെറുപുഴ
വടക്ക്	:	ചെറുപുഴ, ഓമശ്ശേരി പഞ്ചായത്ത്
ജില്ലാ പഞ്ചായത്ത് മെമ്പർ	:	കെ. അബൂബക്കർ മൗലവി (കുന്ദമംഗലം ഡിവിഷൻ)
ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ	:	1. ഇ. രമേശ്ബാബു (ചാത്തമംഗലം ഡിവിഷൻ)
		2. കെ.സി.ഇസ്മായിൽ (പാഴൂർ ഡിവിഷൻ)

ഈ പഞ്ചായത്തിലെ 6-13 വാർഡ് മാവൂർ ബ്ലോക്ക്, ജില്ലാ ഡിവിഷനിൽ ഉൾപ്പെടുന്നു.

പഠന പര്യടനം

ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ഓരോ പ്രദേശത്തിന്റേയും ഭൂമിയുടെ കിടപ്പ്, മൺതരം, സസ്യാവരണം, ജലലഭ്യത പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയവ നേരിൽ മനസ്സിലാക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ഗ്രാമപഞ്ചായത്തംഗങ്ങൾ, റിസോഴ്സ് പേഴ്സൺസ്, വിദഗ്ധർ എന്നിവരടങ്ങിയ മൂന്ന് പഠന സംഘങ്ങൾ പഞ്ചായത്തിൽ തലങ്ങും വെലങ്ങും പര്യടനം നടത്തുകയുണ്ടായി.

പര്യടന സംഘത്തിന് ആവശ്യമായ സഹകരണം നൽകുന്നതിൽ ഗ്രാമവാസികൾ പ്രത്യേകം ആവേശം പ്രകടിപ്പിച്ചു. പ്രായം ചെന്നവരിൽ നിന്ന് വിലപ്പെട്ട വിവരങ്ങളാണ് ലഭിച്ചത്.

കുന്നും, ചരിവും, നിരപ്പും, വയലും ഇടകലർന്നതാണ് നമ്മുടെ ഭൂപ്രകൃതി. മൺ തരങ്ങൾ പൊതുവെ കൃഷിയോഗ്യമാണ്. ഏകദേശം ഇരുപതു വർഷം മുമ്പുണ്ടായിരുന്ന വിവിധതരം വിളകളിൽ പലതും ഇന്ന് നാമാവശേഷമായിട്ടുണ്ട്. ഒട്ടേറെ ഇടവിളകൾ കൊണ്ട് സമൃദ്ധമായിരുന്നു നമ്മുടെ പ്രദേശങ്ങൾ. ദീർഘകാല വിളകളിലേക്ക് താൽപര്യം വർധിപ്പിച്ചുവരികയാണ്. തരിശിട്ട സ്ഥലങ്ങളും ഉണ്ട്. നെൽപ്പാടങ്ങളിൽ തെങ്ങും കവുങ്ങും വളർന്നുവരുന്ന കാഴ്ച കാർഷിക രംഗത്തെ വെല്ലുവിളിയാണ്. നെൽവയലുകൾ നികത്തി വീടുകൾ നിർമ്മിക്കുന്ന പ്രവണതയും തിരുത്തപ്പെടേണ്ടതുണ്ട്. കാഴ്ചപ്പാടില്ലാത്തതും ക്രമം തെറ്റിയതും അശാസ്ത്രീയവുമായ ഇന്നത്തെ ഭൂവിനിയോഗ രീതിക്ക് മാറ്റം വരണം.

പഞ്ചായത്തിലെ പല പ്രദേശങ്ങളിലും വേനലിൽ കടുത്ത വരൾച്ചയനുഭവപ്പെടുന്നുണ്ട്. ജലലഭ്യത പൊതുവെ ഭാഗികമാണ്. അമ്പതു വർഷത്തോളം തീരെ വററിയിട്ടില്ലാത്ത് പല കിണറുകളും കഴിഞ്ഞ അഞ്ചുവർഷത്തിനപ്പുറം വേനലിൽ വറ്റിപ്പോകുന്നതായി പഴമക്കാർ പറഞ്ഞു. കുളങ്ങളും മറ്റു ജല സ്രോതസ്സുകളും ശാസ്ത്രീയമായി പരിരക്ഷിക്കപ്പെടുന്നില്ല.

പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച അവബോധം വേണ്ടത്ര വളരാത്തതിന്റെ കുറവ് പലേടങ്ങളിലും പ്രകടമാക്കുന്നുണ്ട്. ഭൂമിയുടെ തരം മാറ്റിമറിക്കലും വൃക്ഷങ്ങളുടെ വർദ്ധിച്ച നശീകരണവും മണ്ണൊലിപ്പുമെല്ലാം ഈ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ ഭാഗികമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന പരിതസ്ഥിതി പ്രശ്നങ്ങളാണ്.

പഠനപര്യടനം 1 (പടിഞ്ഞാറ്- കിഴക്ക്) ചെത്തുകടവ്- പരുത്തൊയിൽ

ഭൂപ്രകൃതി	സമതലം	ചെരിവ്	ചെറിയ കുന്ന്	താഴ്വര	കുന്ന്	താഴ്വര	ഉയർന്ന പ്രദേശം	താഴ്വര	ഉയർന്ന പ്രദേശം	ചെറിയ കുന്ന്
മൺതരം	മണ്ണ് കലർന്ന മണ്ണ്	ചരൽ കലർന്ന ചെമ്മണ്ണ്	ചരൽ മണ്ണ്	വയൽ	കരുപ്പ് കലർന്ന മണ്ണും പാറകെട്ടും	ചെമ്മൺ	ചെങ്കൽ മണ്ണ്	വയൽ	ചെമ്മൺ	ചെമ്മൺ
സസ്യാവരണം	തെങ്ങ് കവുങ്ങ് ഫലവൃക്ഷം വാഴ.	തെങ്ങ് കവുങ്ങ് ഫലവൃക്ഷം	തെങ്ങ് കവുങ്ങ് ഫലവൃക്ഷം ചേന ചേമ്പ് വാഴ	തെങ്ങ് കവുങ്ങ് നെല്ല് വാഴ	തെങ്ങ് പട്ടുമരങ്ങൾ	മരങ്ങൾ കുറ്റിക്കാട്	തെങ്ങ് അടയ്ക്കുമരം ചേന വാഴ കരനെൽകൃഷി	തെങ്ങ് അടയ്ക്കുമരം.	തെങ്ങ് ഫലവൃക്ഷങ്ങൾ കപ്പ.	തെങ്ങ് ഫലവൃക്ഷം കരനെൽകൃഷി കപ്പ വാഴ
ജലലഭ്യത	ഭാഗികം	മേടുകളിൽ വരൾച്ച	ഭാഗികം	തൃപ്തികരം	സ്ഥിരം നീരുറവ പ്രദേശം	ഭാഗികം	ഭാഗികം	തൃപ്തികരം	തൃപ്തികരം	തൃപ്തികരം
പരിസ്ഥിതി	മണ്ണൊലിപ്പ്	ഭാഗിക മായിട്ടുള്ള മണ്ണൊലിപ്പ്		വയൽ നികത്തൽ						

പഠന പര്യടനം 2 (വടക്ക്- തെക്ക്) പുള്ളാവൂർ- മുഴാപ്പാലം

ഭൂപ്രകൃതി	ചെരിഞ്ഞ സമതലം	വയൽ	ചെരിഞ്ഞ സമതലം	കുന്ന്	ചെരിവ്	സമതലം	കുന്നിൻ മുകൾ	ചരിവ്	വയൽ
മൺതരം	ചെമ്മൺ	ചെളി	ചെമ്മൺ	ചെങ്കൽ കലർന്ന മണ്ണ്	ചെമ്മൺ	ചെമ്മൺ	ചെങ്കല്ല്	ചെമ്മൺ	ചെളി.
സസ്യാവരണം	തെങ്ങ് കവുങ്ങ് ഫലവൃക്ഷം	നെല്ല്	തെങ്ങ് റബ്ബർ കവുങ്ങ്	തെങ്ങ്, റബ്ബർ കവുങ്ങ്, ഫല-വൃക്ഷങ്ങൾ.	റബ്ബർ തെങ്ങ്	തെങ്ങ് കവുങ്ങ് ഫലവൃക്ഷ-ങ്ങൾ	കുറ്റിച്ചെടികൾ	തെങ്ങ് കവുങ്ങ്	നെല്ല് വാഴ.
ജലലഭ്യത	ഭാഗികം	തൃപ്തി-കരം	ഭാഗികം	ഭാഗികം	ഭാഗികം	തൃപ്തികരം	വരൾച്ച	തൃപ്തി-കരം	തൃപ്തികരം
പരിസ്ഥിതി	ഭാഗികമായ മണ്ണൊലിപ്പ്		കരിങ്കൽ പൊട്ടിക്കൽ		ഭാഗികമായ മണ്ണൊലിപ്പ്		ചെങ്കല്ല് പാറപൊട്ടിക്കൽ.		

പഠന പര്യടനം - 3. (തെക്ക് - വടക്ക്) ക്ലൂമാട് - വെണ്ണക്കോട്

ഭൂപ്രകൃതി:	സമതലം	ചരിവ്	നിരപ്പ്	കുന്ന്	നിരപ്പ്	ചരിവ്	വയൽ	കുന്ന്	ചരിവ്	നിരപ്പ്	ചരിവ്	വയൽ	ചെറിയ ചരിവ്	വയൽ
മണ്ണിനം:	മണൽ കലർന്ന മണ്ണ്.	ചരൽ മണ്ണ്.	ചെങ്കൽ മണ്ണ്	ചെങ്കൽ മണ്ണ്	ചെ ന്മണ്	ചെ ന്മണ്	ചെളി മണ്	ചെങ്കൽ മണ്ണ്	ചരൽ മണ്ണ്	ചെന്മണ്	ചെന്മണ്	ചെളി മണ്	ചരൽ മണ്ണ്	ചെളി മണ്ണ്.
സസ്യാവരണം:	തെങ്ങ് കവുങ്ങ് ഫലവൃക്ഷങ്ങൾ	തെങ്ങ് കവുങ്ങ് കുരുമുളക് കശുമാവ്	കശുമാവ് റബ്ബർ തെങ്ങ്	റബ്ബർ കശു മാവ് കൗപ്പ് ചെടിക്കം	തെങ്ങ് റബ്ബർ	ഫലവൃക്ഷങ്ങൾ പടുമരങ്ങൾ	നെല്ല് വാഴ ഇഞ്ചി	തെങ്ങ്, കൈത, ഇഞ്ചി, വാഴ, ഫലവൃക്ഷങ്ങൾ	കുരോലിം, ക്രൗക്കൽ	തെങ്ങ് കവുങ്ങ് കൈത കപ്പ	തെങ്ങ് കവുങ്ങ് കപ്പ	നെല്ല് കവുങ്ങ്	തെങ്ങ്, പന, പച്ച കറി, ഇഞ്ചി, കപ്പ	തെങ്ങ്, വാഴ, കുരുമുളക്, മഞ്ഞൾ ഇഞ്ചി.
ജൂല ലക്ഷ്യം:	ഉപ്പുവെള്ളം	ഭാഗികമായി ഉപ്പുബാധ	തൃപ്തികരം	തൃപ്തികരം	ഭാഗികമായി ജൂലക്ഷ്യമാം		തൃപ്തികരം.	വേനലിൽ ക്ഷാമം.	തൃപ്തികരം	ഭാഗികം	ഭാഗികം	തൃപ്തികരം	ഭാഗികം	തൃപ്തികരം.
പരിസ്ഥിതി:	മണ്ണൊലിപ്പ്, വായു ജല മലിനീകരണം	വായു മലിനീകരണം	—	—	പൊതിൻ മണ്ണിട്ട് നികത്തൽ	—	മണ്ണിടുനികത്തൽ	—	—	—	കരിമ്പാറ പൊടിക്കൽ.	—	—	—

പുനരർപ്പണദിനം ജില്ലാതല ഉദ്ഘാടനം (ഘോഷയാത്ര)

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാഞ്ഞിക്കാവ് കുഞ്ഞികൃഷ്ണൻ, ജില്ലാ കലക്ടർ യു.കെ.എസ്.ചൗഹാൻ എന്നിവർ നയിക്കുന്നു.

കൃഷിയും ജലസേചനവും

കൃഷി

ഒരു കാർഷിക ഗ്രാമമാണ് ചാത്തമംഗലം. കൂടുതൽ ഭൂമിയും ചരിഞ്ഞ സമതലങ്ങളാണ്. 30% നെൽവയലുകളും കുറച്ച് ഉയർന്ന കുന്നിൻ പ്രദേശവുമാണ്. ചെങ്കൽ-കരിങ്കൽ പാറയും അങ്ങിങ്ങായി കാണാം. ചരിഞ്ഞ സമതലത്തു തെങ്ങും, ഉയർന്ന പ്രദേശങ്ങളിൽ കശുമാവ് റബ്ബർ എന്നിവയും കൃഷി ചെയ്യുന്നു. വയലുകളിലെ പ്രധാന കൃഷി നെല്ലാണെങ്കിലും മൊത്തം വിസ്തൃതിയിൽ 15 ശതമാനം മാത്രമേ നെൽകൃഷി ചെയ്യുന്നുള്ളൂ.

ജന്മി-കുടിയാൻ ബന്ധങ്ങളിൽ ഭൂപരിഷ്കരണം വരുത്തിയ മാറ്റത്തോടെ കർഷക കുടുംബങ്ങൾ ഭൂമിയിൽ ചെലുത്തിയ സമ്മർദ്ദഫലമായി കാർഷിക മേഖലയിൽ പഴയ കാലങ്ങളെ അപേക്ഷിച്ചു മുന്നേറ്റം ഉണ്ടായെങ്കിലും ആധുനിക രീതിയിലുള്ള കൃഷി സമ്പ്രദായം സാർവ്വത്രികമാകാത്ത കാരണം ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. മുൻകാലങ്ങളിൽ സാർവ്വത്രികമായി കണ്ടിരുന്ന ഇടവിളകൾ കൃഷിഇടങ്ങളിൽ നിന്നും പാടെ അപ്രത്യക്ഷമായിരിക്കുന്നു. വയലുകളിൽ വാഴകൃഷി വ്യാപകമായതും ധാരാളം വയലുകൾ കവുകുതോട്ടങ്ങളായി മാറ്റിയതും ആഭ്യന്തര നെല്ലുല്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ചുടുകട്ട വ്യവസായത്തിനായി വയലുകളിൽ നിന്നും ഗണ്യമായി മണ്ണെടുത്തു മാറ്റിയതും വയലുകൾ ധാരാളമായി നികത്തിയതും ഉല്പാദനം കുറയാൻ കാരണമായി. കർഷകർ മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. ജലസേചനസൗകര്യങ്ങൾ പരിമിതമാണ്. മുഖ്യവിളകൾ തെങ്ങ്, കമുക്, നെല്ല്, വാഴ എന്നിവയാണ്.

കൃഷിഭവനിലെ കണക്കനുസരിച്ച് പഞ്ചായത്തിൽ 282886 കായ്ക്കുന്ന തെങ്ങുകൾ ഉണ്ടെന്നു കണ്ടെത്തിയിട്ടുണ്ട്. ഇത്രയും തെങ്ങുകളുടെ ഇടയിലുള്ള ഭൂമി ഭൂരിഭാഗവും തരിശായി കിടക്കുന്ന അവസ്ഥയാണുള്ളത്. ഇടവിളകളായി കിഴങ്ങുവർഗ്ഗങ്ങളും കുരുമുളകും കൃഷിയിറക്കുവാൻ

വിള വിസ്തീർണ്ണവും ഉൽപാദനവും

	വിള	വിസ്തീർണ്ണം	ഉല്പാദനം	ഉൽപാദനക്ഷമത
1	നെല്ല് 1-ാം വിള	75 ഹെ.	114750	1530
2	" 2-ാം വിള	200 "	388000	1940
3	" 3-ാം വിള	6 "	11040	1840
4	പയർ	10 "	24000	2400
5	എള്ള്	2 "	800	400
6	പച്ചക്കറികൾ	15 "	-	-
7	തെങ്ങ്	2025 "	12757500	6300 എണ്ണം
8	വാഴ	60 "	1225125	18000
9	മനച്ചീനി	25"	362500	14500
10	കുരുമുളക്	55 "	-	-
11	കശുമാവ്	30 "	90000	3000
12	റബ്ബർ	53 "	65190	1230
13	കവുങ്ങ്	15"	50805	3387

സാദ്ധ്യതകൾ ഏറെയുണ്ട്.

ഉല്പാദന ക്ഷമതയുടെ കാര്യത്തിൽ നമ്മൾ സംസ്ഥാന ശരാശരിക്കും താഴെയാണ്. ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതയും ശാസ്ത്രീയ കൃഷിരീതിയുടെ അഭാവവുമാണ് ഇതിന് കാരണം. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യതകുറവും പരമ്പരാഗത വിത്തിനങ്ങളുടെ തിരോധാനവും ഉല്പാദനചെലവിൽ വന്ന വർദ്ധനവും നെൽകൃഷിയെ ദോഷകരമായി ബാധിച്ചു. 209 കിണറുകളിൽ പമ്പുസെറ്റുകൾ സ്ഥാപിച്ച് കർഷകർ ജലസേചനം നടത്തുന്നുണ്ടെങ്കിലും ഇടമഴ കുറയുന്നകാരണത്താൽ വേനൽക്കാലങ്ങളിൽ വെള്ളം പമ്പ് ചെയ്യാനാവുന്നില്ല.

ചാത്തമംഗലം ആഴ്ച ചന്തയുടെ പ്രൗഡി നഷ്ടമായതോടെ പഞ്ചായത്തിലെ കാർഷികോൽപ്പാദനങ്ങൾ അയൽ പ്രദേശങ്ങളിലും കോഴിക്കോട് പട്ടണത്തിലും കൊണ്ടുപോയി ക്രയവിക്രയം നടത്തേണ്ടിവരുന്നു. ഇങ്ങനെ വിൽപ്പന നടത്തുമ്പോൾ 15 മുതൽ 20 ശതമാനം വരെ ഇടത്തട്ടുകാർ തട്ടിയെടുക്കുന്നു.

പഞ്ചായത്തിലെ 37 ശതമാനം കൃഷിക്കാരും ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ളവരാണ്. ഒരു ഹെക്ടർ മുതൽ 2 ഹെ. വരെ 3.02 ശതമാനവും. 4 ഹെക്ടറിന് മുകളിൽ ഭൂമിയുള്ളവർ 0.8 ശതമാനവുമാണ്. വിശദവിവരങ്ങൾ താഴെ പട്ടികയിൽ ചേർത്തിട്ടുണ്ട്.

മഴയുടെ കഴിഞ്ഞ 10 വർഷത്തെ കണക്ക് (മി.മീറ്ററിൽ)

വർഷം	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ഓഗസ്റ്റ്	സെപ്റ്റംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
1986	3.2	-	8.6	56.2	500.6	1006.5	399.6	419.9	210.6	138.2	312	-
1987	-	-	-	7.8	139.2	830.8	401	350.4	184	225	238.1	19.8
1988	-	-	14.6	89.6	283.8	654.1	663.8	530	415.5	69.6	71.1	73.0
1989	-	-	0.8	59.4	242.3	920.4	475.1	365.2	213.8	216.2	55.2	1.4
1990	11	-	-	-	592.9	537.9	705.1	331.1	71.3	356.1	112.8	-
1991	-	-	3.4	61.6	34.2	1002.0	1001.1	593.9	14.7	336.7	91.8	-
1992	-	-	-	19.0	161.4	918.9	895.5	592.6	244.6	349	193.5	-
1993	-	-	- 16.4	210.3	737.6	836.4	352.4	52.5	307.8	104.8	65.2	
1994	-	-	-	138.7	109	1035.3	1348.0	484.5	200.6	432.8	71.2	8.6
1995	1.6	-	10.8	59.8	198.7	717.4	716	463.4	267.8	168.5	112.6	-
1996	-	1.0	47.6	32.8	64.2	719.8	723.6	339.6	381.4	289.8	20.2	-

നമ്പർ	തരം	എണ്ണം	വിസ്തീർണ്ണം (ഹെക്ടർ)
1	1 ഹെക്ടറിൽ താഴെ	5910	2379
2	1 ഹെ. മുതൽ 2 ഹെ. വരെ	588	648
3	2 ഹെ. മുതൽ 4 ഹെ. വരെ	216	604
4	4 ഹെക്ടറിന് മുകളിൽ	56	263
	ആകെ	6770	3894

കാർഷിക ജനസംഖ്യയിൽ 17 ശതമാനം കാർഷകതൊഴിലാളികളാണ്. കൃഷിഭൂമിയിൽ സ്വന്തമായി അധ്വാനിക്കുന്നവർ 25 ശതമാനത്തോളം വരും.

തൊഴിലാളികളുടെ കൂലിനിരക്ക്

നമ്പർ		നിലവിലുള്ള കൂലി (രൂപ)	
		ആൺ	പെൺ
1	കന്നുപൂട്ട്	150	
2	കിളക്കൽ	100	
3	ഞാറുനടീൽ		65
4	കള പറിക്കൽ		65
5	കൊയ്ത്തും മെതിയും	100	65
6	തെങ്ങു കയറ്റം (തെങ്ങൊന്നിന്)	2	
7	റബ്ബർ വെട്ടൽ	105	
8	കീടനാശിനി തളിക്കൽ	100	

ആധുനിക കൃഷി രീതി ഇവിടെ സാർവത്രികമായി തീർന്നിട്ടില്ലെങ്കിലും രാസവള- കീടനാശിനി പ്രയോഗം കൃഷിക്ക് ഉപയോഗപ്പെടുത്തുന്നുണ്ട്. വിശദവിവരങ്ങൾ പട്ടികയിൽ (Pg.36) ചേർക്കുന്നു.

ചാത്തമംഗലം പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

മണ്ണിന്റെ ഘടനയും സ്വഭാവവും അറിഞ്ഞു കൊണ്ടുള്ള നവീന കൃഷിരീതി കർഷകന് ആവശ്യമാണ്. മണ്ണിന്റെ ഗുണനിലവാരം സംബന്ധിച്ചുള്ള വിവരങ്ങൾ കർഷകന് അജ്ഞാതമാണ്.

ഉല്പന്നങ്ങൾക്ക് ന്യായവിലയും വിപണന സൗകര്യവും ലഭ്യമല്ല.

തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകളുടെ അഭാവം.

ഉല്പാദന ചെലവിന്റെ വർദ്ധനവ് കാരണം കൃഷി ലാഭകരമല്ല. ഇത് കൃഷിയും തൊഴിലവസരങ്ങളും കുറയാൻ ഇടയാക്കി. കാർഷിക മേഖലയിൽ ജോലി ചെയ്തിരുന്നവർ താരതമ്യേന ഉയർന്ന കൂലി കിട്ടുന്ന തൊഴിൽ മേഖലകളെ തേടിപ്പോയത് കാർഷിക തൊഴിലാളികളുടെ എണ്ണത്തിൽ കുറവുവരുത്തി.

മഴയെ ആശ്രയിച്ചു മാത്രമാണ് കൃഷി. ജലസേചന സൗകര്യങ്ങൾ ഇല്ല.

പഞ്ചായത്തിലെ ജലസ്രോതസ്സുകൾ ശരിയായി സംരക്ഷിക്കപ്പെടുന്നില്ല.

ഇടത്തരം സാങ്കേതിക കാർഷികോപകരണങ്ങൾ ലഭ്യമാവുന്നില്ല.

അത്യുല്പാദന ശേഷിയുള്ള വിത്തുകളും നടീൽ വസ്തുക്കളും കിട്ടുന്നില്ല. കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന ഇത്തരം വസ്തുക്കൾ പരിമിതമാണ്. ഉള്ളത് തന്നെ ആവശ്യമായ സമയത്തല്ല ലഭിക്കുന്നത്.

ജൈവവളത്തിന്റെ അഭാവം.

സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി വിതരണം ചെയ്യുന്ന തൈകൾ നമ്മുടെ കാലാവസ്ഥക്കും മണ്ണിനും അനുയോജ്യമല്ല. ഇത് മണ്ണിന്റെ ഘടനയെ മാറ്റിമറിക്കുന്നു.

ചാത്തമംഗലം സർവ്വീസ് സഹകരണ ബേങ്ക്, SBI (REC) എന്നിവയാണ് കർഷകർക്ക് വായ്പ നൽകുന്ന കേന്ദ്രങ്ങൾ. ഈ സ്ഥാപനങ്ങൾ തികച്ചും അപര്യാപ്തമാണ്.

വയലിൽ നിന്നും മണ്ണെടുത്ത് മാറ്റുന്നതും മണ്ണിട്ട് നികത്തുന്നതും നെൽകൃഷിയെ തകർക്കുന്നു.

കർഷകർക്ക് തത്സമയത്ത് ആവശ്യമായ

ജൈവവളം, രാസവളം, കീടനാശിനികൾ എന്നിവയുടെ ലഭ്യത കുറവുണ്ട്.

കാർഷികാവശ്യത്തിന് വൈദ്യുതി ലഭിക്കാൻ താമസം നേരിടുന്നു.

നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ പാടശേഖരങ്ങളിൽ കൂട്ടുകൃഷി സമ്പ്രദായം ഏർപ്പെടുത്തുക. (മുട്ടയം, വെള്ളനൂർ, കൂഴക്കോട്, ചൂലൂർ, സങ്കേതം, നായർകുഴി, നെച്ചൂളി തുടങ്ങിയ ഭാഗങ്ങൾ)

കാർഷികോത്പന്നങ്ങൾക്ക് സംഭരണ കേന്ദ്രവും സംസ്കരണ-വിപണന കേന്ദ്രവും ആരംഭിക്കുക.

ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം തുടങ്ങിയ ഉപകരണങ്ങൾ പഞ്ചായത്ത് മുഖേന വാടകക്ക് ലഭ്യമാക്കുക.

മണ്ണുപരിശോധനാ സൗകര്യം ഏർപ്പെടുത്തുക.

ഭൂപണയ ബേങ്കിന്റെ ശാഖ ലഭ്യമാക്കുക.

മണ്ണെടുക്കുന്നതും വയൽ നികത്തുന്നതും തടയുക.

പഞ്ചായത്ത് തലത്തിൽ നഴ്സറി സ്ഥാപിക്കുക.

നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗം തുടങ്ങിയ വിത്തുകൾവിതരണം നടത്തുക.

പൂവ്, കൂൺ, മുരിങ്ങ, പപ്പായ തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

കാർഷികാവശ്യത്തിന് വൈദ്യുതി ലഭിക്കാനുള്ള താമസം ഒഴിവാക്കുക.

കൃഷിനാശം സംഭവിച്ചവർക്ക് അർഹമായ നഷ്ട പരിഹാരം നൽകുക.

ഔഷധ സസ്യങ്ങൾക്ക് സബ്സിഡിയോട് കൂടിയ ധനസഹായം ആവശ്യമാണ്.

രാസവള കേന്ദ്രങ്ങളിൽ ഓരോ കൃഷിക്കും ആവശ്യമായ വളത്തിന്റെ തോതും വിലനിലവാരവും പ്രദർശിപ്പിക്കണം.

കർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ ലളിതമായ വ്യവസ്ഥയിൽ വായ്പകൾ ലഭ്യമാക്കുക.

സാധ്യതകൾ

തെങ്ങിന് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി ആവിഷ്കരിക്കണം.

ചെറുപുഴ, ഇരുവഴിഞ്ഞി, ചാലിയാർ നദികളിലെ ജലവിഭവം ചെറുകിട പദ്ധതികളിലൂടെ ഉപയോഗപ്പെടുത്തണം.

തെങ്ങിൽ കുരുമുളക് പടർത്താൻ പ്രോത്സാഹനവും ധനസഹായവും ഏർപ്പെടുത്താവുന്നതാണ്.

തെങ്ങിൻ തടത്തിനു ചുറ്റും ചകിരിനിറച്ച് ഈർപ്പം നിലനിർത്താനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക.

നടീൽ വസ്തുക്കൾ അർഹതപ്പെട്ടവർക്ക് മുഴുവൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

തെങ്ങിൻ തോപ്പിൽ അടിവിളകളായി പച്ചക്കറി, വാഴ, കിഴങ്ങ്- പയറുവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷിയിറക്കാൻ കർഷകരെ സഹായിക്കുകയും പ്രാപ്തരാക്കുകയും ചെയ്യണം.

പൂവ് കൃഷിക്ക് പ്രോത്സാഹനം നൽകുക.

ഉല്പന്നങ്ങളുടെ സംഭരണ-സംസ്കരണ കേന്ദ്രവും, വിപണനകേന്ദ്രവും സഹകരണാടിസ്ഥാനത്തിൽ ആരംഭിച്ച് ഇടത്തട്ടുകാരെ ഒഴിവാക്കാവുന്നതാണ്.

ട്രാക്ടർ, പവ്വർ ട്രില്ലർ, മെതിയന്ത്രം, സെപ്രയർ, ഡ്രെയർ തുടങ്ങിയവ പഞ്ചായത്ത് വാങ്ങി കർഷകർക്ക് വാടകക്ക് നൽകാൻ സൗകര്യമുണ്ടാക്കുക.

പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ സഹകരണസംഘങ്ങൾ മുഖേന വളം ഡിപ്പോ സ്ഥാപിക്കണം.

പഞ്ചായത്തിലെ പ്രധാന റോഡിന്റെ ഓരങ്ങളിലുള്ള പച്ചിലച്ചെടികളും മറ്റു ജൈവാവശിഷ്ടങ്ങളും ശേഖരിച്ച് കമ്പോസ്റ്റാക്കി മാറ്റി ഉപയോഗപ്പെടുത്താവുന്നതാണ്.

നിലവിലുള്ള കാർഷികലോണുകൾ,

സബ്സിഡികൾ, കൃഷിനാശത്തിനുള്ള ധനസഹായം തുടങ്ങിയവക്ക് ലളിതമായ വ്യവസ്ഥകൾ ഏർപ്പെടുത്തുകയും കാലോചിതമായി വർദ്ധിപ്പിക്കുകയും ചെയ്യണം.

പഞ്ചായത്തിലുള്ള എല്ലാ പാടശേഖരങ്ങളിലും കൂട്ടുകൃഷി സമ്പ്രദായം ഏർപ്പെടുത്തുന്നത് ഗുണകരമാണ്.

ജലസേചനം

പഞ്ചായത്തിലെ കാർഷികവൃത്തി മഴയെ ആശ്രയിച്ചാണ് നടന്നുവരുന്നത്. അതുകൊണ്ടു തന്നെ കാർഷികോല്പാദനം വർദ്ദിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ അതിരിലൂടെ 20കി.മീ. നീളത്തിൽ ചെറുപുഴയും 9 കി.മീ. നീളത്തിൽ ഇരുവഴിഞ്ഞി പുഴയും 2 കി.മീ. നീളത്തിൽ ചാലിയാറും ഒഴുകുന്നുവെങ്കിലും കൃഷി ആവശ്യത്തിന് ഫലപ്രദമായി ജലം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ധാരാളം തോടുകൾ ഉണ്ടെങ്കിലും പ്രധാനമായും വർഷകാലത്തെ ജലനിർഗമനതോടായിട്ടാണ് ഇവ പ്രവർത്തിക്കുന്നത്. ചെറുപുഴയിൽ വേനൽക്കാലത്ത് ജലം വളരെ കുറവായിരിക്കും. വെള്ളനൂരിൽ സ്ഥാപിച്ച് മൈനർ ഇറിഗേഷനാണ് പഞ്ചായത്തിലെ ഏക ജലസേചന പദ്ധതി. കൂടാതെ കിണർ, കുളം എന്നിവയിൽ മോട്ടോർ ഉപയോഗിച്ച് ജലസേചനം നടത്തുന്നവരും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ ജലലഭ്യതയെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്താൻ സാധിക്കും. അതിന്റെ സാധ്യതകളാണ് താഴെ പറയുന്നത്.

ചെറിയ തോടുകളിൽ തടയണകൾ സ്ഥാപിക്കുക.

ചൂലൂർ തോടും നെച്ചൂളി തോടും സംഗമിക്കുന്ന സ്ഥലത്ത് ക്രോസ്ബാർ നിർമ്മിച്ചാൽ 15 ഹെക്ടർ സ്ഥലത്ത് നെൽകൃഷി രണ്ടാംവിളയുടെ അവസാനം ജലം ലഭ്യമാക്കാൻ സാധിക്കും.

കൂളിമാട് പമ്പ് ഹൗസിൽ നിന്നും പുറത്തു വിടുന്ന ജലം രാസപരിശോധനക്ക് ശേഷം കൃഷിക്കുപയുക്തമാണെങ്കിൽ അത് ഉപയോഗിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

ചെറുപുഴയിൽ തടയണ നിർമ്മിച്ച് പഞ്ചായത്തിലെ കൃഷിഭൂമിയിൽ ജലസേചനം നടത്താൻ സാധ്യതയുണ്ട്.

പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ

ജലനിർഗമന തോടുകൾ മുഴുവൻ തന്നെ നികന്നുപോയതും സൈഡുകൾ കെട്ടി സംരക്ഷിക്കാത്തതും വയലുകളിൽ നിന്നും വെള്ളം ഒഴുകിപോകാൻ തടസ്സമുണ്ടാക്കുന്നു. അതുകൊണ്ട് വയലുകളിൽ വർഷകാലത്ത് വെള്ളക്കെട്ട് ഉണ്ടാകുന്നു.

പഞ്ചായത്തിലെ പ്രധാന നിർഗമന തോടുകൾ ആഴം കൂട്ടി സൈഡ് കെട്ടി സംരക്ഷിക്കുക

തലേച്ചമണ്ണിൽ ഭാഗത്തെ നിർക്കെട്ട് ഒഴിവാക്കാൻ പരിപാടി രൂപീകരിക്കണം.

വയലുകളിലേക്ക് കാർഷികോല്പന്നങ്ങൾ എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

മടുത്തൂർ താഴം-മുഴാപ്പാലം തോട് സൈഡ് കെട്ടി നാലു സ്ഥലത്ത് ചീർപ്പ് കെട്ടണം

വട്ടാംപൊയിൽ വെള്ളലശ്ശേരി കുളം വികസിപ്പിച്ച് കനാൽ വഴി ജലസേചനം നടത്തണം.

വെള്ളനൂരിൽ നിലവിലുള്ള കനാലിൽ നിന്ന് മുക്കൈരുതാഴം (100 മീ) വല്ലാടുവയൽ (200 മീ)

പാറപ്പുറത്ത് ചാലിയിൽ (200 മീ) താമരച്ചാലിയിൽ (200 മീ) സബ് കനാൽ നിർമ്മിക്കുക.

കിഴക്കും പാടത്ത് ചെമ്പകശ്ശേരി തോട്ടിൽ ചീപ്പ് കെട്ടി വെള്ളപ്പൊക്കം നിയന്ത്രിക്കുക.

വിവിധ സ്ഥലങ്ങളിൽ കുളം കുഴിച്ച് ജലസേചനം നടത്താനുള്ള നിർദ്ദേശങ്ങളുണ്ട്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കുളങ്ങളുടെ പേരുകൾ താഴെ ചേർക്കുന്നു.

അമ്പലത്താഴം വയൽ, ചേർനാത്ത് പൊട്ടക്കുളം, പിലാശ്ശേരി പാലിക്കര ഭാഗം, ചാത്തമംഗലം അമ്പലത്തിനടുത്ത്, മുതവനവാടി വയൽ, മുങ്ങാട്ടുപൊയിൽ, കാഞ്ഞിരത്തിങ്ങൾ വയൽ,

പൊറ്റമ്മൽ താഴം, വെളുത്തേടത്ത് താഴം, എടക്കാട്ടുകുയിൽ പൊയിൽ, കൂളിമാട്, പാഴൂർ, വെസ്റ്റ് വാഴൂർ, പുൽപൊയിൽ ഭാഗം, അരയങ്കോട്ടു വയൽ, വിരുന്നൻ കുഴിഭാഗം, പാറപ്പുറത്തു ചാലിക്ക സമീപം കാവാട്ടുതാഴം എന്നിവിടങ്ങളിലാണ് പുതിയ കുളത്തിനുള്ള നിർദ്ദേശങ്ങൾ ഉയർന്നുവന്നത്.

നിലവിലുള്ള എല്ലാ കുളങ്ങളും നന്നാക്കാനും നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

ഇരുവഴിഞ്ഞി പുഴയിൽ ചക്കാലക്കുന്നിൽ ബണ്ടുകെട്ടി വെള്ളം പമ്പ് ചെയ്ത് ചെമ്പക്കോട്ടിന്റെ മുകളിലെത്തിച്ചു വയലിൽ ജലസേചനം നടത്തുക.

മണ്ണിലിടം കടവിൽ കിണർ കുഴിച്ച് പമ്പ്സെറ്റ് സ്ഥാപിച്ചു നെടങ്ങാട് കുന്നിൽ ടാങ്കുകെട്ടിയാൽ 500 ഏക്ര സ്ഥലത്ത് ജലസേചനം നടത്താം.

പുഴയുടെ കരകൾ കെട്ടി സംരക്ഷിക്കണം.

പഞ്ചായത്തിൽ ജലസേചനത്തിന് ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം വിപുലപ്പെടുത്തണം.

ചെറുപുഴയിൽ തടയിണ നിർമ്മിക്കണം.

8-ാം വാർഡിൽ പറക്കുന്നിലും ചന്ദനക്കാവിലും 9-ാം വാർഡിൽ തുവ്വക്കടവത്തും ടാങ്ക് കെട്ടി ചെറുപുഴയിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ജലസേചനം നടപ്പിലാക്കുക.

നീർമറി പ്രദേശാടിസ്ഥാനത്തിൽ ചാത്തമംഗലം പഞ്ചായത്തിൽ കാർഷിക ജലസേചന പരിപാടികൾ ആവിഷ്കരിക്കുക.

പാലപ്ര ഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഏർപ്പെടുത്തുക.

തലേച്ചമണ്ണിൽ ഭാഗത്തെ വെള്ളകെട്ട് ഒഴിവാക്കാൻ നിർഗമന മാർഗ്ഗം ഏർപ്പെടുത്തണം.

ചോലക്കുഴിയിൽ ബണ്ടുകെട്ടി വെള്ളം സംഭരിച്ച് ജലസേചനത്തിന് ഉപയുക്തമാക്കണം.

പൂളക്കമണ്ണിൽ നിലവിലുള്ള ഡീസൽ പമ്പ് മാറ്റി വൈദ്യുത പമ്പുസെറ്റ് സ്ഥാപിക്കുക.

ചോലപ്പുറം ഭാഗത്തെ കനാൽ ഉയരം കൂട്ടിയാൽ 60 ഏക്ര സ്ഥലത്ത് കൃഷിക്കുപയുക്തമാക്കാം.

ചെട്ടിക്കടവിനടുത്ത് മണ്ണാത്തി പുഴയിൽ സ്ഥാപിച്ച് ഡീസൽ പമ്പുമാറ്റി വൈദ്യുത പമ്പ് സ്ഥാപിക്കുക.

മലയമ്മ കുറുങ്ങാട്ടുകടവു തോട്ടിൽ തടയണ കെട്ടുക.

കമ്പോള സംസ്കാരത്തിന്റെ ജീർണതയിൽ കുരുങ്ങി കിടക്കുന്ന യുവതലമുറയുടെ ആലസ്യവും കാർഷികമേഖലയോട് കാണിച്ചു വരുന്ന അവജ്ഞാപൂർവ്വമായ അവഗണനയും മാറ്റിയെടുത്ത് അദ്ധ്വാനശേഷി നമ്മുടെ കൃഷിഭൂമികളിൽ കെട്ടഴിച്ചുവിടാൻ തയ്യാറായാൽ കാർഷിക രംഗത്ത് പുത്തനുണർവ്വ് കൈവരിക്കാനാവും. മണ്ണിൽ അധ്വാനിക്കുന്നവന്റെ അധ്വാനമാണ് നാടിന്റെ സമ്പത്ത് എന്നുള്ള തിരിച്ചറിവും പുതിയ വികസന സമീപനവും ഇതിനായി നാം ഇനിയും കൈവരിക്കേണ്ടതുണ്ട്. ഇതിനായി വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും ജനകീയാസൂത്രണ പദ്ധതിയിലൂടെ കണ്ടെത്തുന്ന വിഭവങ്ങളും ക്രിയാത്മകമായി ഉപയോഗപ്പെടുത്തേണ്ടതാണ്.

ചെറുപുഴ, ഇരുവഴിഞ്ഞി, ചാലിയാർ എന്നീ നദികളിലെ ജലവിഭവത്തെ ഇതിനായി ചൂഷണം ചെയ്താൽ നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ജലസേചന സൗകര്യം ഏർപ്പെടുത്താൻകഴിയും.



മത്സ്യബന്ധനം മൃഗസംരക്ഷണം

മത്സ്യബന്ധനം

ചാത്തമംഗലം പഞ്ചായത്ത് ഉൾനാടൻ മേഖലയിലാണ് സ്ഥിതിചെയ്യുന്നത്. മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട പഞ്ചായത്താണ് ചാത്തമംഗലം. പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് അതിർത്തിയായി 20 കി.മി.യോളം ചെറുപുഴയും കിഴക്ക് ഭാഗത്തായി ഏകദേശം 8 കി.മി. ഇരുവഴിഞ്ഞിപുഴയും 2 കി.മി. ചാലിയാറും ഒഴുകുന്നു. ഇരുവഴിഞ്ഞിപുഴയും ചാലിയാറും തമ്മിൽ ചേരുന്നത് ചാത്തമംഗലം പഞ്ചായത്തിൽ വെച്ചാണ്.

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 150-ഓളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഗ്വാളിയോർ റയോൺസ് നിലവിൽ വരുന്നതിനുമുമ്പ് ചാലിയാർ-ഇരുവഴിഞ്ഞി പുഴയിൽ നിന്നും 'എരുന്ത്' വാരി ഉപജീവനം കഴിച്ചിരുന്ന ധാരാളം പേരുണ്ടായിരുന്നു. എന്നാൽ ഇന്ന് ഫാക്ടറിയിലെ മലിനജലം ചാലിയാറിലേക്ക് ഒഴുക്കിയതിന്റെ ഫലമായി ഇതിന്റെ സാധ്യത തീർത്തും ഇല്ലാതായി. പുഴ മത്സ്യത്തിന്റെ കാര്യത്തിൽ ഇതും മത്സ്യരോഗവും മത്സ്യസമ്പത്ത് കുറക്കാൻ കാരണമായിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും ശാസ്ത്രീയമായ സമീപനവും സാമ്പത്തിക സഹായവും ലഭ്യമാക്കുകയാണെങ്കിൽ ആശാവഹമായി പുരോഗതി ഉണ്ടാവാൻ സാധ്യതയുണ്ട്. പഞ്ചായത്തിൽ 1.75 ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷി നടത്തുന്നുണ്ട്.

സാധ്യതകളും നിർദ്ദേശങ്ങളും

നമ്മുടെ പഞ്ചായത്തിൽ ഉൾനാടൻ ശുദ്ധജല മത്സ്യകൃഷിക്കാണ് സാധ്യത കൂടുതൽ. അലങ്കാര മത്സ്യങ്ങളും കാരി, കുളം എന്നിവയിലെ മത്സ്യകൃഷിയുമാണ് ലാഭകരമായി നടത്താൻ സാധിക്കുക.

പഞ്ചായത്തിന്റെ പ്രധാനകവലകളിൽ ആധുനിക സംവിധാനങ്ങളുള്ള മത്സ്യമാർക്കറ്റുകൾ നിർമ്മിച്ച് വിപണനത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

ശുദ്ധജലമത്സ്യകൃഷിക്ക് സാധ്യതയുള്ള കുളങ്ങളും കാരികളുമാണ് താഴെ പറയുന്നവ.

നമ്പർ	സ്ഥലം	കുളം/കാരി
1	മലയമ്മ	പരപ്പാറകുളം
		പരുത്തികുളം
		പേന്ത്രയിൽ കുളം
		തെറുകയിൽ കുളം
		പാടശേരി കുളം
		പുളിയാറ കാരി
2	നായർകുഴി	വായോളി
		പൊയിൽകാരി
		കൂട്ടക്കര കാരി
3	കൂളിമാട്	കിഴക്കുംപാടം
		ചതുപ്പുനിലം
4	വെള്ളനൂർ	പതിയാറുകണ്ടം
		വരിക്കാംകുറ്റി വയൽ
		മുതുകുളം
		നെടുളി താഴം കുളം
5	ചാത്തമംഗലം	പറപ്പൂരിടം താഴം വയൽ
6	പുള്ളാവൂർ	എടക്കണ്ടിയിൽ കുളം

ഇതിൽ കൂളിമാട് കിഴക്കും പാടത്ത് ചതുപ്പു നിലം ചെമ്മീൻ കൃഷിക്ക് അനുയോജ്യമാണ്

കൂഴക്കോട് പതിയാറുകണ്ടം മത്സ്യം വളർത്താൻ ഉപയുക്തമാക്കാൻ പുഴയിൽ നിന്ന് ജലം എത്തിക്കണം

ആധുനിക രീതിയിൽ മത്സ്യം വളർത്തൽ പരിശീലനം നൽകുവാനും അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുവാനും ഒരു കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കണം.

മത്സ്യതൊഴിലാളികൾക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കണം. പഞ്ഞ മാസങ്ങളിൽ സൗജന്യറേഷൻ അനുവദിക്കണം.

പരിശീലനകേന്ദ്രവും സാമ്പത്തിക സഹായവും ലഭ്യമായാൽ മത്സ്യകൃഷിരംഗത്ത് ഏറെ മുന്നേറാൻ നമ്മുടെ പഞ്ചായത്തിന് സാധിക്കും.

മൃഗസംരക്ഷണം

സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാനപങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണമേഖല. നമ്മുടെ പഞ്ചായത്തിൽ ഈ മേഖലയിൽ വേണ്ടത്ര മുന്നേറാൻ സാധിച്ചിട്ടില്ല. കാർഷിക പശ്ചാത്തലമുള്ള ഈ പഞ്ചായത്തിൽ മൃഗസംരക്ഷണം ഒരു പ്രധാന ഉപതൊഴിലാണ്. ആദായകരമാകുന്ന വിധം മൃഗസംരക്ഷണപ്രവർത്തനങ്ങൾ മാറിക്കഴിഞ്ഞാൽ ഈ രംഗത്തേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനും പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനും സാധിക്കും.

ഈ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട് എന്നിവയാണ്. ഇതിൽ 68% സങ്കരയിനം പശുക്കളും ബാക്കി നാടൻ പശുക്കളുമാണ്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. നാടൻ കോഴികളും സങ്കരയിനങ്ങളായ ലഗോൺ, ബ്രോയ്ലർ എന്നിവയും ഇതിൽ പെടുന്നു.

വളർത്തു മൃഗങ്ങൾ

കാള		പശു				എരുമ	ആട്	പട്ടി
നാടൻ	സങ്കരം	നാടൻ		സങ്കരം				
		കറവയുള്ളത്	കറവയില്ലാത്തത്	കറവയുള്ളത്	കറവയില്ലാത്തത്			
158	64	308	286	662	564	16	2228	138

വളർത്തുപക്ഷി

പൂവൻകോഴി	പിടക്കോഴി		താറാവ്
	മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	
1895	5178	7249	54

പഞ്ചായത്തിൽ ഒരു പാൽ സൊസൈറ്റി മാത്രമാണ് പ്രവർത്തിക്കുന്നത്. കർഷകർ കാലിത്തീറ്റി വില കൊടുത്തു വാങ്ങുകയാണ്. പച്ചപ്പുല്ലിന്റെ അഭാവവും വൈക്കോലിന്റെ വിലവർദ്ധനവും കന്നുകാലി വളർത്തൽ പ്രതിസന്ധിയിലെത്തിച്ചിരിക്കുന്നു. പ്രത്യുൽപാദന രംഗത്ത് മൃഗഡോക്ടറുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

ജില്ലയിലെ ഏക റീജിയണൽ പോൾട്രിഫാം ചാത്തമംഗലം പഞ്ചായത്തിലാണ്. ഇവിടത്തെ കോഴിമുട്ടയുടേയും കോഴിക്കുഞ്ഞുങ്ങളുടേയും ഉൽപാദന-വിൽപന വർഷംതോറും കുറഞ്ഞുവരുകയാണ്.

വളർത്തുമൃഗങ്ങൾക്ക് പിടിപെടുന്ന രോഗങ്ങൾ ഈ രംഗത്തെ പ്രധാനഭീഷണിയാണ്. മൃഗങ്ങളെ സംബന്ധിക്കുന്ന രോഗവിവരങ്ങൾ താഴെക്കൊടുക്കുന്നുണ്ട്.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1 വിപുലമായ വിസ്തീർണമുള്ളതും വ്യത്യസ്തമായ ഭൂപ്രകൃതിയുമുള്ള പഞ്ചായത്തിൽ ബീജാധാന പ്രവർത്തനങ്ങൾ നിലവിലുള്ള ഏക മൃഗാശുപത്രിയെ ആശ്രയിക്കേണ്ടി വരുന്നു.

2 കന്നുകാലികൾ, മറ്റു വളർത്തു മൃഗങ്ങൾ ഇവ വാങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം കുറവാണ്.

3 പാൽ വിപണനത്തിന് പല പ്രദേശങ്ങളിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

4. കാലിത്തീറ്റി, തീറ്റപ്പുല്ല് ഇവയുടെ ലഭ്യത അപര്യാപ്തമാണ്. വർദ്ധിച്ച വിലയും നൽകേണ്ടി വരുന്നു.

5. കന്നുകാലികളെ ബാധിക്കുന്ന പകർച്ചരോഗങ്ങൾക്ക് പ്രതിരോധ നടപടികൾസ്വീകരിക്കണം.

6. കോഴിരോഗങ്ങൾ നിയന്ത്രണാതീതമായതിനാൽ ലാഭകരമായി വളർത്താൻ സാധിക്കുന്നില്ല.

7. പേരോഗ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കണം.

8. ഇറച്ചിക്കോഴി വളർത്തൽ വിപുലമാക്കണം.

പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശങ്ങളും

1 വെറ്റിനറി ഡിസ്പെൻസറിയുടെ കീഴിൽ പഞ്ചായത്തിൽ രണ്ടോ മൂന്നോ ബീജാധാനകേന്ദ്രങ്ങൾ ആരംഭിക്കുക.

2 വളർത്തുമൃഗങ്ങളെ വാങ്ങുന്നിതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള എല്ലാ ഏജൻസികളോടും ആവശ്യപ്പെടുക.

3 പുതിയ മിൽക്ക് സൊസൈറ്റികൾ സംഘടിപ്പിക്കുകയോ പ്രവർത്തനം വിപുലമാക്കുകയോ

കൃത്രിമ ബീജസങ്കലനം

വളർത്തു മൃഗങ്ങൾ	ആകെ	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം ബീജ സങ്കലനം വേണ്ടി വന്നവ
പശു	1370	260	76
കിടാരി	450	56	21

ഇനം	1993-94	1994-95	1995-96
കോഴിമുട്ട	193506	154751	120660
കോഴിക്കുഞ്ഞുങ്ങൾ	98001	81362	52656

ചെയ്യുക.

4. ലഭ്യമാകുന്ന അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമിക്കുന്നതിനുള്ള ചെറുകിട പദ്ധതി ക്ഷീര സഹകരണ സംഘത്തിന് ഏറ്റെടുക്കാൻ പറ്റുമോ എന്ന് ആരായേണ്ടതാണ്. തീറ്റപ്പുൽ കൃഷി വിപുലമാക്കുവാൻ വിത്ത്, വളം, സാമ്പത്തിക സഹായം എന്നിവ നൽകാനുള്ള നടപടികൾ ആരംഭിക്കുക.

5 വാക്സിനേഷൻ, മൃഗചികിത്സ, ആരോഗ്യ ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വിപുലമായി നടത്തുക. ഇത്തരം പ്രവർത്തനങ്ങൾക്ക് സന്നദ്ധസംഘടനകളുടെ സഹായവും കൂട്ടായ്മയും നേടിയെടുക്കുക.

6 കോഴിരോഗങ്ങൾക്ക് ഫലപ്രദമായ കുത്തിവെപ്പ്, ചികിത്സ ഇവ വിപുലമാക്കുക.

7 വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെപ്പ് നൽകുക. ലൈസൻസ് നിർബന്ധമാക്കുക. അലഞ്ഞുതിരിയുന്ന നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുക.

8 ഇറച്ചിക്കോഴി വളർത്തൽ സഹകരണാടിസ്ഥാനത്തിൽ സാമ്പത്തിക സഹായത്തോടുകൂടി കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുകയും വിപണനം നേരിട്ട് ഏറ്റെടുത്തു നടത്തുകയും ചെയ്യുക.

9. ആവശ്യമായ ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ ചാത്തമംഗലം RPF-ൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം. ഈ രംഗത്തേക്ക് എല്ലാ കൃഷിക്കാർക്കും പ്രസ്തുത വിഷയത്തിൽ പ്രാവീണ്യം ലഭിക്കുന്നതിന് ട്രെയിനിംഗ് പ്രോഗ്രാം നടത്തേണ്ടതുണ്ട്.

10. ശാസ്ത്രീയമായ രീതിയിൽ ശുചിത്വമുള്ള വിധം മാംസം തയ്യാറാക്കി വിപണനം ചെയ്യുന്നതിന് മൃഗങ്ങളെ രോഗപരിശോധനക്ക് വിധേയമാക്കുന്നതിനും മാംസപരിശോധന നടത്തുന്നതിനും നടപടികൾ ആരംഭിക്കേണ്ടതാണ്. ശാസ്ത്രീയമായ അറവുശാല പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ നിർമ്മിക്കുകയും ചെയ്യേണ്ടതാണ്.

മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള സാമാന്യ നിർദ്ദേശങ്ങളായ ഇവ അംഗീകരിക്കപ്പെടുന്ന പക്ഷം ആയതിനുള്ള ബൃഹത്തായ പദ്ധതി രൂപപ്പെടുത്തി എടുക്കേണ്ടിയിരിക്കുന്നു.

രോഗവിവരങ്ങൾ

നമ്പർ	രോഗങ്ങൾ	പശു	ആട്	കോഴി	പട്ടി	മറ്റുള്ളവ
1	ദഹനസംബന്ധമായവ	227	94	19	-	3
2	ശ്വാസകോശസംബന്ധമായവ	69	18	69	-	-
3	ഉപാപചയ സംബന്ധം	34	5	-	-	-
4	ത്വക്ക് രോഗങ്ങൾ	58	14	-	2	-
5	ധാതുലവണങ്ങളുടെ അഭാവം	86	50	-	-	-
6	പരാദരോഗങ്ങൾ	293	65	47	-	-
7	പ്രത്യുത്പാദനവുമായി ബന്ധപ്പെട്ടവ	149	10	-	-	-
8	വന്ധ്യത	7	-	-	-	-
9	അകിടുവീക്കം	53	14	-	-	-
10	മുടന്തൻ പനി	32	-	-	-	-

വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് ഏറെ പുരോഗതി നേടിയിട്ടുള്ള ഒരു പഞ്ചായത്ത് ആണ് ചാത്തമംഗലം ഗ്രാമപഞ്ചായത്ത്. തലമുറകൾക്ക് അക്ഷരാഭ്യാസം നൽകുന്നതിൽ, ഈ നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ തന്നെ പ്രവർത്തനമാരംഭിച്ച ചാത്തമംഗലം ജി.എൽ.പി. സ്കൂൾ, മുസ്ലിം- ന്യൂനപക്ഷ പ്രദേശമായ താത്തൂരിലെ എ.എൽ.പി. സ്കൂൾ, ഹരിജന 'ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന ചാത്തമംഗലം ഗവണ്മെന്റ് വെൽഫെയർ എൽ.പി. സ്കൂൾ എന്നിവ നിർണായക പങ്കുവഹിച്ചിരുന്നു.

സമീപ പ്രദേശങ്ങളായ കുന്ദമംഗലം, മുക്കം തുടങ്ങിയ പഞ്ചായത്തുകളിൽ നിന്നുപോലും അപ്പർപ്രൈമറി വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയം ചാത്തമംഗലം എ.യു.പി. സ്കൂൾ ആയിരുന്നു.

എങ്കിലും സെക്കന്ററി വിദ്യാഭ്യാസസൗകര്യം ലഭിക്കാൻ ചാത്തമംഗലം പഞ്ചായത്ത് കേന്ദ്രീകരിച്ച് ബന്ദ് അടക്കമുള്ള പ്രക്ഷോഭ സമരങ്ങൾ സംഘടിപ്പിക്കേണ്ടതായി വന്നു. അതിന്റെ ഫലമായാണ് 1973-ൽ ആർ.ഇ.സിയിൽ ഒരു ഗവൺമെന്റ് ഹൈസ്കൂൾ നിലവിൽ വന്നത്. തുടർന്ന് പിന്നോക്ക പ്രദേശങ്ങളുടെ ഉന്നമനത്തിനായി 1980-ൽ നായർകുഴിയിലും ഒരു സർക്കാർ ഹൈസ്കൂൾ നിലവിൽ വരികയുണ്ടായി.

ഇന്ന് 13-ാം വാർഡൊഴികെ മറ്റെല്ലാ വാർഡിലും ഒന്നും ഒന്നിലധികവും വിദ്യാലയങ്ങൾ നിലവിലുണ്ട്. ഈ പഞ്ചായത്തിൽ സർക്കാർ തലത്തിൽ എട്ടും എയ്ഡഡ് തലത്തിൽ നാലും അടക്കം 12 എൽ.പി. സ്കൂളുകളും 5 എയ്ഡഡ് യു.പി. സ്കൂളുകളും, 2 ഗവൺമെന്റ് ഹൈസ്കൂളുകളും CBSE സിലബസ് നിലവിലുള്ള 3 അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളുകളും, മലയാളം മീഡിയത്തിലുള്ള ഒരു അൺ എയ്ഡഡ് ഗേൾസ് ഹൈസ്കൂളും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഇന്ത്യയിലെ പ്രശസ്തമായ എൻജിനീയറിംഗ് കോളേജുകളിൽ ഒന്നായ കോഴിക്കോട് റീജിനൽ എൻജിനീയറിംഗ് കോളേജ്, സാങ്കേതിക ഗവേഷണ സ്ഥാപനമായ CEDT (Centre for Electronics Design & Technology) എന്നിവയും ഈ പഞ്ചായത്തിന്റെ അഭിമാനസ്തംഭങ്ങളാണ്.

പ്രീ-പ്രൈമറി തലത്തിൽ 18 അംഗനവാടികൾ, പഞ്ചായത്ത് ആഭിമുഖ്യത്തിൽ ഒരു മലയാളം മീഡിയം നഴ്സറി സ്കൂൾ, രണ്ട് ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകൾ എന്നിവയും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ, പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളായി ദയാപുരത്തും ചാത്തമംഗലത്തും രണ്ട് സ്ഥാപനങ്ങൾ നിലവിലുണ്ട്.

വിദ്യാഭ്യാസരംഗം പരിപോഷിപ്പിക്കുന്നതിന് അനൗപചാരിക വിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും നിർണായകപങ്ക് നിർവഹിക്കാനുണ്ട്. ഈ രംഗത്തും ചാത്തമംഗലം പഞ്ചായത്ത് വളരെയേറെ മുൻപന്തിയിലാണെന്ന് ചൂണ്ടിക്കാണിക്കട്ടെ. ചാത്തമംഗലം പതുജനവായനശാലയും ഗ്രന്ഥാലയവും ഈ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്നു. കൂടാതെ ഗ്രന്ഥശാലാസംഘം അംഗീകരിച്ച ചൂലൂർ യുവജനശാല, മലയമ്മ പൊതുജനവായനശാല, നെഹ്രു സ്മാരക വായനശാല, നെച്ചൂളി, കല്ലിടുമ്പ്

നരേന്ദ്രദേവ് സ്മാരക ഗ്രന്ഥശാല എന്നിവയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 12 മറ്റു വായനശാലകളും ഗ്രന്ഥശാലകളും ചാത്തമംഗലത്ത് പ്രവർത്തിക്കുന്നുണ്ട്. അനൗപചാരികരംഗത്ത് ഉപാസനാ വായനശാലയുടെ പ്രവർത്തനം ശ്രദ്ധേയമാകുന്നു. അരയങ്കോട്ട് സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് സാംസ്കാരിക നിലയം ഈ രംഗത്ത് സ്തുത്യർഹമായി പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനമാണ്. പഞ്ചായത്തിൽ 5 ജനവിദ്യാകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ പ്രതിഭാകോളേജ്, ദയാപുരം വനിതാകോളേജ്, അൻസാറുൽ ഇസ്ലാം ആർട്സ് കോളേജ് എന്നീ പാരലൽ കോളേജുകളും 5 ട്യൂട്ടോറിയൽ കോളേജുകളും 6 ടൈപ്പറൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ മിക്ക സ്കൂളിനും ഓഫീസ് മുറി ഉണ്ടെങ്കിലും സ്റ്റാഫ് റൂം ഇല്ലാത്ത അവസ്ഥയാണ് ഉള്ളത്. സ്കൂളിൽ പകുതി എണ്ണത്തിനും പാചകമുറി സൗകര്യം ഇല്ലാത്തവയാണ്. പ്രൈമറി സ്കൂളു

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ് മെന്റ്	കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം			പട്ടിക ജാതി	
			B	G	Total	F	M	Total	B	G
1	ജി.എൽ.പി സ്കൂൾ ന്യൂ പുള്ളനൂർ	ഗവ:	84	61	145	3	2	5	3	2
2	ജി.എൽ.പി. സ്കൂൾ പൂളക്കോട്	ഗവ:	76	64	140	3	2	5	10	6
3	ജി.എൽ.പി. സ്കൂൾ ഏരിമല	ഗവ:	66	56	122	4	1	5	6	4
4	മാവൂർ എ.എൻ.പി സ്കൂൾ അരയങ്കോട്	എയ്ഡഡ്	106	98	204	5	3	8	3	2
5	എ.എൽ.പി. സ്കൂൾ താത്തൂർ	എയ്ഡഡ്	109	131	240	5	5	10	0	0
6	എ.എൽ.പി സ്കൂൾ ചൂലൂർ	എയ്ഡഡ്	60	53	113	2	2	4	7	5
7	ജി.എൽ.പി.സ്കൂൾ വെള്ളനൂർ	ഗവ.	54	76	130	3	1	4	8	11
8	ജി.എൽ.പി. സ്കൂൾ ചാത്തമംഗലം	ഗവ.	108	115	223	7	2	9	15	17
9	കിഴൂർ എ.എൽ.പി സ്കൂൾ	എയ്ഡഡ്	37	31	68	4	0	4	8	7
10	ജി.ഡബ്ല്യു.എൽ.പി സ്കൂൾ ചാത്തമംഗലം	ഗവ.	25	33	58	3	0	3	10	20
11	ജി.എൽ.പി സ്കൂൾ ചേനോത്ത്	ഗവ.	36	41	77	2	2	4	11	16
12	ജി.എൽ.പി. സ്കൂൾ പുള്ളനൂർ	ഗവ.	47	63	110	2	3	5	0	1
13	എ.യു.പി സ്കൂൾ മലയമ്മ	എയ്ഡഡ്	504	538	1042	10	20	30	50	35
14	എ.യു.പി സ്കൂൾ പാഴൂർ	എയ്ഡഡ്	381	335	716	14	12	26	18	10
15	എ.യു.പി സ്കൂൾ ചൂഴൂർ	എയ്ഡഡ്	169	172	341	6	3	9	26	19
16	എ.യു.പി സ്കൂൾ കുഴക്കോട്	എയ്ഡഡ്	102	101	203	5	5	10	20	13
17	എ.യു.പി സ്കൂൾ ചാത്തമംഗലം	എയ്ഡഡ്	178	149	327	7	5	12	33	21
18	ജി.വി.എച്ച്.എസ്, ആർ.ഇ.സി	ഗവ.	1130	1076	2206	38	40	86	191	240
19	ഗവ. ഹൈസ്കൂൾ നായർകുഴി	ഗവ.	607	548	1155	17	26	43	122	96

കളിൽ മിക്ക എണ്ണത്തിനും ലൈബ്രറി, ലാബോറട്ടറി സൗകര്യങ്ങൾ നിലവിലില്ല. അധിക സ്കൂളുകൾക്കും അത്യാവശ്യമായ കളിസ്ഥലമോ പര്യാപ്തമായ ഫർണിച്ചറോ ഇല്ല എന്നത് പഠനനിലവാരത്തെ സാരമായി ബാധിക്കുന്നുണ്ട്. യു.പി സ്കൂളുകൾ മുഴുവനും എയ്ഡഡ് ആണെങ്കിലും ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്.

ബഹുഭൂരിപക്ഷം സ്കൂളുകളിലും അധ്യാപികമാരാണ് കൂടുതൽ.എങ്കിലും സ്കൂളുകളിൽ പഠിക്കാൻ എത്തുന്ന പെൺകുട്ടികളുടെ എണ്ണം കുറവാണ്.

പട്ടികജാതി വിഭാഗക്കാരിൽ ഏകദേശം മുഴുവൻ കുട്ടികളും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നുണ്ട്. പിന്നോക്ക വിഭാഗമായ കുശവ സമുദായത്തിലെ ഭൂരിപക്ഷം കുട്ടികളും പ്രൈമറി വിദ്യാഭ്യാസം തന്നെ പൂർത്തിയാക്കുന്നില്ല.

പഞ്ചായത്തിലെ 500-ഓളം കുട്ടികൾ കോഴിക്കോട് പട്ടണത്തിലും പഞ്ചായത്ത് പരിസരങ്ങളിലുമുള്ള അൺഎയ്ഡഡ് സ്കൂളുകളിലാണ് പഠിക്കുന്നത്. അൺഎയ്ഡഡ് സ്കൂൾ കാരണമായി ഗവ. ഹൈസ്കൂളിലെ കുട്ടികൾ കുറയുകയും അധ്യാപകതസ്തികകൾ നഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്.

ചാത്തമംഗലം പഞ്ചായത്തിൽ 100-ൽ താഴെ കുട്ടികൾ പഠിക്കുന്നു. 4 എൽ.പി. സ്കൂളുകളും 200-ൽ താഴെ കുട്ടികൾ പഠിക്കുന്ന ഒരു യു.പി സ്കൂളും നിലവിലുണ്ട്. കുട്ടികൾ പരിസരപ്രദേശങ്ങളിലെ മറ്റു സ്കൂളുകളിൽ പ്രവേശനം തേടുന്ന ഈ സ്കൂളിൽ എണ്ണം കുറയുന്നതിന്റെ ഒരു പ്രധാന കാരണം.

സ്കൂളുകളിലേക്കുള്ള ശരാശരി യാത്രാദൂരം

തരം	ശരാശരി ദൂരം കി.മീ	പരമാവധി ദൂരം കി.മീ
ലോവർ പ്രൈമറി സ്കൂൾ	1കി.മി	2 കി.മി
അപ്പർ പ്രൈമറി സ്കൂൾ	1.5 കി.മീ	2 കി.മീ
ഹൈസ്കൂൾ	3 കി.മീ	5 കി.മീ

പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും എത്തിച്ചേരാവുന്ന വിധത്തിൽ ഹൈസ്കൂളുകൾ നിലവിലുണ്ട്.

അപ്പർ പ്രൈമറി തലത്തിൽ കൂടുതൽ സ്കൂളുൾ വേണമെന്ന അഭിപ്രായമുണ്ട്. നിലവിലുള്ള ഏരിമല ജി.എൽ.പി സ്കൂൾ ഒരു യു.പി സ്കൂളായി അപ്ഗ്രേഡ് ചെയ്യണം. ബിൽഡിങ് ഇവിടെ നിലവിലുണ്ട്. കൂടാതെ പൂളക്കോട് ജി.എൽ.പി. സ്കൂറ് അരയങ്കോട്, എ.എൽ.പി സ്കൂൾ താത്തൂർ, എ.എൽ.പി സ്കൂൾ അരയങ്കോട്, എ.എൽ.പി സ്കൂൾ കീഴൂർ എന്നിവയും അപ്ഗ്രേഡ് ചെയ്യണമെന്ന് ബഹുജനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യമായ സഹായസഹകരണങ്ങൾ തദ്ദേശവാസികൾ വാഗ്ദാനം .ചെയ്തിട്ടുണ്ട്.

13-ാം വാർഡിൽ ഒരു എൽ.പി സ്കൂൾ ഉണ്ടാവണമെന്ന് ആവശ്യപ്പെടുന്നു. സ്ഥലം തദ്ദേശവാസികൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. കൂളിമാട്, വെസ്റ്റ് പാഴൂർ, ചിറ്റാരി പിലാക്കിൽ എന്നിവിടങ്ങളിലും LP സ്കൂളുകൾക്കുവേണ്ടി ആവശ്യമുന്നയിക്കപ്പെട്ടിട്ടുണ്ട്.സ്ഥലം, മനുഷ്യവിഭവം എന്നിവ നിൽകാൻ തയ്യാറാണ്.

വിദ്യാലയങ്ങളിലെ പഠനനിലവാരത്തെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്താൻ വേണ്ടത്ര സമയം ലഭിച്ചിട്ടില്ല. ഹൈസ്കൂളിലെ എസ്.എസ്.എൽ.സി വിജയശതമാനം പരിശോധിച്ചാൽ വ്യക്തമായ വിവരം ചുവടെ ചേർക്കുന്ന.

എസ്.എസ്.എൽ.സി വിജയശതമാനം

പേര്	93-94	94-95	95-96
REC GVHSS	32	26.2	39
GHS നായർകുഴി	37	28	2206

ഈ ഹൈസ്കൂളുകളിലെ വിജയശതമാനം സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്.

പ്രധാനകാരണങ്ങൾ

നായർകുഴി ഹൈസ്കൂളിന് ബിൽഡിങ്, കളിസ്ഥലം, വൈദ്യുതി, യാത്രാസൗകര്യം എന്നിവ അത്യാവശ്യമായി ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിന് ജില്ലാ പഞ്ചായത്തിന്റെ അടിയന്തരശ്രദ്ധ അത്യാവശ്യമാണ്.സ്കൂളിന്റെ വൈദ്യുതീകരണത്തിന് വേണ്ടിവ

കിണറുകൾ

പൊതുകിണർ	സ്വകാര്യ കിണർ	കുഴൽ കിണർ	മൊത്തം കിണർ
42	4613	8 അഞ്ചെണ്ണം റിപ്പയർ ചെയ്യണം	4663

പുഴകൾ

1. ചാലിയാർ
2. ഇരുവഴിഞ്ഞിപ്പുഴ
3. ചെറുപുഴ

KWA പദ്ധതികൾ ARWSS

മൊത്തം ടാപ്പുകൾ	സ്വകാര്യ കണക്ഷനുകൾ
80 എണ്ണം	161

പഞ്ചായത്ത് മിനി വാട്ടർ സപ്ലൈ സ്കീം

2 എണ്ണം	127 ഗുണഭോക്താക്കൾ

നീരുറവകൾ

1. വായോളി പൊയിൽ 4ാം വാർഡ്
2. ഈയംമ്പലത്തുകുഴി 4ാം വാർഡ്
3. ചെവിടംഞ്ചേരി 4ാം വാർഡ്
4. ഉറവക്കുഴി
5. തലപ്പൊയിൽ
6. ചോലയിൽ പുതിയ പാടം 6ാം വാർഡ്
7. എഴമ്പക്കുന്ന് 6ാം വാർഡ്
8. പള്ളിക്കുഴി
9. പരതപ്പൊയിൽ കട്ടിപ്പാറ 3ാം വാർഡ്
10. വഴിയപൊയിൽ ചോല 10ാം വാർഡ്
11. എകരത്ത് മുതുവനച്ചോല 10ാം വാർഡ്
12. കല്ലുടുമ്പിൽ 10ാം വാർഡ്
13. കുന്നത്ത് തുഞ്ചി 10ാം വാർഡ്
14. വല്ലക്കണ്ടി 11ാം വാർഡ് 10ാം വാർഡ്
15. താമരക്കുളം ചോല 12ാം വാർഡ്

രുന്ന മുഴുവൻ ചിലവും വഹിക്കാൻ PTA തയ്യാറാണ്.

നായർകുഴി ഹൈസ്കൂളിൽ ഒഴിവുവന്ന അധ്യാപക തസ്തികകൾ പൂർണമായും നികത്തണം. അവർ കഴിവതും സ്ഥിരാധ്യാപകർ ആയിരിക്കണം.

പ്രൈമറി ക്ലാസുകളിൽനിന്ന് ലഭിക്കേണ്ടുന്ന അടിസ്ഥാനപരമായ അറിവ് വേണ്ടത്ര ലഭിക്കാത്തതാണ് വിജയശതമാനത്തെ സാരമായി ബാധിക്കുന്നത്. രക്ഷിതാക്കളുടെ അശ്രദ്ധ, സാമൂഹ്യ അവബോധത്തിന്റെ കുറവ്, കുടുംബത്തിലെ അടിസ്ഥാന പഠന സൗകര്യങ്ങളുടെ കുറവ്, മോശമായ ഭൗതികപശ്ചാത്തലം, സാമ്പത്തിക പരാധീനത എന്നിവയും കുട്ടികളുടെ പഠനനിലവാരത്തെ ബാധിക്കുന്നുണ്ട്,

നിർദ്ദേശങ്ങൾ:

ലോവർ പ്രൈമറി തലത്തിൽ കണക്ക്, മലയാളം എന്നീ വിഷയങ്ങളിലും അപ്പർ പ്രൈമറി തലത്തിൽ ഇംഗ്ലീഷ്, ഹിന്ദി, കണക്ക്, മലയാളം എന്നീ വിഷയങ്ങളിലും പഠനനിലവാരം പരിശോധിച്ച് പരിഹാരബോധം നൽകണം.

സ്കൂൾ നിരക്ഷരത പൂർണ്ണമായും ഇല്ലാതാക്കണം.

വെക്കേഷൻ കാലങ്ങളിൽ വിനോദത്തിലൂടെ പഠനം ലഭ്യമാക്കണം.

സ്കൂൾ സമയത്തിനുശേഷം സ്കൂളിൽവെച്ച് തന്നെ പഠിക്കാനും അഭ്യാസം ചെയ്യാനും സൗകര്യം ഏർപ്പെടുത്തണം. ഇതിന് സേവനസന്നദ്ധരും അഭ്യസ്തവിദ്യരുമായ നാട്ടുകാരെ പഞ്ചായത്തിന്റെ സഹായത്തോടെ ഉപയോഗപ്പെടുത്തണം. രക്ഷിതാക്കളുടെയും അധ്യാപകരുടെയും മേൽനോട്ടത്തിലായിരിക്കണം ഇത്നടക്കുന്നത്.

പ്രശ്നങ്ങളും നിർദേശങ്ങളും

1. എല്ലാ എൽ.പി സ്കൂളുകളിലും പ്രീ-പ്രൈമറി ക്ലാസുകൾ തുടങ്ങണം.

2. അധ്യാപക - വിദ്യാർത്ഥി അനുപാതം പ്രൈമറി തലത്തിൽ 1:25, സെക്കന്ററി തലത്തിൽ 1:30 ആക്കി മാറ്റണം.

3. സ്കൂളിലെ `ആൾ പ്രമോഷൻ', `മോഡറേഷൻ' സമ്പ്രദായങ്ങൾ നിർത്തലാക്കി നിലവാരം ഉയർത്തണം.

4. സിലബസ് ലഘൂകരിക്കണം.

5. ഹെഡ്മാസ്റ്റർമാരുടെ ജോലിഭാരം ലഘൂകരിക്കാൻ, എൽ.പി സ്കൂളിൽ ഒരു പ്യൂണിനെയും യു.പി സ്കൂളിൽ ഒരു ക്ലാർക്കിനെയും നിയമിക്കുക.

6. ഹൈസ്കൂൾ തലത്തിൽ നിന്ന് എൽ.പി സ്കൂൾ പൂർണമായും വേർപെടുത്തുക.

7. യു.പി സ്കൂളിൽനിന്ന് സ്പെഷലിസ്റ്റ് അധ്യാപകരെ നിയമിക്കുക.

8. ഇംഗ്ലീഷ് ഭാഷാപഠനം കാര്യക്ഷമമാക്കണം. ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഐച്ഛികവിഷയമായി ബിരുദം നേടിയവരെ അധ്യാപനത്തിന് നിയമിക്കുക.

9. അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ അനുവദിക്കരുത്.

10. ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമാക്കണം.

11. വിദ്യാലയങ്ങളിലെ കക്ഷിരാഷ്ട്രീയം ഒഴിവാക്കണം.

12. അധ്യാപകരെ വിദ്യാഭ്യസപരമല്ലാത്ത ജോലിയിൽനിന്ന് ഒഴിവാക്കണം.

13. വിദ്യാലയങ്ങൾക്കുള്ള വൈദ്യുതി സൗജന്യമാക്കണം.

14. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ (ഡിക്ഷ്ണറി, മേശ മുതലായവ) ലഭ്യമാക്കണം.

15. ഹൈസ്കൂൾ ലൈബ്രറിയിൽ ഇംഗ്ലീഷ് ബാലസാഹിത്യകൃതികൾ 25% ലഭ്യമാക്കണം.

16. സാഹിത്യാഭിരുചി വളർത്താൻ കവിതകൾ, കഥകൾ തുടങ്ങിയവയുടെ കാസറ്റുകൾ സ്കൂളുകളിൽ ലഭ്യമാക്കുക.

17. അങ്കണവാടികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം, കളിക്കോപ്പുകൾ കൂടുതൽ ലഭ്യമാക്കണം.

18. ദൂരദർശനിൽ പ്രൈമറി, ഹൈസ്കൂൾ തലത്തിലുള്ള കുട്ടികൾക്കായി വിജ്ഞാനപ്രദമായ കൂടുതൽ പരിപാടികൾ ഉണ്ടാവണം.

19. പ്രധാനാധ്യാപക നിയമനത്തിനുള്ള മാനദണ്ഡം വയസ്സ്, സർവ്വീസ് എന്നിവ മാത്രമായിരിക്കരുത്. ഈ തസ്തികയിലേക്ക് നിയമനം ജനറൽ റിക്രൂട്ട്മെന്റ് വഴിയായിരിക്കണം.

20. സ്കൂളിലെ കൊഴിഞ്ഞുപോക്ക് കണ്ടെത്തി അത്തരം വിദ്യാർത്ഥികളെ വീണ്ടും സ്കൂളിലേക്ക് കൊണ്ടുവരാൻ വേണ്ട നടപടികൾ ഉണ്ടാവണം.

21. നായർകുഴി ഹൈസ്കൂൾ VHSS ആയി ഉയർത്തുക. REC GVHS ലെ VHSC യിൽ സ്ഥിരം അധ്യാപകരെ നിയമിക്കണം.

22. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ കമ്പ്യൂട്ടർ സെന്റർ തുടങ്ങണം. സ്ഥലം കെട്ടിടം എന്നിവ തദ്ദേശവാസികൾ നൽകുന്നതാണ്.

23. മന്ദബുദ്ധി, ബധിര, മൂക, അന്ധ വിദ്യാർത്ഥികൾക്കായി ഒരു വിദ്യാലയം പഞ്ചായത്തിൽ സ്ഥാപിക്കണം.

24. RECGVHS ലെ കളിസ്ഥലം വിട്ടുകിട്ടാൻ വേണ്ട നടപടി സ്വീകരിക്കണം.

25. ഗവൺമെന്റ് TTI കൾ പുനരാരംഭിക്കണം.

26. വെള്ളന്നൂർ ജി.എൽ.പി സ്കൂളിന്റെ ബിൽഡിംഗ് ഗവൺമെന്റ് ഏറ്റെടുക്കണം.

27. കുന്ദമംഗലം - ചാത്തമംഗലം കേന്ദ്രമാക്കി സബ് രജിസ്ട്രാർ ആപ്പീസിന് സമീപത്തുള്ള 3 ഏക്കർ പുറംപോക്ക് ഭൂമിയിൽ തൊഴിലധിഷ്ഠിത കോളേജോ, ആർട്സ് & സയൻസ് കോളേജോ ആരംഭിക്കണം.

28. കമ്മ്യൂണിറ്റ് പോളിടെക്നിക്ക് സ്ഥാപനങ്ങൾ പഞ്ചായത്തിൽ അനുവദിക്കുക.

29. ചാത്തമംഗലം GLP സ്കൂളിന് ഒരു കിണർ അനുവദിക്കുക.

30. ചാത്തമംഗലത്തെ സ്കൂൾഗ്രൗണ്ടുകൾ പൊതുജനങ്ങൾക്ക് കൂടി പ്രയോജനപ്പെടുംവിധം സൗകര്യപ്പെടുത്തി കായികരംഗം പരിപോഷിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

31. അനാവശ്യ അവധി പ്രഖ്യാപനങ്ങൾ ഒഴിവാക്കി അധ്യയന ദിവസങ്ങളുടെ എണ്ണം കൂട്ടണം.

32. അഞ്ചാം വാർഡിലെ മുന്നൂര്, 10-ാം വാർഡിലെ കല്ലിടുമ്പ്, ഒന്നാം വാർഡിലെ പുള്ളന്നൂർ, 3-ാം വാർഡിലെ കോളനി, പൂളക്കോട് എന്നിവിടങ്ങളിൽ അംഗനവാടികൾ ആരംഭിക്കണം.

33. അനൗപചാരിക വിദ്യാഭ്യാസത്തിന് പ്രായോഗികമായ പരിപാടികൾ ആസൂത്രണം ചെയ്യണം.

34. REC യിൽ ഈവനിംഗ് ക്ലാസുകൾ ആരംഭിക്കണം.

പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിൽ വരുത്തുന്നവ:

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ 4, 7 ക്ലാസുകളിൽ പൊതുപരീക്ഷ നടത്തണം.

2. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് PTA യുടെ സഹായത്തോടെ ബോധവൽക്കരണം നടത്തുക.

3. ഓരോ സ്കൂളിലേയും മിടുക്കരായ വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് പ്രോത്സാഹനം നൽകണം.

4. LP-UP സ്കൂളിലേക്ക് പഠനോപകരണങ്ങൾ നിർമിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ അധ്യാപകർക്ക് വർക്ക്ഷോപ്പ് സംഘടിപ്പിക്കുക. ആവശ്യമായ സാമ്പത്തിക സഹായം പഞ്ചായത്ത് നൽകണം.

5. അധ്യാപകരുടെ ഇൻസർവ്വീസ് കോഴ്സുകൾ പഞ്ചായത്ത് തലത്തിൽ വിദഗ്ധരായ അധ്യാപകരുടെ സഹായത്തോടെ സംഘടിപ്പിക്കുക.

6. വെക്കേഷൻ കാലത്ത് വിനോദത്തിലൂടെ വിദ്യാർത്ഥികൾക്ക് പഠനം ലഭ്യമാക്കുക.

7. സാക്ഷരതാ പരിപാടി ഊർജ്ജിതപ്പെടുത്തുക.

8. ജനവിദ്യാ കേന്ദ്രം പ്രവർത്തനയോഗ്യമാക്കുക.

9. കലാ - കായികപരിപാടികൾ , വിദ്യാഭ്യാസ സമിതി, PTA എന്നിവയുടെ നേതൃത്വത്തിൽ അവധി ദിവസങ്ങളിൽ ഗ്രാമോത്സവമായി നടത്തണം.

10. വിദ്യാഭ്യാസ സമിതികളുടെ പ്രവർത്തനം സജീവമാക്കുക.

വികസനത്തിന്റെ അടിസ്ഥാന ഘടകമായ വിദ്യാഭ്യാസത്തിന്റെ വികസനത്തിലൂടെ മാത്രമെ ഗ്രാമങ്ങ

ളുടെ മുഖചരായ മാറ്റിയെടുക്കാൻ സാധ്യമാവു. വിശേഷാൽ ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന നിർദേശങ്ങളും പരിഹാരങ്ങളും സാധ്യമാവുന്ന പക്ഷം നമ്മുടെ പഞ്ചായത്തിൽ പരിവർത്തനത്തിന് തുടക്കമിടുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണ നിശ്ചയിക്കുന്നതിനുമായി സമർപ്പിക്കുന്നു.

അനൗപചാരികമായി വിദ്യാഭ്യാസ രംഗത്ത് കാര്യമായ സംഭാവനകൾ അർപ്പിച്ച പഞ്ചായത്താണ് ചാത്തമംഗലം.

ചാത്തമംഗലം പൊതുജന വായനശാല. ഉപാസന വായനശാല, കോഴിക്കോട്, യുവജന വായന ശാല, ചൂലൂർ, അക്ഷര, കൂളിമാട്, എരിമല വായന ശാല, നെഹ്റു സ്മാരക വായനശാല നെച്ചുളി, മല യമ്മ പൊതുജന വായനശാല എന്നിവയുടെ പ്രവർത്തനങ്ങൾ എടുത്തു പറയത്തക്കതാണ്. 15 വയസ്സിനു താഴെയുള്ള കുട്ടികളിൽ ഏറ്റവും നല്ല വായനക്കാരെ കണ്ടെത്തുന്നതിനുള്ള സംസ്ഥാന തല മത്സരത്തിൽ വിജയിച്ചു 'ജയശങ്കർ സ്മാരക' അവാർഡും മറ്റു പ്രോത്സാഹന സമ്മാനങ്ങളും തുടർച്ചായായ നാലു വർഷം ലഭിച്ചത്; ചാത്തമംഗലം പൊതുഡന വായനശാല പ്രവർത്തകർക്കാണ്. കാൻഫെഡിന്റെ ആഭിമുഖ്യത്തിൽ ഈ ഗ്രാമപഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ നടത്തപ്പെട്ട വയോജന ക്ലാസുകൾ സജീവവും ഫലപ്രദവാമായിരുന്നു.

സാക്ഷരതാ രംഗത്ത് ഇവിടെ മാതൃകാപരമായ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

117 ക്ലാസുകളിലായി ആയിരത്തോളം നവസാക്ഷരരെ സൃഷ്ടിച്ചെടുക്കാൻ ഈ പഞ്ചായത്തിലെ പ്രവർത്തകർക്കു സാധിച്ചവെങ്കിലും തുടർ വിദ്യാഭ്യാസ പരിപാടി വേണ്ടത്ര സജീവമാകാതെ പോയി. പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട ജനവിദ്യാഭ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിക്കൊണ്ട് ഈ ന്യൂനത പരിഹരിക്കപ്പെടാവുന്നതാണ്. പ്രതിബദ്ധയുള്ള ഒട്ടേറെ സാമൂഹ്യ സാസംസ്കാരിക പ്രവർത്തകർ ഇവിടെയുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ ഏകോപിച്ചുകൊണ്ട് പ്രോത്സാഹനം നൽകിയാൽ ഈ രംഗത്ത് മഹത്തായ മാറ്റങ്ങളുണ്ടാകും.

വള്ളം ഉപയോഗം

ക്ര. നമ്പർ	സ്ഥാപനത്തിന്റെ പേര്	വള്ളം	രാസവളം കി.ഗ്രാം	1993-94		രാസവളം കി.ഗ്രാം	1994-95		രാസവളം കി.ഗ്രാം	1996-97	
				കീടനാശിനി കി.ഗ്രാം			കീടനാശിനി കി.ഗ്രാം			കീടനാശിനി കി.ഗ്രാം	
				ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
1	സൗകര്യം	ഔട്ടുജൻ വള്ളങ്ങൾ	62,500	-	1,000kg	82,900	-	-	1,11,500	-	1000kg
		ഫൈബർഗ്ലാസ് വള്ളങ്ങൾ	61,500	-		81,900	-	-	1,01,500	-	
		മെറ്റൽഷീറ്റ് വള്ളങ്ങൾ	57,500	-		68,500	-	-	1,24,000	-	
		ഔട്ടുജൻ വള്ളങ്ങൾ	41,200			64,000			85,000		
2	സൗകര്യം	ഫൈബർഗ്ലാസ് വള്ളങ്ങൾ	45,000	55 ltr.	500kg	47,000	25 ltr	200kg	52,000	20ltr	50kg
		മെറ്റൽഷീറ്റ് വള്ളങ്ങൾ	50,000			48,000			44,000		

ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

ആരോഗ്യം

40,000ത്തോളം ജനസംഖ്യയുള്ള ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ആരോഗ്യസ്ഥിതി പൊതുവെ തൃപ്തികരമാണ്. അലോപ്പതി, ആയുർവ്വേദം, ഹോമിയോ, പ്രകൃതി ചികിത്സ എന്നീ ചികിത്സാസമ്പ്രദായങ്ങൾ ഇവിടെ വ്യാപകമാണ്. നാട്ടുചികിത്സക്കും പാരമ്പര്യചികിത്സക്കും ഇവിടെ ഗണ്യമായ സ്ഥാനം ഉണ്ടായിരുന്നു. മർമ്മചികിത്സയിൽ നൈപുണ്യം നേടിയവരും ഈ പഞ്ചായത്തിലുണ്ട്. 1973-ൽ സ്ഥാപിച്ച നായർകുഴിയിലെ ഹോമിയോ ആശുപത്രി, 1978-ൽ സ്ഥാപിച്ച വെള്ളനൂരിലെ ആയുർവേദ ഡിസ്പെൻസറി, 1988-ൽ സ്ഥാപിച്ച ചൂലൂരിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന സർക്കാർതല ചികിത്സാ കേന്ദ്രങ്ങൾ. കൂടാതെ സ്വകാര്യമേഖലയിൽ 2 അലോപ്പതി ക്ലിനിക്കുകൾ, 9 ഹോമിയോ ചികിൽസാകേന്ദ്രങ്ങൾ, 8 ആയുർവേദ ചികിൽസാ കേന്ദ്രങ്ങൾ എന്നിവയും വിവിധ പാരമ്പര്യ ചികിൽസാകേന്ദ്രങ്ങളും ഇവിടെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്. രോഗപ്രതിരോധ പ്രവർത്തനരംഗങ്ങളിൽ മികച്ച സേവനങ്ങൾ ലഭ്യമാണ്. എങ്കിലും ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും വിദഗ്ദ്ധ ചികിൽസകൾക്ക് സമീപപ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്. രോഗികളെ കിടത്തി ചികിൽസിക്കാനുള്ള ആശുപത്രി സൗകര്യങ്ങൾ ഇവിടത്തുകാർക്ക് ഇനിയും ലഭ്യമായിട്ടില്ല. 15 കി.മീ. അകലെയുള്ള കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് അത്താണിയാണ്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
പ്രൈമറി ഹെൽത്ത് സെന്റർ ചൂലൂർ	10	1988	15
ആയുർവേദ ഡിസ്പൻസറി വെള്ളനൂർ	8	1978	4
ഹോമിയോ ആശുപത്രി, നായർകുഴി	4	1973	3
സബ്സെന്റർ കളൻതോട്	3		
എഫ്.ഡബ്ല്യു സെന്റർ പുള്ളനൂർ	1		
എഫ്. ഡബ്ല്യു സെന്റർ വെള്ളനൂർ	8		
7. സബ് സെന്റർ നെച്ചുളി	7		
8. സബ് സെന്റർ പാഴൂർ	5		

പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ അവസ്ഥ

ക്രമ നമ്പർ	സ്ഥാപനം	സ്ഥലം	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
1.	പ്രാഥമിക ആരോഗ്യ കേന്ദ്രം	ചൂലൂർ	തൃപ്തികരമല്ല ആവശ്യമുള്ള മരുന്നുകൾ ലഭ്യമല്ല കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ല. യാത്രാ സൗകര്യക്കുറവ്.	കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുക. ചുറ്റുമതിൽ കെട്ടുക. കാർട്ടേഴ്സ് സ്ഥാപിക്കുക. എക്സറേ ലാബറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക. ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.
2.	ആയുർവേദ ഡിസ്പൻസറി	വെള്ളനൂർ	തൃപ്തികരമല്ല. ഫർണിച്ചറില്ല. കക്കൂസുകൾ ഉപയോഗശൂന്യം ആവശ്യമുള്ള മരുന്നുകളില്ല. കെട്ടിടത്തിന്റെ അപര്യാപ്തത.	കിടത്തിചികിത്സിക്കാനുള്ള ഏർപ്പാട് ചെയ്യുക. മരുന്നുകളുടെ അലോട്ട്മെന്റ് വർദ്ധിപ്പിക്കുക. വഴിസൗകര്യം ഏർപ്പെടുത്തുക. അറ്റകുറ്റ പണികൾ നടത്തുക. ഫർണിച്ചർ നിർമ്മിക്കുക. കക്കൂസ് ഉപയോഗയോഗ്യമാക്കുക.
3.	ഹോമിയോ ഡിസ്പൻസറി	നായർകുഴി	മരുന്നുകളുടെ അലോട്ടുമെന്റിന്റെ അപര്യാപ്തത. കെട്ടിടത്തിന്റെ ശോച്യാവസ്ഥ. ചുറ്റുമതിലില്ല. ഫർണിച്ചർ ഇല്ല. കാർട്ടേഴ്സ് ഇല്ല.	കെട്ടിടത്തിന്റെ ശോച്യാവസ്ഥ മാറ്റുക. കിടത്തി ചികിത്സിക്കാനുള്ള ഏർപ്പാട് ചെയ്യുക. യാത്രാ സൗകര്യം വർദ്ധിപ്പിക്കുക. ആവശ്യമായ മരുന്നുകൾ, ഫർണിച്ചർ എന്നി ലഭ്യമാക്കുക. കാർട്ടേഴ്സ് സ്ഥാപിക്കുക.

കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

	നോർമൽ		ഒന്നാംഗ്രേഡ്		രണ്ടാംഗ്രേഡ്		മൂന്നാംഗ്രേഡ്		മിഡിൽസ്	
പ്രായം	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ		
1 വയസ്സിൽ താഴെ	233	185	73	66	24	19	-	-		
1-3 വയസ്സ്	358	373	180	159	60	67	-	-	2	2
3-6 വയസ്സ്	399	385	171	155	75	75	-	3		

കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾ

കുട്ടികൾ	ബി. സി.ജി.	ഡി.പി.ടി. 1D	2D	3D	BD	പോളിയോ 1D	2D	3D	BD	ഡി.ടി. 1D	2D	3D	BD	മീസിൽസ്
1 വയസ്സിൽ താഴെ	551	519	391	369	91	462	428	323	127	12	13	18	46	355
1-3	821	637	667	615	608	639	627	677	550	99	56	-	103	461
3-5	988	834	806	822	515	795	766	772	480	304	208	13	272	697

ഗർഭിണികൾക്കുള്ള ടെറ്റനസ് ടോക്സോയിഡ് (TT)

ഗർഭിണികൾ	1D	2D	BD
	266	197	22

ഇരുമ്പ് / ഫോളിക് ആസിഡ് ലഭിച്ച ഗർഭിണികൾ 310
ഇരുമ്പ് / ഫോളിക് ആസിഡ് ലഭിച്ച കുട്ടികൾ 978
വിറ്റാമിൻ എ. തുള്ളി മരുന്ന് ലഭിച്ച കുട്ടികൾ 803
ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 345
വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 17

പകർച്ചവ്യാധി രോഗങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993-94	115	20	-	-
1994-95	120	25	31	-
1995-96	110	25	2	-
ആകെ	**345**	**70**	**33**	**-**

ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ നിലനിൽപ്പിന് മുഴുവൻ കുടുംബങ്ങൾക്കും കക്കൂസും അനുബന്ധ സൗകര്യങ്ങളും ഉണ്ടാവേണ്ടതുണ്ട്.

13 വാർഡുകളിലായി 277 നിർദ്ദന കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽനിന്ന് ഈവർഷം JRY പദ്ധതിയിൽ കക്കൂസുകൾക്കുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയും ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെയും മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു നൽകാൻ ആവശ്യമായ ഒരു തീവ്രയത്ന പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കഴിയേണ്ടതാണ്.

കക്കൂസുകളെ സംബന്ധിക്കുന്ന വിവരം

വില്ലേജ്	സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992നുശേഷം)	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസ് വേണ്ട കുടുംബങ്ങളുടെ എണ്ണം
പൂളക്കോട്	650	40	40	610
ചാത്തമംഗലം	540	38	38	502
ആകെ	**1190**	**78**	**78**	**1112**

ആരോഗ്യ രംഗത്തെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിൽ മൊത്തത്തിലുള്ള ജനങ്ങളുടെ സൗകര്യങ്ങൾക്കനുസരിച്ചുള്ള ചികിത്സാ സ്ഥാപനങ്ങളുടെ അപര്യാപ്തത.

2. പൊതു സ്ഥലങ്ങളിലും റോഡുകളിലുമുള്ള പരിസര മലിനീരണം.

3. അലഞ്ഞ് തിരിഞ്ഞു നടക്കുന്ന നായകളുടെ ശല്യം.

4. വെള്ളപ്പൊക്കസമയങ്ങളിൽ ഉണ്ടാവുന്ന സാംക്രമിക രോഗങ്ങൾ.

5. പൊതുശ്മശാനങ്ങളുടെ അപര്യാപ്തത.

6. ശുദ്ധജല സ്രോതസ്സുകൾ, കനാലുകൾ എന്നിവയിൽ അഴുക്കുമൂലമുള്ള മലിനീകരണം.

7. പൊതുസ്ഥലങ്ങളിലെ കക്കൂസ്, മൂത്രപ്പുരകളുടെ അപര്യാപ്തത.

8. രോഗങ്ങളെ കുറിച്ചുള്ള അറിവില്യായ്മ.

9. മദ്യനിരോധനം പൂർണ്ണമായി നടപ്പാക്കുക.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. ചൂലൂരിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കീഴിലാക്കുക.

2. നിലവിലുള്ള സബ് സെന്ററുകളുടെ സൗകര്യം വർദ്ധിപ്പിക്കുക. മലയമ്മ, അരയങ്കോട്, കട്ടാങ്ങൽ, നായർകുഴി എന്നീ സ്ഥലങ്ങളിൽ സബ് സെന്റർ സ്ഥാപിക്കുക.

3. പ്രധാന അങ്ങാടികളിൽ അഴുക്കുചാൽ സംവിധാനം ഏർപ്പെടുത്തുക.

4. ചാത്തമംഗലം, കട്ടാങ്ങൽ എന്നീ പ്രദേശങ്ങളിൽ മത്സ്യ മാർക്കറ്റ് ഏർപ്പെടുത്തുക.

5. വായു-ശബ്ദ മലിനീകരണ നിവാരണ നടപടികൾ സ്വീകരിക്കുക.

6. അരയങ്കോട്, പാഴൂർ, ചേനോത്ത്, ചാത്തമംഗലം എന്നീ പ്രദേശങ്ങളിൽ ആയുർവ്വേദ ഡിസ്പൻസറികൾ സ്ഥാപിക്കുക.

7. കൊതുകു നിവാരണ നടപടികൾ സ്വീകരിക്കുക.

8. രോഗ നിർണ്ണയ ക്യാമ്പുകൾ നടത്തുക.

9. മാസാന്തം അംഗനവാടികളിൽ വൈദ്യ പരിശോധന നടത്തുക. ലക്ഷം വീട് ഹരിജൻ കോളനികളിൽ പഞ്ചായത്തുതല ഹെൽത്ത് മൊബൈൽ യൂണിറ്റ് സ്ഥാപിക്കുക.

10. വീട്ടമ്മമാർക്ക് ആരോഗ്യ പഠന ക്ലാസ് ഏർപ്പെടുത്തുക.

11. ഹോമിയോ റിസർച്ച് സെന്റർ സ്ഥാപിക്കുക.

കുടിവെള്ളം

ശുദ്ധ വായുവിനെപ്പോലെത്തന്നെ മനുഷ്യ നിലനിൽപ്പിന് വളരെ ആവശ്യമാണ് ശുദ്ധജലം. സാമൂഹിക - സാംസ്കാരിക - വ്യാവസായിക വളർച്ചക്ക് അത്യാവശ്യമായ ഒരു ഘടകമാണ് ജലം. വേനൽക്കാലങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് ചാത്തമംഗലം പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളും. ഈ പഞ്ചായത്തിൽ 42 പൊതു കിണറുകളും 8 കുഴൽ കിണറുകളും 1 റൂറൽ വാട്ടർ സപ്ലൈ സ്കീമുമാണ് നിലവിലുള്ളത്. കൂടാതെ പഞ്ചായത്തിന്റെ 2 മിനി ജല പദ്ധതികളും ഉണ്ട്. ഈ സ്കീമുകളിൽനിന്നെല്ലാം കൂടി 12500 ജനങ്ങൾക്ക് വെള്ളം ലഭിക്കുന്നു. പഞ്ചായത്തിന്റെ വാട്ടർ സപ്ലൈ സ്കീമിൽനിന്ന് 161 വീടുകൾക്ക് പൈപ്പ് കണക്ഷൻ കൊടുത്തിട്ടുണ്ട്. മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ നിന്ന് ഭൂരിഭാഗം ജനങ്ങൾക്കും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതായി മനസ്സിലാക്കാം.

വിദ്യാലയ സൗകര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	റിസ്റ്റർണ്ണാ	ഓഫീസ്	സ്റ്റാഫ് റൂ	ലാബ്	ലൈബ്രറി	മൂത്രപുര	കക്കൂസ്	പാചകപുര	വൈദ്യുതി	കളിസ്ഥലം	കിണർ	ഫർണിച്ചറുകൾ
1	ജി.എൽ.പി.എസ് ന്യൂ പുള്ളനൂർ	1 ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	അപര്യാപ്തം
2	ജി.എൽ.പി.എസ് പുളക്കോട്	75 സെന്റ്	ഇല്ല	,,	,,	,,	,,	ഉണ്ട്	,,	,,	ഇല്ല	,,	,,
3	ജി.എൽ.പി.എസ് ഏരിമല	61 സെന്റ്	ഉണ്ട്	,,	ഉണ്ട്	ഉണ്ട്	,,	,,	ഉണ്ട്	,,	ഉണ്ട്	,,	,,
4	മാവൂർ എ.എൽ.പി.എസ് അരയങ്കോട്	24 സെന്റ്	,,	,,	,,	ഇല്ല	,,	ഇല്ല	,,	,,	ഇല്ല	ഇല്ല	,,
5	എ.എം.എൽ.പി.എസ് താത്തൂർ	30 സെന്റ്	,,	,,	ഇല്ല	,,	,,	,,	,,	,,	,,	,,	,,
6	എ.എൽ.പി.എസ് ചൂലൂർ	42 സെന്റ്	,,	,,	,,	ഉണ്ട്	,,	,,	ഇല്ല	,,	,,	ഉണ്ട്	,,
7	ജി.എൽ.പി.എസ് വെള്ളനൂർ	30 സെന്റ്	,,	,,	,,	ഇല്ല	,,	ഉണ്ട്	,,	,,	,,	,,	,,
8	ജി.എൽ.പി.എസ് ചാത്തമംഗലം	52 സെന്റ്	,,	,,	,,	,,	,,	,,	ഉണ്ട്	,,	ഉണ്ട്	ഇല്ല	അപര്യാപ്തം
9	കീഴൂർ എ.എൽ.പി.എസ്	86 സെന്റ്	,,	,,	,,	,,	,,	ഇല്ല	ഇല്ല	,,	,,	ഉണ്ട്	,,
10	ജി.ഡബ്ല്യു.എൽ.പി.എസ് ചാത്തമംഗലം	58 സെന്റ്	,,	,,	,,	,,	,,	ഉണ്ട്	,,	,,	,	ഇല്ല	,,
11	ജി.എൽ.പി.എസ് ചേനോത്ത്	20 സെന്റ്	,,	,,	ഉണ്ട്	ഉണ്ട്	,,	,,	,,	,,	ഇല്ല	ഉണ്ട്	,,
12	ജി.എൽ.പി.എസ് പുള്ളനൂർ	10 സെന്റ്	,,	,,	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	,,	,,	,,
13	എ.യു.പി.എസ് മലയമ്മ	1 ഏക്കർ	,,	ഉണ്ട്	ഉണ്ട്	ഉണ്ട്	,,	ഉണ്ട്	,,	,,	,,	,,	,,
14	എ.യു.പി.എസ് പാഴൂർ	70 സെന്റ്	,,	,,	,,	,,	,,	,,	,,	ഇല്ല	,,	,,	,,
15	എ.യു.പി.എസ് ചൂലൂർ	1 ഏക്കർ	,,	,,	,,	,,	,,	,,	ഇല്ല	,,	ഉണ്ട്	,,	,,
16	എ.യു.പി.എസ് കുഴക്കോട്	1 ഏക്കർ	,,	,,	,,	,,	,,	,,	,,	ഉണ്ട്	,,	,,	,,
17	എ.യു.പി.എസ് ചാത്തമംഗലം	116 സെന്റ്	,,	,,	ഇല്ല	,,	ഉണ്ട്	ഉണ്ട്	ഉണ്ട്	,,	,,	,,	,,
18	ജി.വി.എച്ച്.എസ് ആർ.ഇ.സി	3 ഏക്കർ	,,	,,	ഉണ്ട്	,,	,,	,,	,,	,,	ഇല്ല	,,	,,
19	ഗവ. ഹൈസ്കൂൾ നായർകുഴി	3 ഏക്കർ	,,	,,	,,	,,	,,	,,	,,	ഇല്ല	,,	,,	,,

നിഗമനങ്ങൾ

പഞ്ചായത്തിന്റെ ശുദ്ധജല വിതരണ സംവിധാനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം 2395 ആകുന്നു. അനൗദ്യോഗികമായി നടത്തിയ സാമ്പിൾ സർവ്വെയുടെ അടിസ്ഥാനത്തിൽ ഏകദേശം 29 ശതമാനം ജനങ്ങൾ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നതായി കണക്കാക്കുന്നു.

പഞ്ചായത്തിന്റെ പലഭാഗങ്ങളും ഉയർന്ന പ്രദേശങ്ങളായതിനാൽ വേനൽക്കാലത്ത് കുടിവെള്ളം ശേഖരിക്കുന്നതിന് അരക്കിലോമീറ്ററിലധികം യാത്ര ചെയ്യേണ്ടി വരുന്നു.

വിശേഷാൽ ഗ്രാമസഭകളിൽ ജനങ്ങളിൽ നിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

കുടിവെള്ളം പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
I. കല്ലുംമ്പ്രം, മുണ്ടോട്ടുപൊയിൽ, തോട്ടോളി കടവ്, നാരകശ്ശേരി, മാതോലത്തുകടവ്, കല്ലഞ്ചേരി ഭാഗങ്ങൾ	പഞ്ചായത്തിന്റെ കീഴിൽ പൂർത്തീകരിച്ചിട്ടുള്ള പടിഞ്ഞറെ മല ചെറുകിട ശുദ്ധജല വിതരണ പദ്ധതി വിപുലീകരിച്ച് പൈപ്പ് ലൈൻ നീട്ടുക.
II. കരിയാത്തൻ കുന്ന്, ചുടലക്കണ്ടി, പുതുവയൽ, പേന്ദ്രയിലെ 4 സെന്റ് കോളനി, കരുവാരപ്പറ്റ, കണക്കഞ്ചേരി, മാടാരി, തടത്തുമ്മൽ, പാടശ്ശേരി കുന്ന്, പൊലിച്ചോൽ കുന്ന്, മലയമ്മ യു.പി.സ്കൂൾ പരിസരം.	RWSS-ന്റെ പൈപ്പ് ലൈൻ നീട്ടുകയോ അല്ലെങ്കിൽ പൂപ്പറുത്തി വയലിൽ കിണർ കുഴിച്ച് കരിയാത്തൻ കുന്നിൽ ടാങ്ക് കെട്ടി ജലവിതരണം നടത്താം.
III. കളത്തങ്ങൽ പുതുക്കുന്നത്ത് പേട്ടുംതടായി, അരിക്കുളങ്ങര, അമ്പലക്കണ്ടി, പാലക്കുറ്റി ഭാഗങ്ങൾ	RWSSന്റെ പൈപ്പ് ലൈൻ നീട്ടുകയോ അല്ലെങ്കിൽ പാലക്കുറ്റി, അമ്പലകണ്ടി, പേട്ടുംതടായി എന്നിവിടങ്ങളിൽ കിണറുകൾ നിർമ്മിച്ച് ചെറുകിട ജലവിതരണ പദ്ധതി നടപ്പിലാക്കുക.
അരുവാരംകുന്ന് ഹരിജൻ കോളനി	തറ മണ്ണിൽ താഴത്ത് (അട്ടക്കുണ്ട്) കിണർ കുഴിച്ച് ജലവിതരണ പദ്ധതി നടപ്പിലാക്കുക.
അരീക്കുളങ്ങര അമ്പലത്തിന് സമീപം	പൂളക്കോട് വയലിൽ കിണർ കുഴിച്ച് ജലവിതരണം നടത്തുക.
IV. പറയരുകോട്ടുമ്മൽ ഹരിജൻ കോളനി, മാളികത്തടം നാല് സെന്റ് തടം കുറ്റിക്കുളം അടിപ്പറമ്പ് ഭാഗം, തടത്തിൽ ഭാഗം, കരിയാത്തൻ കുന്ന്, പുതിയാടം, പാറക്കണ്ടി, കൂട്ടക്കര.	കുറ്റിക്കുളം തടത്തിൽ താഴെ ഭാഗംവയൽ, പുതുക്കുഴി എന്നിവിടങ്ങളിൽ കിണറുകൾ കുഴിച്ച് ജലവിതരണ പദ്ധതികൾ നടപ്പിലാക്കുക.
V. എരഞ്ഞിപറമ്പ്, ചെറുതടം ലക്ഷംവീട് കോളനി, ചിറ്റാരി പിലാക്കൽ, ചക്കാലൻ കുന്ന്, കൂളിമാട്, പുലക്കുത്ത് പുറായി ഭാഗങ്ങൾ	വൈദ്യുത കണക്ഷൻ ലഭിക്കാത്തതുകൊണ്ട് മാത്രം പ്രവർത്തനക്ഷമമല്ലാത്ത എരഞ്ഞിപ്പറമ്പ് - ചിറ്റാരിപ്പിലാക്കൽ ശുദ്ധജലവിതരണ പദ്ധതിക്ക് വൈദ്യുതി കണക്ഷൻ നൽകി പ്രവർത്തിപ്പിക്കുകയും പദ്ധതി വിപുലപ്പെടുത്തുകയും ചെയ്യുക.
KWA ഹെഡ് വർക്ക് സെക്ഷന്റെ (കൂളിമാട്) പരിസരം	KWA ഹെഡ് വർക്ക് സെക്ഷനിൽനിന്നും (കൂളിമാട്) പൈപ്പ് ലൈൻ നീട്ടുക.

VI. അരയങ്കോട് അങ്കനവാടി, സാംസ്കാരിക നിലയം	നിലവിൽ മാവൂർ പഞ്ചായത്തിൽനിന്ന് സ്കൂൾ വരെയുള്ള ലൈൻ നീട്ടുക.
കാക്കിശ്ശേരി, അടിപ്പറമ്പ്, കുറ്റിക്കുളം, താത്തൂർ, പങ്കേറ്റിങ്ങര, മച്ചിങ്ങൽ പ്രദേശം	സൗത്ത് അരയൻകോട് പാമ്പേറ്റിൻകര ഭാഗത്തോ പടിഞ്ഞാറേ ഭാഗത്തോ കിണർ കുഴിച്ച് ജലവിതരണ പദ്ധതി നടപ്പിലാക്കുകയോ KWA യുടെ ഹെഡ്വർക്ക് സെക്ഷനിൽ നിന്ന് പൈപ്പ് ലൈൻ നീട്ടുകയോ ചെയ്യുക.
കളത്തിൽ ആലുംകണ്ടി, വിരുന്നുംകുഴി, കിളിയാടം, മൂച്ചിക്കൽ, എളംപ്രമ്മൽ, മൂന്ന്പോക്കിൽ പ്രദേശം.	അരയംകോട് വയലിൽ കിണർ നിർമ്മിക്കുക. ഇവ രണ്ടും പൈപ്പ് ലൈൻ സ്ഥാപിച്ച് പരിഹരിക്കാം.
എളമ്പ്രമല (വെള്ളലശ്ശേരി)	നിലവിലുള്ള നീരുറവ കെട്ടി സംരക്ഷിച്ച് ജലവിതരണം നടത്തുക.
4, 5, 6, 7 വാർഡുകളുൾക്കൊള്ളുന്ന മുഴുവൻ പ്രദേശങ്ങളും.	ചാലിയാർ പുഴയുടെ കൂളിമാട് ഭാഗത്ത് കിണർകുഴിച്ച് താണിക്കോട്ട് മലയിൽ ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുക.
VI. പുതിയാടം ഭാഗം ഉരണ്യാമാക്കൽ 4 സെന്റ് കോളനി, പരുത്തിപ്പാറ ഹരിജൻ കോളനി.	പുതിയാടം ചോലക്കുളം വികസിപ്പിച്ച് ജലവിതരണ പദ്ധതി നടപ്പിലാക്കുക. (ഇതുമൂലം കുളത്തിന്റെ മേൽഭാഗത്തിലുള്ള കിണറുകളിലെ ജലവിതാനം താഴ്ന്ന് പോകാതെ നിലനിർത്താനാകും.) നിലവിലുള്ള വാർട്ടർ സപ്ലൈ സ്കീം വിപുലപ്പെടുത്തുക.
VII. പുല്ലങ്കോട് മല	പുല്ലങ്കോട് മലയ്ക്ക് താഴെയുള്ള കുളം നന്നാക്കി ജലവിതരണം നടത്തുക.
സങ്കേതം	നിലവിലുള്ള കുളത്തിൽ പമ്പ് സെറ്റ് സ്ഥാപിച്ച് ജലവതരണം നടത്തുക.
പാലക്കാടി, മുണ്ടക്കാളി, പുൽപ്പറമ്പ് പ്രദേശം	പാലക്കാടി കിണർ നന്നാക്കി പൈപ്പ് ലൈൻ സ്ഥാപിച്ച് ജലവിതരണം നടത്തുക.
കടാംകുന്ന് കോളനി (ഹരിജൻ)	നിലവിലുള്ള ഉരണ്യാമാക്കൽ വാട്ടർ സപ്ലൈ സ്കീം വിപുലപ്പെടുത്തുക.
എളാക്കുന്ന് കോളനി, കിട്ടശ്ശേരി പുളിക്കത്തൊടി.	കിണർ കുഴിച്ച് ജലവിതരണ പദ്ധതി നടപ്പിലാക്കുക.
VIII. വെള്ളനൂർകോട്ടക്കുന്ന് കോളനി വെള്ളനൂർലക്ഷം വീട് കോളനി, കല്ലുടുമ്പിൽ പ്രദേശം. പുലപണകുന്ന്, നെടുമണ്ണ പെരുവഴിക്കടവ്.	നെടുവത്ത് പാടത്ത് കിണർ കുഴിച്ച് കോട്ടക്കുന്നിൽ ടാങ്ക് കെട്ടി ജല വിതരണ പദ്ധതി നടപ്പിലാക്കുക.
വഴിപോക്കിൽ, തടത്തുമ്മൽഭാഗം, കുറുക്കൻ കുന്ന്. പെരുവഴി കടവ്.	പഞ്ചായത്തിൽ നിലവിലുള്ള RWSS ന്റെ പൈപ്പ് ലൈൻ നീട്ടുകയോ, തടത്തുമ്മൽ പ്രദേശത്ത് ടാങ്ക് കെട്ടി ചെറുപുഴയിൽനിന്ന് വെള്ളമെടുത്ത് വിതരണം ചെയ്യുക.

വെള്ളനൂർ പറക്കുന്ന് കോളനി, പാറക്കണ്ടി കോളനി.

വെള്ളനൂർ വിരിപ്പിൽ

IX. പൂളപ്പറമ്പ് പാലപ്ര മീത്തൽ സബ്ബ് റജിസ്ട്രാർ ഓഫീസ് കണ്ടക്കുളം മാനാരി, പാറമ്മൽ, പാലാട്ടുമ്മൽ, പൂളപ്പറമ്പിൽ, പുളിക്കുഴി, പുറായി കോളനി, ചെന്നമ്പം കുഴി, എളവനപ്പറമ്പ്.

X. തെക്കുമ്പലം, അരക്കമ്പറ്റ കുന്ന്, കമ്മാടത്ത് മേത്തൽ, തെക്കേതൊടിക, കുഴിപ്പുറം താഴത്ത്, കല്ലിടുമ്പ് കുന്നത്ത്.

XI. പാലക്കൽ, മണ്ണത്താൻകണ്ടി ഭാഗം, ചേനോത്ത്, മഞ്ഞക്കിടാപ്പിൽ ഹരിജൻ കോളനി, ചേനോത്ത് ഹെൽത്ത് സബ്ബ് സെന്റർ.

അമ്പേദ്ക്കർ കോളനി, ഹരിജൻ കോളനി, കുറുങ്ങാട്ടുമ്മൽ, ചേനോത്ത് ശ്മശാനം, വടക്കയിൽ പുനക്കുയിൽ, ചേനോത്ത് അംഗനവാടി, പേനക്കുന്ന് മണ്ണിലിടം ഭാഗം, താഴെ പന്ത്രണ്ടാംമൈൽ, ചേനോത്ത് പൊട്ടക്കുളം, കുമ്പാര കോളനി.

XII. പുള്ളാവൂർ കുറുങ്ങാട്ട് കടവ്

കരുവാരപ്പറ്റ റോഡ് മല്ലിമുക്ക് കുഞ്ഞിപ്പറമ്പത്ത്

വല്ലാംകണ്ടി കുന്ന്,

കുറുങ്ങാട്ട് കടവ്,

മുണ്ടക്കാം പറമ്പത്ത്

നിലവിലുള്ള പഞ്ചായത്ത് കിണർ നന്നാക്കി ഉപയോഗയോഗ്യമാക്കുക.

പൊതു കിണർ കുഴിക്കുക

പഞ്ചായത്തിന്റെ RWSSന്റെ പൈപ്പ് ലൈൻ നീട്ടുകയോ ചെറുപുഴയിൽ ചോയി മഠം ഭാഗത്ത് കിണർ നിർമ്മിച്ച് പാലാട്ട് കുന്നുമ്മൽ ടാങ്ക് കെട്ടി ജലവിതരണം നടത്തുകയോ ചെയ്യുക. (പൂളപ്പറമ്പ് ഒരു ഉയർന്ന പ്രദേശമായതുകൊണ്ട് ഇവിടേക്ക് സ്വന്തമായി ഒരു മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കാവുന്നതുമാണ്.)

വളപ്രകുന്നുമ്മൽ ടാങ്ക് കെട്ടി നിലവിലുള്ള JRY ടാങ്കിൽ നിന്ന് വെള്ളം എത്തിക്കുക. വാഴപ്പാടം വയലിൽ കിണർ കുഴിച്ച് വെള്ളം എത്തിക്കുക.

നിലവിലുള്ള RWSS ന്റെ പൈപ്പ് ലൈൻ നീട്ടി വെള്ളം എത്തിക്കുക. RWSSന്റെ മണ്ണിലിടം കടവിലെ കിണർ വൃത്തിയാക്കുകയും വാട്ടർ ടാങ്കിന്റെ സുരക്ഷിത്തം ഉറപ്പുവരുത്തുവാൻ ചുറ്റുമതിൽ കെട്ടുകയും ചെയ്യുക.

നിലവിലുള്ള RWSSന്റെ വിതരണ ശൃഖല ദീർഘിപ്പിക്കുക.

നിലവിൽ സ്ഥാപിച്ച പൈപ്പ് ലൈൻ എത്രയും വേഗം ചാർജ് ചെയ്യുക. നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുകയോ ചോലയിൽ വയലിൽ കുളം കുഴിച്ച് കരുവാരപ്പറ്റ കുന്നിൽ ടാങ്ക് കെട്ടി മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.

വല്ലാംകണ്ടി കുന്നിൽ ടാങ്ക് കെട്ടി താഴെ കിണർ കുഴിച്ച് ജലവിതരണം നടത്തുക.

കായംകുളി വയലിൽ കുളം നിർമ്മിച്ച് ടാങ്ക് കെട്ടി മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.

മേലെ കുന്നത്ത് വയലിൽ കുളം കുഴിച്ച് മുണ്ടക്കാം പറമ്പത്ത് ടാങ്ക് നിർമ്മിച്ച് മിനി വാട്ടർ സപ്ലൈസ് സ്കീം നടപ്പിലാക്കുക.

XIII. ഈസ്റ്റ് മലയമ്മ, കാഞ്ഞരത്തിങ്ങൽ,

ചങ്ങത്താടം പരപ്പിൽ, എ.കെ.ജി.കോളനി കട്ടാങ്ങൽ,

കമ്പനി മുക്ക് കാഞ്ഞരത്തിങ്ങൽ

ഈസ്റ്റ് മലയമ്മ, കളംതോട് റോഡ്,

കൊയപ്പക്കെട്ട്,

തത്തമ്മപൊയിൽ

മുട്ടയം IHDP കോളനിയിലുള്ള പൈപ്പ് ലൈനിൽനിന്ന് ഹൗസ് കണക്ഷൻ നൽകുക.

നിലവിലുള്ള ജലവിതരണ പദ്ധതിയുടെ ശേഷി വർദ്ധിപ്പിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുക. (എ.കെ.ജി.കോളനിയിൽ നിലവിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന പമ്പ് ഹൗസും വാട്ടർ ടാങ്കും റിപ്പയർ ചെയ്യുക.)

നിലവിലുള്ള പഞ്ചായത്ത് കിണർ വീതി കൂട്ടി പമ്പ് സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തുക. കിണർ കുഴിക്കുക.

നിർദ്ദേശങ്ങൾ

ചാത്തമംഗലം പഞ്ചായത്തിന്റെ അതിർത്തികളിലൂടെ മൂന്ന് പുഴകൾ ഒഴുകിവരുന്നു. 5ാം വീർഡിന്റെ അതിർത്തിയിൽകൂടി ഇരുവഴിഞ്ഞി ചാലിയാർ പുഴയും, പുള്ളന്നൂർ, പുള്ളാവൂർ, ചാത്തമംഗലം, ചെത്തുകടവ്, വെള്ളനൂർ അതിർത്തിയിൽ കൂടി ചെറുപുഴയും കടന്നു പോവുന്നു. കുറ്റമറ്റ ഒരു ജലവിതരണ പദ്ധതി പഞ്ചായത്തിന് അവിഷ്ക്കരിക്കണമെങ്കിൽ പഞ്ചായത്തിനെ 3 മേഖലകളായി വിഭജിച്ച് പദ്ധതി ആവിഷ്ക്കരിക്കണം.

പദ്ധതി 1

വാർഡുകൾ 5. 4. 6, 7 ചാലിയാർ പുഴയിൽ നിന്ന് വെള്ളമെടുത്ത് താന്നികോട്ട് മലയിൽ ടാങ്ക് നിർമ്മിച്ച് വിതരണ ശൃംഖല സ്ഥാപിച്ച് പ്രസ്തുത വാർഡുകളിൽ ശുദ്ധജലമെത്തിക്കാവുന്ന ഒരു പദ്ധതി നടപ്പിലാക്കാം. ഏകദേശം 70 ലക്ഷം രൂപ ചെലവുവരും.

പദ്ധതി 2

വാർഡുകൾ 8, 9, 10, 11 ചോയിമഠം ഭാഗത്ത് ചെറുപുഴയിൽ കിണറും പമ്പ് ഹൗസും സ്ഥാപിച്ച് പാലാട്ടുകുന്നിൽ ടാങ്ക് പണിത് മേൽപ്പറഞ്ഞ വാർഡുകളിൽ ജലവിതരണ കുഴലുകൾ സ്ഥാപിച്ചാൽ ശുദ്ധജല ക്ഷാമം പരിഹരിക്കാം. ഇതിന് ഏകദേശം 70 ലക്ഷം രൂപ വരും. ഈ പദ്ധതിയിൽ വരുന്ന ജലവിതരണ കുഴലുകൾ നിലവിലുള്ള വിതരണ പദ്ധതിയുമായി ബന്ധിപ്പിച്ചാൽ (വെള്ളം ആവശ്യത്തിന് ലഭ്യമാണെങ്കിൽ) പഞ്ചായത്തിന്റെ വലിയ ഒരു ഭാഗത്ത് ശുദ്ധജല ക്ഷാമത്തിന് പരിഹാരമാകും.

പദ്ധതി 3

വാർഡ്സുകൾ 1,2,3,12,13

ഈ പഞ്ചായത്തിൽ 1983 ൽ കമ്മീഷൻ ചെയ്ത ഒരു ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി നിലവിലുണ്ട് കേന്ദ്ര സർക്കാരിന്റെ ത്വരിതഗതിയിലുള്ള ഗ്രാമീണ ശുദ്ധ ജലവിതരണപദ്ധതിയിൽ പെടുത്തി പൂർത്തിയാക്കിയ പദ്ധതികൊണ്ട് വളരെ കുറഞ്ഞ ഭാഗത്ത് ജലവിതരണം നടത്താൻ സാധിക്കുന്നുള്ളൂ. ഇതിനുള്ള

പ്രധാന കാരണങ്ങൾ

1. ടാങ്കിന്റെ പൈപ്പ് ലൈൻ കപ്പാസിറ്റി കുറവ്

2. പദ്ധതി തുടങ്ങിയതിനുശേഷം പല ഭാഗത്തേക്കും ജലവിതരണ കുഴൽ സ്ഥാപിക്കുകയും ഹൗസ് കണക്ഷൻ നൽകുകയും ചെയ്തു.

പരിഹാരങ്ങൾ

മേൽപദ്ധതി അഭിവൃദ്ധിപ്പെടുത്തിയാൽ മുഴുവൻ പ്രദേശങ്ങളിലും വെള്ളം എത്തികാൻ കഴിയും ഇതിന് മണ്ണിലിടം കടവിൽ ഇപ്പോൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന പമ്പ് ഹൗസ് ഉപയോഗപ്പെടുത്തി പുതിയ പമ്പിങ്ങ് മെഷീൻ സ്ഥാപിച്ചും ഇപ്പോൾ സ്ഥിതിചെയ്യുന്ന ടാങ്കിന്റെ തൊട്ടടുത്തായി കൂടുതൽ സംഭരണ ശേഷിയുള്ള ടാങ്ക് നിർമിച്ചും കൂടുതൽ ശേഷിയുള്ള ജലവിതരണകുഴൽ 12ാം മൈൽവരെയെങ്കിലും സ്ഥാപിച്ചും നിലവിലുള്ള വിതരണ ശൃഖലയുമായി ബന്ധിപ്പിച്ചാൽ മതി. ഇതിനായി ഏകദേശം 60 ലക്ഷം രൂപ മതിപ്പ് ചെലവ് വരും.

വാട്ടർ സപ്ലൈ സ്കീം

1. 9ാം വാർഡിൽപ്പെട്ട പൂളപറമ്പ് ഭാഗം വളരെയധികം ശുദ്ധജല ക്ഷാമം അനുഭവിക്കുന്ന പ്രദേശമാണ്. ഒമ്പതാം വാർഡിന്റെ അതിർത്തിയിൽ താഴ്ന്ന ഭാഗമായ വയലിൽ കിണർകുഴിച്ച് പൂളപറമ്പ് ഭാഗത്ത് 3000 ലിറ്റർ ശേഷിയുള്ള ടാങ്ക് നിർമിച്ച് ജലവിതരണ കുഴൽ സ്ഥാപിച്ചാൽ ഏകദേശം 60 ഓളം വീടുകൾക്ക് കുടിവെള്ളം എത്തിക്കാവുന്നതാണ്.

2) 9ാം വാർഡിൽപ്പെട്ട പുളിക്കുഴിപുറയിഹരിജൻ കോളനിയിൽ ധാരാളം ശുദ്ധജലം ലഭിക്കുന്ന ഒരു കുഴൽക്കിണർ നിലവിലുണ്ട്. പ്രസ്തുത കുഴൽ കിണറിൽ പമ്പ് സെറ്റ് സ്ഥാപിച്ച് കോളനിയിലെ ഉയരം കൂടിയ സ്ഥലത്ത് 25000 ലിറ്റർ ശേഷിയുള്ള ടാങ്ക് നിർമിച്ച് ജലവിതരണ കുഴലുകൾ സ്ഥാപിച്ചാൽ പ്രസ്തുത കോളനിയിലും സമീപപ്രദേശത്തും ശുദ്ധജലവിതരണം നടത്താം. ഇതിനായി 7 ലക്ഷം രൂപ മതിപ്പ് ചെലവ് കണക്കാക്കാം.

3) 6ാം വാർഡിലെ താന്തൂർ, കാക്കശ്ശേരി, പാക്കേറ്റിങ്ങര എന്നീ പ്രദേശങ്ങൾ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. സൗത്ത് അരയക്കേട്, വയലിൽ കുളംനിർമ്മിച്ച് മുതിരിപറമ്പിൽ ടാങ്ക് നിർമിച്ച് അതിലേക്ക് വെള്ളം പമ്പ് ചെയ്ത്. വിതരണ ശൃംഖല സ്ഥാപിച്ചാൽ ഈ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളപ്രശ്നം പരിഹരിക്കാം.

4) പത്താം വാർഡിൽപ്പെട്ട 12ാം മൈൽ ഉള്ള ചോലകുഴി നീരുറവ ജല വിതരണത്തിന് പ്രയോജനപ്പെടുത്താൻ ഏറെ സാധ്യതയുള്ള ഒരു ജലസ്രോതസ്സാണ്. ഈ നീരുറവ സംരക്ഷിച്ച് വിതരണ കുഴലുകൾ സ്ഥാപിക്കുകയാണെങ്കിൽ 3,7,10 വാർഡുകളിൽപ്പെട്ട 350ലധികം കുടുബങ്ങൾക്ക് പ്രയോജനപ്പെടുത്താനാവും.

ആരോഗ്യമുള്ള സമൂഹമാണ് ഒരു രാജ്യത്തിന്റെ സമ്പത്ത്. ശുദ്ധജലവും വായുവും ആരോഗ്യത്തിന്റെ അടിസ്ഥാന വസ്തുക്കളാണ്. രോഗത്തിന് ചികിത്സിക്കുന്നതിനുപകരം രോഗം വരാതിരിക്കാനാണ് ശ്രദ്ധിക്കേണ്ടത്. പഞ്ചായത്തിലെ ഭൂരിഭാഗം കുടുംബങ്ങളും കുടിവെള്ളത്തിന് ഭാഗികമായി ബുദ്ധിമുട്ടുന്നവരാണ്. കുടിവെള്ള ക്ഷാമം പരിഹരിക്കാനും എല്ലാവർക്കും ആരോഗ്യമെത്തിക്കാനും നമുക്ക് കഴിയുന്ന തരത്തിൽ ഈ മേഖലയിലെ ഇടപെടലുകൾ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

പരിസര ശുചിത്വം

പരിസര ശുചിത്വത്തിന്റെ അപര്യാപ്തത ആരോഗ്യ രംഗത്തെ വെല്ലുവിളിയാണ്. നമ്മുടെ പഞ്ചായത്തിൽ രൂക്ഷമായ പരിസര മാലിന്യപ്രശ്നങ്ങൾ ഇല്ലെങ്കിലും മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് ഇല്ലെന്നുള്ളത് ന്യൂനതയാണ്. 1112 കുടുംബങ്ങൾക്ക് കക്കൂസ് ഇല്ലെന്നാണ് കണക്ക്. പാഴ്വസ്തുക്കളുടേയും വിസർജ്ജ്യവസ്തുക്കളുടേയും സംസ്കരണ കാര്യത്തിലെ അലംഭാവം നമ്മുടെ പ്രദേശങ്ങളിലും കൂടിവരുന്നതായി പഠനങ്ങൾ തെളിയിക്കുന്നു; ഇക്കാര്യത്തിൽ ജനങ്ങൾക്കിടയിൽ മതിയായത്ര അവബോധം ഉണ്ടായിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

അങ്ങാടികളിൽ കുപ്പത്തൊട്ടി സ്ഥാപിക്കുക പ്രധാന സ്ഥലങ്ങളിൽ മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കുക. മറ്റു മാലിന്യവസ്തുക്കളുടെ സംസ്കരണത്തിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിച്ചു നടപ്പിലാക്കുക. റോഡരികിലെ ഓടകൾ വൃത്തിയാക്കാനുള്ള ഫലപ്രദമായ നടപടികളുണ്ടാവുക എന്നീ കാര്യങ്ങളിൽ സത്വര ശ്രദ്ധപതിയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ മരം, മുള എന്നിവ വ്യവസായികാവശ്യത്തിനായി സംഭരിച്ചുവയ്ക്കുന്ന സ്ഥലങ്ങളിലും പരിസര പ്രദേശങ്ങളിലും കൊതുക് ശല്യം വർദ്ധിക്കുന്നതായി വിശേഷാൽ ഗ്രാമസഭകളിൽനിന്ന് പരാതി ഉയർന്നിട്ടുണ്ട്.

പരിസര ശുചിത്വം കാര്യക്ഷമമാക്കിത്തീർക്കുന്നതിന് പൊതു ജനപങ്കാളിത്തത്തോടെയുള്ള ബോധവൽക്കരണ പരിപാടികൾ വ്യാപകമാക്കേണ്ടതുണ്ട്.





വ്യവസായം മാർക്കറ്റ്

വ്യവസായം

ചാത്തമംഗലം പഞ്ചായത്ത് വ്യാവസായിക രംഗത്ത് വളരെ പിന്നോക്കാവസ്ഥയിലാണ്. ജനങ്ങളുടെ ദൈനംദിനആവശ്യങ്ങൾ നിറവേറ്റുന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങൾക്ക് പഞ്ചായത്തിൽ വേരോട്ടം ലഭിച്ചിട്ടില്ല. വൻകിട ഉല്പന്നങ്ങളുടെ വിപണിയിൽ മത്സരിക്കാനാവുന്നില്ല എന്നതാണ് പ്രധാന കാരണം.

പഞ്ചായത്തിൽ രജിസ്ട്രർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായങ്ങളിൽ ഏകദേശം 1296 പേർ ജോലി ചെയ്യുന്നു. മൊത്തം തൊഴിലാളികളുടെ മൂന്നിൽ ഒരു ഭാഗം മാത്രമെ ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുള്ളൂ. ഇതിൽതന്നെ പഞ്ചായത്തിനു പുറത്തുള്ള തൊഴിലാളികളുടെ എണ്ണവും പെടുന്നു.

1975ൽ ആരംഭിച്ച മിനി വ്യവസായ എസ്റ്റേറ്റ് പദ്ധതിയിൽ ആരംഭിച്ച മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കട്ടാങ്ങലിൽ സ്ഥിതി ചെയ്യുന്നു. 9 വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. 40 തൊഴിലാളികൾ ഇതിൽ ജോലി ചെയ്യുന്നുണ്ട്.

ഖാദിബോർഡിന്റെ കീഴിൽ കുഴക്കോട്ട് പ്രവർത്തിക്കുന്ന നെയ്ത്തുശാലയിൽ 44 വനിതകളും ഒരു പുരുഷനും ജോലി ചെയ്യുന്നു. സഹകരണ മേഖലയിൽ വെള്ളനൂരിൽ നോട്ട്ബുക്ക് നിർമ്മാണയൂണിറ്റും പ്രവർത്തിച്ചുവരുന്നു. സ്വകാര്യ ഉടമസ്ഥതയിൽ ചിറ്റാരിപിലാക്കൽ ഒരു കയർ നിർമ്മാണയൂണിറ്റും പ്രവർത്തിക്കുന്നു. സ്വകാര്യ ഉടമസ്ഥതയിലുള്ള മെറ്റൽ ഇൻഡസ്ട്രിയൽസ്, സോമിൽസ്, ഫ്ളവർമിൽസ്, സ്റ്റോൺക്രഷർ, ഫർണീച്ചർ, ഇഷ്ടിക നിർമ്മാണം പ്രിന്റിംഗ് പ്രസ്സ് തീപ്പെട്ടികമ്പനി തുടങ്ങിയവയാണ് പ്രധാന വ്യവസായ സംരംഭങ്ങൾ

കുടിൽ വ്യവസായങ്ങളായ നീറ്റ്കക്ക നിർമ്മാണം, നൂറുക്ക് നിർമ്മാണം എന്നിവയും പരമ്പരാഗതമായ പരമ്പ്, കുട്ട, മുറം എന്നിവയുടെ നിർമ്മാണം മൺപാത്ര നിർമ്മാണം എന്നിവയുമാണ്. ഇതിൽ പരമ്പ് കുട്ട, മുറം എന്നിവയുടെ മേഖല ക്ഷയോന്മുഖമാണ്. മൺപാത്രനിർമ്മാണവും ഭീഷണിനേരിടുകയാണ്.

വ്യവസായ മേഖലയിലെ തൊഴിലാളികളുടെ കൂലിനിരക്ക് വ്യത്യസ്തമാണ്. കൂലിയിൽ സ്ത്രീ-പുരുഷ വ്യത്യാസം നിലനില്ക്കുന്നുണ്ട്. 30 രൂപ മുതൽ 125 രൂപവരെയാണ് കൂലിനിരക്ക്.

പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ താഴെ പറയുന്നുയ മിനി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റ്, സർവ്വോദയഖാദിസംഘം കുഴക്കോട്, കുന്ദമംഗലം ബ്ലോക്ക് മാനുഫാക്റ്ററിംഗ് സൊസൈറ്റി, (ബുക്ക് നിർമ്മാണം) തീപ്പെട്ടികമ്പനി, ഈർച്ചമില്ലുകൾ, വുഡ് വർക്ക്ഷോപ്പുകൾ ടെയ്ലറിംഗ്

യൂനിറ്റുകൾ ഫർണീച്ചർ നിർമ്മാണം, സ്റ്റോൺക്രെഷർ, ഫ്ളോർമിൽ, സോമിൽ ഇഷ്ടിക നിർമ്മാണം, വെളിച്ചെണ്ണമിൽ, മെഴുകുതിരി നിർമ്മാണം, ഹോളോബ്രിക്സ് നിർമ്മാണം, DWRA യൂണിറ്റുകൾ, സോഡാനിർമ്മാണം എന്നിവയും പരമ്പരാഗത വ്യവസായമായ മൺപാത്ര നിർമ്മാണം പനമ്പ് കുട്ട മുറം നിർമ്മാണം പായ നെയ്ത്ത് എന്നിവയും കുടിൽ വ്യവസായമായി അരിനുറുക്ക് നിർമ്മാണവുമാണ്.

വ്യവസായ മേഖയിൽ പഞ്ചായത്തിൽ ഏകദേശം 3500പേർ ജോലി ചെയ്യുന്നു. ഇതിൽ ഏകദേശം 650 പേർ സ്ത്രീകളാണ്.

പ്രധാന പ്രശ്നങ്ങൾ

- അസംസ്കൃത വസ്കതുക്കൾ വേണ്ടത്ര കിട്ടാനില്ല.
- ധനസഹായം കിട്ടാനുള്ള വിഷമം.
- വൈദ്യുതി കണക്ഷൻ ലഭിക്കാൻ കാലതാമസം.
- പരമ്പരാഗത മേഖലയിൽ അർഹമായ വേതനവർധനവ് നൽകാനാവുന്നില്ല.

നിർദ്ദേശങ്ങളും സാധ്യതകളും

- നാളികേരം അസംസ്കൃതവ്സുതുവായി ഉപയോഗിച്ചുള്ള വ്യവസായങ്ങൾ
- വെളിച്ചെണ്ണ, കൊപ്ര, ഹെയർഓയിൽ ഡഡിക്കേറ്റഡ് കോക്കനാട്, ചിരട്ടക്കരി എന്നിവ
- കയറും കയറുല്പന്നങ്ങളും
- ചിരട്ട, ചകിരി എന്നിവകൊണ്ട് കൗതുകവസ്തുക്കൾ.
- ഫർണീച്ചർ നിർമ്മാണം.
- ചക്ക,മാമ്പഴം എന്നിവകൊണ്ട് സ്കാഷ് ജാം എന്നിവ നിർമ്മിക്കൽ.
- പേപ്പർ ബാഗ് നിർമ്മാണം.
- കെട്ടിടനിർമ്മാണത്തിനുപകരിക്കുന്ന തരത്തിൽ സിമന്റ്കൊണ്ട് കട്ടിള, ജനൽ ബ്രിക്സ് എന്നിവ നിർമ്മിക്കൽ.
- റെഡിമെയ്ഡ്, എംബ്രോയിഡറി എന്നീ മേഖലകളിൽ സഹകരണാടിസ്ഥാനത്തിൽ.
- സോപ്പ്, ഡിറ്റർജന്റ് പൗഡർ നിർമ്മാണം
- ഹാൻഡ് കർച്ചീഫ് നിർമ്മാണം.
- കുടനിർമ്മാണം.
- അവിൽ നിർമ്മാണം.
- ബേക്കറി യൂനിറ്റുകൾ.
- DTP കംപ്യൂട്ടർ സിസ്റ്റം.
- എമർജൻസി ലാംബ് നിർമ്മാണം.
- പ്ലാസ്റ്റിക് കവർ നിർമ്മാണം.
- ടയർ റീത്രെഡിങ്ങ് യൂനിറ്റ്.
- ഹവായ് ചെരുപ്പ് നിർമ്മാണം.
- മഞ്ഞളിൽ നിന്നും കുർകുമിൻ ചായം നിർമ്മിക്കൽ.
- കോഴിത്തീറ്റ കാലിത്തീറ്റ നിർമ്മാണം.
- മൺപാത്ര നിർമ്മാണം.
- കൊപ്രഡ്രയർ യൂണിറ്റ്.
- ചോക്കു നിർമ്മാണം.
- ചകിരിച്ചോറുപയോഗിച്ചു ജൈവവളം നിർമ്മിക്കൽ.
- ടിഷ്യൂകൾച്ചർ യൂണിറ്റുകൾ സ്ഥാപിക്കുക.
- ഇലക്ട്രിക് സ്വിച്ച ബോർഡ് നിർമ്മാണം.
- PVC പൈപ്പ് ഫിറ്റിംഗ് സാമഗ്രികൾ നിർമ്മാണം.
- ചെറുകിട വ്യാവസായ സംരംഭകരെ സാമ്പത്തികമായി സഹായിക്കുന്നതിന് ഗ്രാമീണബാങ്കിന്റെയോ കർഷിക ബാങ്കിന്റെയോ ശാഖ ആരംഭിക്കുക.
- സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക
- ട്രെയിനിംഗ് കേമ്പുകളും ബോധനക്ലാസുകളും ആരംഭിക്കുക
- പഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുക

ചാത്തമംഗലം പഞ്ചായത്തിൽ വ്യാവസായികമായ പുരോഗതി കൈവരിക്കണമെങ്കിൽ ആസൂ

ത്രിതമായ മുന്നേറ്റം കൂടിയേ കഴിയൂ. കാർഷിക മേഖലയുമായി ബന്ധപ്പെട്ട വ്യവസായത്തിനായി രിക്കണം മുൻഗണന നല്കേണ്ടത്. ഈ രംഗത്ത് ആവശ്യമായ മൂലധനം സ്വരൂപിക്കുന്നതിന് വേണ്ടത്ര അനുകൂല സാഹചര്യങ്ങൾനിലനില്ക്കുന്നില്ല

സാങ്കേതിക വിദ്യയുടെ കാര്യത്തിലും ഇതുതന്നെയാണ് അവസ്ഥ. കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ വിവിധങ്ങളായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ അനുകൂലമായ സാഹചര്യങ്ങൾഈ പഞ്ചായത്തിലുണ്ട്. അവ പ്രയോജനപ്പെടുത്തി ഈ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടാനുള്ള ഈ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

മാർക്കറ്റ്

ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ വിപണന സൗകര്യം പരിമിതമാണ്. ഇവിടെ ഉദ്പാദിപ്പിക്കപ്പെടുന്ന നാളികേരം, അടക്ക, റബ്ബർ, കശുവണ്ടി, കുരുമുളക്, നേന്ത്രക്കായ, പച്ചക്കറികൾ തുടങ്ങിയവ ഏറിയ പങ്കും വിറ്റഴിക്കപ്പെടുന്നത് അയൽ പ്രദേശങ്ങളിലും കോഴിക്കോട് നഗരത്തിലുമാണ്.

പുരാതനകാലം മുതൽ ചാത്തമംഗലം അങ്ങാടിയിൽ സജീവമായി നടന്നുപോന്നിരുന്ന ആഴ്ച ചന്ത സംവിധാനം സമീപകാലത്ത് ശോഷിച്ചു പോയത് ഈ പഞ്ചായത്തിലെ വിപണിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലും അയൽ പ്രദേശങ്ങളിലുമുണ്ടായിരുന്ന കൈത്തൊഴിലുകാരും കർഷകരും അവരവരുടെ ഉല്പന്നങ്ങൾ വിറ്റഴിച്ചിരുന്നത് ഈ ചന്തയിലായിരുന്നു. ഒരാഴ്ചക്ക് ആവശ്യമായ നിത്യോപയോഗസാധനങ്ങളും മറ്റു അവശ്യവസ്തുക്കളും ജനങ്ങൾ വാങ്ങിയിരുന്നതും ഈ ആഴ്ച ചന്തയിൽ നിന്നു തന്നെയായിരുന്നു. ഈ ചന്ത ഇപ്പോൾ തീരെ കാര്യക്ഷമമല്ല നിത്യ ജീവിതത്തിലെ ആധുനികവത്ക്കരണവും താളം തെറ്റിയ ഉപഭോക്തൃ സംസ്ക്കാരവും ആഴ്ച ചന്തയുടെ ഇത്തിക്കണ്ണിയായി മാറി. ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് ഇടത്തട്ടുകാരിൽ നിന്നും വിലക്കയറ്റത്തിൽ നിന്നും ആശ്വസം നൽകി പോന്നിരുന്ന ഈ ചന്ത ഇനിയും സജീവമായിതീരേണ്ടത് ഈ ഗ്രാമത്തിന്റെ ആവശ്യമാണ്.

ഇവിടെ 80-ൽപരം കുബാര കുടുംബങ്ങൾ അധിവസിക്കുന്നുണ്ട്. ഇവരിൽ 99 ശതമാനവും പരമ്പരാഗത മൺപാത്രനിർമ്മാണത്തിൽ ഏർപ്പെട്ടവരാണ്. ഇവരുടെ ഉല്പന്നങ്ങൾക്ക് അധ്വാനത്തിന്റെ മൂല്യമനുസരിച്ച് വില ലഭ്യമാക്കാനുള്ള മാർക്കറ്റിംഗ് സമ്പ്രദായം ഇവിടെയില്ല.

വിപണനരംഗത്ത് ചാത്തമംഗലം ഗ്രാമപഞ്ചായത്ത് അനുഭവിക്കുന്ന പ്രയാസങ്ങളെ സംബന്ധിച്ച് ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പ്രശ്നങ്ങൾ

- ചാത്തമംഗലം ആഴ്ച ചന്ത നിർജ്ജീവമാണ്.
- കാർഷിക ഉത്പന്നങ്ങളുടെ ക്രയവിക്രയത്തിന് സംവിധാനമില്ല.
- മത്സ്യ-മാംസ മാർക്കറ്റുകളുടെ അഭാവം നിലനിൽക്കുന്നു.
- പരമ്പരാഗത ഉല്പന്നങ്ങൾക്ക് വിപണന കേന്ദ്രം ഇല്ല.

നിർദ്ദേശങ്ങൾ

- ചാത്തമംഗലം ആഴ്ച ചന്ത സജീവമാക്കാൻ നടപടി ഉണ്ടാവണം.
- കാർഷികോല്പന്നങ്ങൾ കർഷകരിൽ നിന്നും ന്യായവിലക്ക് വാങ്ങാനുള്ള സഹകരണ സ്ഥാപനങ്ങളുണ്ടാക്കണം.
- സഹകരണ പൊതുവിതരണ ശൃംഖല പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ സ്ഥാപിക്കണം.
- മത്സ്യം-മാംസം എന്നിവുടെ വില്പനയ്ക്ക് ശുചിത്വമുള്ള മാർക്കറ്റിംഗ് സമ്പ്രദായം

ഏർപ്പെടുത്തുക.

- ദീർഘകാല വിളകളായ നാളികേരം,അടക്ക, റബ്ബർ തുടങ്ങിയവയുടെ സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുക.

സാധ്യതകൾ

നിലവിലുള്ള ജീർണിച്ച ചന്തപ്പുര പൊളിച്ചു മാറ്റി തൽസ്ഥാനത്ത് ഷോപ്പിംഗ് കോംപ്ലക്സും മുകൾ നിലയിൽ ഓഫീസ് മുറികൾ, താമസമുറികൾ ഓഡിറ്റോറിയം എന്നിവയും പണിയാം. ഇതിന്റെ ഒരു ഭാഗത്തെ താഴെ നില ആഴ്ചചന്തയുടെ നടത്തിപ്പിനും ഉപയോഗപ്പെടുത്താവുന്നതാണ്.

ചാത്തമംഗലം കട്ടാങ്ങൽ അങ്ങാടിയിൽ മത്സ്യ-മാംസ മാർക്കറ്റും പച്ചക്കറി മാർക്കറ്റും പണിയുന്നത് ഗുണകരമാകും.

കൃഷിക്കാർക്കും ഉല്പാദകർക്കും ന്യായമായ വില ലഭ്യമാക്കേണ്ടത് നിലനില്പിന്നും തൊഴിൽ പോഷണത്തിനും അത്യന്താപേക്ഷിതമാണ്. ബഹുഭൂരിപക്ഷം സാധാരണക്കാർ അധിവസിക്കുന്ന ഈ പഞ്ചായത്തിൽ ന്യായവിലക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

"സ്വാതന്ത്ര്യം യഥാർത്ഥത്തിൽ ഇന്ത്യയിലെ ജനങ്ങളുടേതാണ്; അല്ലാതെ അവരുടെ മേൽ ഭരണം നടത്തുന്നവരുടേതല്ല. തങ്ങളുടെ ചെരിഷ്പിനടിയിൽ കിടക്കുന്നവരുടെ സമ്മതത്തെയാണ് ഭരിക്കുന്നവർ ആശ്രയമാക്കേണ്ടത്. അങ്ങനെ അവർ ജനങ്ങളുടെ സേവകരാകണം; ജനങ്ങളുടെ ഇച്ഛയനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകണം".

മഹാത്മ



ഗതാഗതം ഊർജ്ജം

ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ പ്രധാന റോഡുകൾ അതിപുരാതനമാണ്. ``കൂളിമാട്-കളൻതോട് റോഡ്, അരയങ്കോട് - ചിറ്റാരിപ്പിലാക്കൽ റോഡ് എന്നിവ ഏറ്റവും പഴക്കം ചെന്നവയാണ്. റോഡരികിലെ വൻ തണൽ മരങ്ങളും വീതികൂടിയ റോഡുകളും ഈ പഞ്ചായത്തിന്റെ സവിശേഷതയാണ്. പുതിയ റോഡുകളുടെ കാര്യത്തിൽ ഈ പഞ്ചായത്ത് കൈവരിച്ച നേട്ടങ്ങൾ ശ്രദ്ധേയമാണ്. ഗ്രാമത്തിന്റെ മുഴുവൻ ഭാഗങ്ങളിലേക്കും റോഡ് ശൃംഖലയുണ്ട്.

പഞ്ചായത്തിൽ 142 കി. മീറ്റർ ചെമ്മൺ റോഡും 60 കി.മീ. ടാർ റോഡും 8 കി.മി. മെറ്റൽ റോഡും ഉണ്ട്. ടാറിംഗ് നടത്തിയ 48 കി.മീ. റോഡ് പൊതുമരാമത്ത് വകുപ്പിന്റേതാണ്.

കൂടാതെ സ്വകാര്യ വ്യക്തികൾ നിർമ്മിച്ചതും പാടശേഖരത്തിലേക്കും കാവിറകളിലേക്കും നിർമ്മിച്ച റോഡുകളും കിലോമീറ്ററുകളോളം വരുന്ന ഗതാഗതയോഗ്യമായ ഇടവഴികളും ഉണ്ട്.

ചാത്തമംഗലം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇനിയും പുതിയ റോഡുകൾ നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. മെറ്റൽ പണി നടന്ന പല പാതകളും ടാറിംഗ് നടത്തി സംരക്ഷിച്ചു ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്.

(പട്ടിക കാണുക)

സാദ്ധ്യതകൾ

1. മാവൂർ-പന്നിക്കോട് റോഡിൽ കൂളിമാട് പി.എച്ച്.ഇ.ഡി. മുതൽ ഇടവഴിക്കടവ് പാലം വരെയുള്ള ഭാഗം വളരെ വീതി കുറഞ്ഞതും വളവു തിരുവുകൾ കൂടിയതുമാണ്. മുപ്പതിലധികം ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്ന ഈ റോഡിൽ ഇപ്പോൾ തന്നെ അപകടസാദ്ധ്യത കൂടുതലാണ്. ഇടവഴിക്കടവ് പാലം തുറക്കുന്നതോട് കൂടി കോഴിക്കോടു നിന്നും മഞ്ചേരി, നിലമ്പൂർ, ഭാഗങ്ങളിലേക്കുള്ള ദൂരം വളരെ കുറയുന്നതിനാൽ ഈ റോഡു വളരെ തിരക്കേറിയ ഒരു റൂട്ടാകാൻ സാദ്ധ്യതയുണ്ട്. അതിനാൽ അപകടസാദ്ധ്യതയും വളരെ കൂടും. ഇതിനൊരു പരിഹാരമായി റോഡിന്റെ വീതികൂട്ടുകയും വളവ് തിരുവുകൾ ഒഴിവാക്കാൻ വെസ്റ്റ് പാഴൂർ അങ്ങാടിയിൽ നിന്നും അത്തൂളിതാഴം വരെ വയലിലൂടെ പുതിയ റോഡു നിർമ്മിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. നിലവിലുള്ള റോഡിൽ ഓടകൾ നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്.

2. മാവൂർ-കെട്ടാങ്ങൽ റോഡിന്റെ വീതിക്കുറവും വളവുകളും നീണ്ടകയറ്റവും കാരണം ഈ റൂട്ടിലൂടെ വാഹനങ്ങളുടെ സുഗമമായ യാത്രക്ക് തടസ്സമുണ്ടാകുന്നു. ഈ കാരണത്താൽ ബസ്സുകൾ ഉൾപെടെയുള്ള വാഹനങ്ങൾ ഈ റൂട്ടിൽ നിന്നും പിൻവാങ്ങുകയും യാത്രക്കാർ ബുദ്ധിമുട്ടുകയും ചെയ്യുന്നു. റോഡിന്റെ വീതികൂട്ടുകയും വലിയ വളവുകൾ ഇല്ലാതാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

3. പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡായ ചെത്തുകടവ്- കള്ളൻതോട് റോഡിലെ ചാലിയേടത്ത് വളവും കളൻതോട് വളവും അപകടമേഖലകളാണ്. പലപ്പോഴായുണ്ടായ വാഹന അപകടങ്ങളിലൂടെ ജീവാപായം വരെ ഉണ്ടായിട്ടുണ്ട്. ഈ സ്ഥലങ്ങളിലെ വളവുകൾ ഇല്ലാതാക്കുകയും റോഡ് വീതിക്കൂട്ടുക്കയും ചെയ്യണം.

4. വേങ്ങേരിമഠം-നായർകുഴി-കൂളിമാടു റോഡിൽ

ടാർ ചെയ്യാൻ ബാക്കിയുള്ള നായർകുഴി-മുണ്ടക്കാളി ഭാഗം കൂടി ടാർ ചെയ്ത് കൂളിമാട് നിന്നും നായർകുഴി, ഏരിമല, പാലക്കാടി, നെച്ചൂളി, ചാത്തമംഗലം, കുന്ദമംഗലം, സിവിൽസ്റ്റേഷൻ വഴി കോഴിക്കോട്ടേക്ക് ബസ്സ് സർവ്വീസ് ഏർപെടുത്തുന്നതും, കൂളിമാട്-കുന്ദമംഗലം റൂട്ടിൽ മിനിബസ്സ് സർവ്വീസ് ഏർപ്പെടുത്തുന്നതും ജനങ്ങൾക്ക് വളരെ സഹായകമായിരിക്കും.

5. ചൂലൂർ-നായർ കുഴി റോഡും വെള്ളലശ്ശേരി-നായർകുഴി-പുൽപമ്പ് റോഡും ടാർചെയ്ത് ബസ്സ് റൂട്ട് ഉൾപെടെയുള്ള യാത്രാസൗകര്യം എർപെടുത്തുന്നത് അവികസിത മേഖലകളായ ചൂലൂരിന്റെയും നായർകുഴിയുടെയും വികസനത്തിൽ വളരെ സഹായകരമാണ്.

6. 14 അടിവീതിയുള്ള മലയമ്മ-പുള്ളന്നൂർ-കല്ലുമ്പുറം റോഡ് 8 മീറ്റർ വീതിയുള്ള റോഡാക്കി വികസിപ്പിക്കുകയും ഈ റോഡിലൂടെ ബസ്സ്ഗതാഗതം ഏർപ്പെടുത്തുകയും ചെയ്താൽ വളരെ പിന്നോക്കം നിൽക്കുന്ന പുള്ളന്നൂർ, മുണ്ടോട് പൊയിൽ, കല്ലുമ്പുറം ഭാഗങ്ങളിൽ വികസനത്തിന് സഹായകരമാണ്. ഇത് കൊടുവള്ളിയിലേക്കുള്ള ഗതാഗതം എളുപ്പമാക്കും.

7. ചാലിയാർ പുഴക്ക് കുറുകെ കൂളിമാട് കടവിൽ മലപ്പുറം ജില്ലയുമായി ബന്ധിപ്പിക്കുന്ന ഒരു പാലം നിർമ്മിക്കേണ്ടതാണ്.

8. ചെറുപുഴയിൽ തോട്ടോളിക്കടവിൽ കൊടുവള്ളി പഞ്ചായത്തിനേയും പെരുവഴിക്കടവിൽ കുന്ദമംഗലം പഞ്ചായത്തിനേയും ചെട്ടിക്കടവിൽ പെരുവയൽ പഞ്ചായത്തുമായും കമ്മാണ്ടിക്കടവിൽ കുന്നമംഗലം പഞ്ചായത്തുമായും ബന്ധിപ്പിക്കുന്ന നടപ്പാലങ്ങൾ നിർമ്മിക്കേണ്ടതാണ്.

9. കോഴിക്കോട് നിന്നും ചാത്തമംഗലം മുഴാപാലം, കണ്ണിപറമ്പ്, അരയങ്കോട്, ചിറ്റാരിപ്പിലാക്കൽ, കൂളിമാട് വഴി അരീക്കോടേക്കും. മാവൂർ, കെട്ടാങ്ങൽ, പുള്ളാവൂർ വഴി കൊടുവള്ളിയിലേക്കും ബസ്സ് ഗതാഗതം ഏർപെടുത്തേണ്ടതാണ്. മുമ്പുണ്ടായിരുന്ന KSRTC ബസ്സ് റൂട്ടുകൾ പുനഃസ്ഥാപിക്കുകയും കോഴിക്കോട് നിന്നും മാവൂർ വഴി കെട്ടാങ്ങലിലേക്കും, കൂളിമാട് വഴി നായർകുഴിയിലേക്കും പുതിയ ബസ്സുകൾ ഓടിക്കേണ്ടതാണ്.

10. ചാലിയാർ പുഴയിൽ കൂളിമാടു കടവിൽ ബോട്ടുസർവ്വീസ് ഏർപെടുത്തേണ്ടതാണ്.

ഗതാഗത യോഗ്യമായ റോഡുകൾ ഒരു പ്രദേശത്തിന്റെ പുരോഗതിയുടെ മുഖമുദ്രയാണ്.

പഞ്ചായത്തിന്റെ വിവിധ പദ്ധതിചെലവിന്റെ 60 % ത്തോളം ചെലവഴിക്കുന്നതും റോഡ് നിർമ്മാണത്തിനും വികസനത്തിനുമാണ്. ഇവ ശാസ്ത്രീയമായ തോതിൽ സംരക്ഷിക്കപെടുന്നില്ല എന്ന വസ്തുത ഈ രംഗത്തെ ഒരു വെല്ലുവിളിയാണ്. അടിക്കടി അറ്റകുറ്റപ്പണികൾക്കായി പണം ചെലവഴിക്കേണ്ടതായി വരുന്നത് മറ്റ് വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായിത്തീരുന്നു. പൊതു സ്വത്ത് ജനകീയമായിത്തന്നെ സംരക്ഷിക്കപെടുന്ന ഒരു വികസന സംസ്കാരം ഉണ്ടാവേണ്ടതുണ്ട്.

ഊർജ്ജം

ഏതൊരു സമൂഹത്തിന്റെയും വളർച്ചക്കും വികസനത്തിനും ഊർജ്ജം അത്യാവശ്യമാണല്ലോ. വികസന പ്രവർത്തനങ്ങൾക്ക് പശ്ചാതലമൊരുക്കുമ്പോൾ അഗ്രഗണ്യസ്ഥാനത്ത് നിൽക്കുന്നതും ഊർജ്ജം തന്നെ. നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും കണ്ടുവരുന്ന ഊർജ്ജ സ്രോതസ്സുകൾ വിറക്, തെങ്ങുൽപ്പനങ്ങൾ, ചപ്പ് ചവറുകൾ എന്നിവയാണ്. ഭക്ഷണം പാചകം ചെയ്യാനുള്ള ഊർജ്ജത്തിനുവേണ്ടി 77 ശതമാനം കുടുംബങ്ങളും വിറക് തന്നെയാണ് ഉപയോഗിക്കപ്പെടുന്നത്. മറ്റു കാര്യങ്ങൾക്ക് വാണിജ്യ ഊർജ്ജ സ്രോതസ്സുകൾ തന്നെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. പാചകഗ്യാസ് ഉപയോഗിക്കുന്ന 8 ശതമാനം കുടംബങ്ങളും മണ്ണെണ്ണ ഉപയോഗിക്കുന്ന 15 ശതമാനം കുടുംബങ്ങളുമുണ്ട്. എങ്കിലും മുഴുവൻ വീട്ടിലും വിറകടുപ്പ് കരുതാറുണ്ട്. പഞ്ചായത്തിലെ 62 ശതമാനത്തോളം വീടുകൾ വൈദ്യുതീകരിച്ചതാണ്.

കുറ്റിക്കാടൂരിൽ നിന്ന് 11.കെ.വി. ലൈനിൽ ചാത്തമാഗലം ഭാഗത്തേക്ക് പതിനഞ്ചോളം ട്രാൻസ്ഫോർമറിലൂടെയാണ് വൈദ്യുതി വിതരണം ചെയ്യുന്നത്; ഗുണഭോക്താക്കൾക്ക് കൃത്യമായും കാര്യക്ഷമമായും വൈദ്യുതി എത്തിക്കുന്നതിന് ഇത് തികച്ചും അപര്യാപ്തമാണ്. പഞ്ചായത്തിലെ 38 ശതമാനത്തോളം പ്രദേശങ്ങളിലും വൈദ്യുതി ഇനിയും എത്തിനോക്കിയിട്ടില്ല. വീടുകൾ വയറിംഗ് കഴിച്ച് കണക്ഷനുവേണ്ടി കാത്തി

രിക്കുന്നവരും മിനിമം ഗ്യാരണ്ടിയിൽ ഒപ്പു വെച്ചവരുമായ നിരവധി കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കാനായിട്ടില്ല.

ഈ പഞ്ചായത്തിൽ 372 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ചില പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ കത്താത്ത് അവസ്ഥയുണ്ട്. ലൈൻ കടന്നുപോയിട്ടുള്ള തെരുവുകളിൽ പൂർണ്ണായും തെരുവുവിളക്കുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടില്ല.

വൈദ്യുതരംഗത്ത് സർവ്വ സാധാരണമായി കണ്ടുവരുന്ന വോൾട്ടേജ് ക്ഷാമവും പ്രസരണനഷ്ടവും ഇവിടെയും കുറവല്ല. പാചകത്തിനായി ഭൂരിപക്ഷം കുടുംബങ്ങളും അശാസ്ത്രീയമായ വിറക് അടുപ്പുകൾ ഉപയോഗിച്ചുവരുന്നതും ഊർജ്ജത്തിന്റെ ദുർവ്യയത്തിന് അവസരമൊരുങ്ങുന്നു. ദക്ഷത കൂടിയ പുകകുറഞ്ഞ് 300 ഓളം വിറക് അടുപ്പുകൾ ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്നുണ്ട്. ദക്ഷത കൂടിയ അടുപ്പുകളുടെ പ്രചാരണവും വ്യാപനവും ഊർജിതപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിൽ പത്തോളം വീടുകളിലാണ് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളത് അസംസ്കൃത വസ്തുക്കളുടെ സാർവ്വത്രികമായ ലഭ്യതയുണ്ടെങ്കിലും ജനശ്രദ്ധ ഈ രംഗത്തേക്ക് തിരിഞ്ഞിട്ടില്ല. ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങളും ഉദാരമായ സാമ്പത്തിക സഹായത്തോടെ ഇതിനുള്ള സാങ്കേതിക വൈദഗ്ദ്യവും നൽകാൻ തയ്യാറായാൽ നല്ലൊരു ഉർജ്ജ സ്രോതസ്സായി നമുക്കിത് ഉപയോഗപ്പെടുത്താം.

സൗജന്യവും സാർവ്വത്രികവുമായി നമുക്ക് ലഭിക്കുന്ന സൂര്യവെളിച്ചമാണല്ലോ ഈ ഭൂമുഖത്ത് ഏറ്റവും വലിയ ഊർജ്ജ സ്രോതസ്സ് സൗരോർജ്ജത്തിന്റെ അനന്ത സാധ്യതകളെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ സന്മനസ്സ് കാണിച്ചാൽ ഊർജ്ജ പ്രതിസന്ധിയുടെ അടിവേര് തകർക്കാൻ നമുക്കാവും. ഈ വഴിക്കുള്ള ഊർജ്ജോൽപാദന സാധ്യത ചൂഷണം ചെയ്യാൻ ജനങ്ങളെ പ്രാപ്തരാക്കാനും ആവശ്യമായ സഹായങ്ങളും സാങ്കേതിക വിദ്യയും ജനങ്ങൾക്ക് പകർന്ന് കൊടുക്കുന്നത് വികസനത്തിന്റെ ത്വരിതഗതിക്ക് ആക്കം കൂട്ടുകതന്നെ ചെയ്യും.

പ്രശ്നങ്ങൾ

- വൈദ്യുത ലൈനുകളുള്ള എല്ലാതെരുവുകളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ല.
- പഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
- പലസ്ഥലങ്ങളിലും ട്രാൻസ്ഫോർമറുകൾ ഇല്ല.
- പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ ഇല്ല.
- ഉപഭോക്താക്കൾക്ക് ചാർജ്ജ് അടക്കാനുള്ള സൗകര്യം അപര്യാപ്തമാണ്.
- പഞ്ചായത്തിലെ പല പ്രദേശങ്ങളിലും, കോളനികളിലും പൊതു സ്ഥാപനനങ്ങളിലും വൈദ്യുത കണക്ഷൻ ലഭിച്ചിട്ടില്ല.

പഞ്ചായത്തിൽ ത്രീഫേസ് ലൈനുകൾ വേണ്ടത്ര ഇല്ല.

ബയോഗ്യാസ് പ്ലാന്റുകൾക്ക് വേണ്ടത്ര പ്രചാരണം ലഭിച്ചിട്ടില്ല.

നിർദേശങ്ങളും, സാധ്യതകളും

വലിയപൊയിൽ പൂളക്കോട്, അരയങ്കോട് ചിറ്റാരിപ്പിലാക്കൽ റോഡ്, അരയങ്കോട് സൗത്ത് അരയങ്കോട് റോഡ്, അടിപ്പറമ്പ്-താത്തൂർ റോഡ്, ഏരിമല, സങ്കേതം, മുണ്ടക്കാളിതാഴം, മുതിയേരി മുതൽ കൂഴക്കോട്, സബ് റജിസ്റ്റാർ-ചെട്ടികടവ്, ചാത്തമംഗലം ചോയിമാംറോഡ്, പാലാട്ടുമ്മൽ, ചേനോത്ത് മണ്ണിലിടം റോഡ്, വലിയപൊയിൽ കമ്പനിമുക്ക് ചേനോത്ത് സ്കൂൾ മുതൽ ലക്ഷം വീട് വരെ, ചേനോത്ത് ഹരിജൻ കോളനി, ചിൻമയൻ മിഷൻ ക്ഷേത്രം മുതൽ 12ാം മൈൽ വരെ, ഇരിങ്ങാടൻകുന്ന് ക്ഷേത്രം റോഡ്, വാട്ടർ ടാങ്ക് ഇടവഴി റോഡ്. എ.കെ.ജി. കോളനി, മണ്ണിലിടം-കോഴിമണ്ണ സ്കൂൾ എന്നിങ്ങനെ ഗ്രമാസഭകളിൽ നിന്നും ഉയർന്നു വന്ന സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

- മലയമ്മ, അരയങ്കോട്, വെള്ളലശ്ശേരി, മുണ്ടക്കാളിതാഴം, എന്നീ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

- അട്ടക്കുണ്ട്, അമ്പലക്കണ്ടി ഭാഗം, പൂളക്കോട്, കുറ്റിക്കുളം, മാളികത്താടായി, ചിറ്റാരിപ്പിലാക്കൽ വേങ്ങേരി മഠം, ചേന്നോത്ത്, എന്നിവിടങ്ങളിലും പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളും ഇന്നനുഭവപ്പെടുന്ന രൂക്ഷ

മായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്, കുന്ദമംഗലം സബ്സ്റ്റേഷനിൽ നിന്ന് ഒരു പുതിയ ലൈൻ ചാത്തമംഗലത്തേക്ക് നീട്ടുകയും കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യുക. പ്രസരണം മൂലമുണ്ടാവുന്ന വൈദ്യുതി നഷ്ടം ഇല്ലാതാക്കാൻ ലൈൻ കടന്നുപോകുന്ന വഴിയിലെ മരച്ചിലകളും മറ്റ് തടസ്സങ്ങളും ഇല്ലാതാക്കുക.

മലയമ്മ, വലിയപൊയിൽ, ചേനോത്ത് സ്കൂൾ 12ാം മൈൽ എന്നിവിടങ്ങളിൽ സോഡിയം വാപ്പർ ലാമ്പ് സ്ഥാപിക്കുക.

ഗ്രാമസഭകളിൽ നിന്ന് സൂചിപ്പിച്ച കല്ലുമ്പുറം-തോട്ടോളിറോഡ്, മലയമ്മഭാഗം, തുമ്പശ്ശേരി-എലത്തൂർ റോഡ്, പി.മുഹമ്മദ് മുസ്ലിയാർ റോഡ്,. അടിപ്പറമ്പ് താത്തൂർ റോഡ് എന്നിവിടങ്ങളിലേക്ക് ത്രീഫേസ് ലൈൻ വലിക്കുക.

പഞ്ചായത്തിലെ മിനിമം ഗ്യാരന്റിയിൽ ഒപ്പ് വെച്ച താത്തൂർ, നായർകുഴി, കല്ലിടുംബ് എന്നീ പ്രദേശങ്ങളിലേക്ക് എത്രയും വേഗം വൈദ്യുതി എത്തിക്കേണ്ടതാണ്.

എരഞ്ഞിപ്പറമ്പ് ലക്ഷം വീട് കോളനി ചെറുതടം ലക്ഷം വീട് കോളനി, കുനിയിൽ ലക്ഷവീട് പറയരോട്ടുമ്മൽ ഹരിജൻ കോളനി, നെച്ചൂളി ഹരിജൻ കോളനി, ചോലക്കുഴി ഹരിജൻ കോളനി, പാലക്കൽ കോളനി, കുബാര കോളനി, പടാളി കോളനി, നെടുങ്ങാട്ടുമ്മൽ അംബേദകർ കോളനി, വല്ലക്കണ്ടി കോളനി, പേന്ത്രായിൽ ഹരിജൻ കോളനി, പേട്ടുംതടായി കോളനി എന്നിവിടങ്ങളിൽ പഞ്ചായത്ത് മുൻകൈ എടുത്ത് വൈദ്യുതി എത്തിക്കേണ്ടതാണ്.

പഞ്ചായത്തിലെ വൈദ്യുതി എത്താത്ത പ്രദേശങ്ങളായ ചെട്ടിക്കടവ് ഇഷ്ടിക ബസാർ, വേങ്ങാട്തടം, കോട്ടക്കുന്ന്,. പെരുവഴിക്കടവ്, ചേനോത്ത്, കളൻതോട് ഈസ്റ്റ് മലയമ്മ റോഡ്, ചെങ്ങത്തടം ഭാഗം, ഈസ്റ്റ് മലയമ്മ പരപ്പിൽ, തത്തമ്മ പറമ്പ്, കൊടുവാപ്പടി വെളുത്തേടത്ത് തോട്ടോളിക്കടവ്, കൊളായിത്തോടിക, മുട്ടയം ഭാഗം, നെല്ലിക്കുന്ന്, കണക്കൻ കുന്ന്, വെള്ളക്കോട് കാഞ്ഞിരഞ്ഞിങ്ങൾ ഭാഗം, ത്രിവേണികാനാക്കുന്ന് ഭാഗം, നാരങ്ങാലിപാലക്കുന്ന് ഭാഗം പുല്ലങ്കോട്മല, പാറക്കണ്ടി ഏഴാം വാർഡിലെ വൈദ്യുതി എത്താത്ത മറ്റ് ഭാഗങ്ങളിലും വൈദ്യുതി എത്തിക്കേണ്ടതാണ്.

ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കാനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ നമ്മുടെ പഞ്ചായത്തിൽ സുലഭമാണെങ്കിലും വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. പ്രസ്തുത ഊർജ്ജസ്രോതസ്സ് ഉൽപാദിപ്പിക്കാനാവശ്യമായ സാങ്കേതികവിദ്യയും പ്രോത്സാഹനവും നൽകിയാൽ ഊർജ്ജമേഖലയിൽ ആശാവഹമായ നേട്ടങ്ങൾ കൈവരിക്കാവുന്നതാണ്.

വൻ സാധ്യയുള്ള സൗരോർജ്ജ ഉപഭോഗത്തിന്റെ സാമ്പത്തിക നേട്ടത്തെക്കുറിച്ച് സാധാരണ ജനങ്ങൾക്കിടയിൽ വേണ്ടത്ര അവബോധം വളർന്നിട്ടില്ല. ഈ ന്യൂനത പരിഹരിക്കുകയും അതിനാവശ്യമായ പരിശീലനവും സാങ്കേതിക വിദ്യയും നൽകുകയും ചെയ്താൽ പ്രകൃതിദത്തമായ ഈ ഊർജ്ജത്തെയും നമുക്ക് ചൂഷണം ചെയ്യാനാവുന്നതാണ്.

കൂളിമാട് അമ്പലപ്പറ്റ് സ്ഥാപിച്ചതും ഇപ്പോൾ ഉപയോഗമില്ലാത്തുമായ ട്രാൻസ്ഫോർമർ പാഴൂരിലേക്ക് മാറ്റി സ്ഥാപിച്ചാൽ ഈ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാവുന്നതാണ്.

കൂളിമാട് വാട്ടർ അതോറിറ്റി-അമ്പലപ്പാറ സബ്സ്റ്റേഷനിൽ ഒരു സ്ഥിരം ആളെ നിയമിക്കേണ്ടതാണ്.

ANERT ന്റെ കീഴിൽ കേരളത്തിൽ പ്രവർത്തിക്കുന്ന IREP യുടെ ഒരു കാര്യാലയം കുന്ദമംഗലം ബ്ലോക്ക് അതിർത്തിയിൽ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഊർജ്ജ സ്രോതസ്സുകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും ഇതു സംബന്ധിച്ച വിവിധങ്ങളായ വിഭവങ്ങൾ പരമാവധി ചൂഷണം ചെയ്യുന്നതിനും ജനങ്ങൾക്കിടയിൽ ശാസ്ത്രീയമായ അവബോധവും കാഴ്ചപ്പാടും വളർന്നു വരേണ്ടതുണ്ട്. ഈ രംഗം വികസിപ്പിക്കാൻ ആവശ്യമായ ബോധവൽക്കരണ-വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിച്ചു മുന്നേറാനുള്ള ബഹു ജനപങ്കാളിത്തമാണ് ലഭിക്കേണ്ടത്.

പഞ്ചായത്ത് റോഡുകൾ

നമ്പർ	വാഡ്	റോഡിന്റെ പേര്	നീളം	വീതി	P	റിമാർക്സ്
1.	1.	മലയമ്മ-പുള്ളനൂർ-കല്ലുമ്പുറം റോഡ്	2.5 കി.മീ.	4മി.	P	1.5 കി.മീറ്റർ ദൂരം ടാങ്ങിംഗ് നടത്തിയിട്ടുണ്ട്. 1മീറ്റർ ദൂരം ചെമ്മൺ പാതയാണ്.
2.	1.	നാരകശ്ശേരി- മാതോലത്ത് കടവ്	2 കി.മി.	4മീ	P	ചെമ്മൺ റോഡാണ്.
3.	1	കല്ലുമ്പുറം റോഡ് -തോത്തോളിക്കടവ് റോഡ് .	0.683 കി.മീ.	4മി.	P	ചെമ്മൺ ചെമ്മൺ പതയാണ്.
4.	1	പുള്ളനൂർ - കൊടക്കാട്ടുകടവ്	0.800 കി.	4മീ.	P	ചെമ്മൺ പാതയാണ്.
5.	1	പുള്ളനൂർ - കുനിയിൽ കടവ് റോഡ്	0.600 കി.	4മീ	P	ചെമ്മൺപാതയാണ്.
6.	1	മലയമ്മ - മണ്ടോടുപൊയിൽ റോഡ്	0.750 കി.മീ.	4മീ.	P	,,
7.	1	കരിയാത്തൻ കുന്ന് - മലയമ്മ റോഡ്	0.650 കി.മീ	4മീ	"	,,
8.	2,12	എലത്തൂർ തുമ്പശ്ശേരി റോഡ്	1 കി.മീ..	5 മി.	"	,,
9.	2	മട്ടയം മലയമ്മ റോഡ്	2കി.മീ.	4 മീ	,,	,,
10.	2	മലയമ്മ - പൊതുവയൽ റോഡ്	0.450 കി. മീ	4മീ	"	,,
11.	2	മിച്ച ഭൂമി ഈസ്റ്റ് മലയമ്മ റോഡ്	0.800 കി.മീ	4 മീ	"	,,
12.	2	സംഗമം റോഡ്	1 കി.മീ.	4 മീ.	"	,,
13.	2,12	കരുവാരപ്പറ്റ-പുള്ളാവൂർ റോഡ്	0.350 ,,	4	,,	ചെമ്മൺപാത
14	2	വെണ്ണക്കോട്-കണക്കഞ്ചേരി റോഡ്	1.060,,	4	,,	,,
15.	2	കൊടുവാ പടിക്കൽ-കാഞ്ഞിരത്തിങ്ങൽ റോഡ്	2,,	4	,,	,,
16.	2	കണക്കഞ്ചേരി മുക്ക്-മുട്ടയം റോഡ്	0.750,,	4	,,	,,
17.	2	കരിയാത്തൻകുന്ന്-മലയമ്മ നടപ്പാത	0.300	4	,,	,,
18.	2	മലയമ്മ-ഈസ്റ്റ് മലയമ്മ റോഡ്	0.650,,	4	,,	,,
19. പൂട്ട്ഉണ്ട്.	3	കളൻതോട്-ഏരിമല റോഡ്	2,,	10	,,	ടാറിംഗ് പൂർത്തിയാക്കി ബസ്സ്
20.	3	ത്രിവേണി റോഡ്	1.300	4	,,	ചെമ്മൺപാത
21.	3	കളൻതോട്-ത്രിവേണി റോഡ്	0.625,,	4	,,	,,
22.	3,7	ചുലൂർ-ത്രിവേണി റോഡ്	1.100	4	,,	,,
23.	3	പുളിക്കൽ താഴം-കെട്ടാങ്ങൽ ക്രോസ് റോഡ്	1.200,,	8	,,	മെറ്റലിംഗ് പൂർത്തിയായി
24. ചെയ്തു.	3	വലിയപൊയിൽ-പുളിക്കൽ താഴം-പുളക്കോട് റോഡ്	2,,	8	,,	ഒരു കി.മീറ്റർ ദൂരത്തിൽ ടാറിംഗ്
25.	3	പുളിക്കൽ താഴം-വഴിപോക്കിൻ നിലം റോഡ്	0.500,,	4	,,	ചെമ്മൺപാത
26.	3	ത്രിവേണി-പാലക്കുറ്റി റോഡ്	1.050,,	4	,,	,,
27.	4,6	എരിമല-മംഗനാംപറ്റത്താഴം റോഡ്	0.650,,	8	,,	,,
28.	4,6	പാറക്കണ്ടി-മാളികത്തടം റോഡ്	1.370,,	8	,,	എം.പി.സ്കീമിൽ ഉൾപ്പെടുത്തി
29.	4	എരിമല-പൊറ്റശ്ശേരി റോഡ്	0.900,,	6	,,	ചെമ്മൺപാത

30.	4	ഏരിമല-തേവർ വട്ടം റോഡ്	2.500 ,,	6 ,,	,,
31.	4	ഈസ്റ്റ് നായർകുഴി-പൊറ്റശ്ശേരി റോഡ്	1 കി.മി	4 മീ ,,	
32.	4	പറയർ കോട്ടുമൽ-ചക്കാലൽകുന്ന് റോഡ്	1.250,,	4,,	,,
33	5,6	മുന്നൂർ-ചിറ്റാരിപ്പിലാക്കൽ റോഡ്	0.800	4,,	ടാറിംഗ് പ്രവർത്തിക്ക് അനുമതിയായി.
34.	5	വൈത്തല റോഡ്	0.200	3.5,,	ചെമ്മൺപാത
35.	5	പൊന്നാന്നി മുഹമ്മദ് മുസ്ല്യാർ സ്മാരക റോഡ്	1 ,,	4,,	,,
36.	5	ചിറ്റാരിപ്പിലാക്കൽ-ചക്കാലൻകുന്ന് റോഡ്	0.400	4,,	,,
37	6	അടിപറമ്പ്-താത്തൂർ റോഡ്	2 ,,	4,,	ചെമ്മൺപാത
38.	6	താത്തൂർ പി.എച്ച്.ഇ.ഡി.റോഡ്	0.750 ,,	8,,	,,
39.	6	അരയങ്കോട്ട്-സൗത്ത് അരയങ്കോട്ട് റോഡ്	1.500 കി.മി	4.5മി	,,
40.	6	സൗത്ത് അരയങ്കോട്ട്-മച്ചിങ്ങൽ റോഡ്	0.750,,	4,,	,,
41	6,8	സങ്കേതം-വെള്ളലശ്ശേരി റോഡ്	0.500കി.മി	5 മി	,,
42	6,5	ചിറ്റാരിപിലാക്കൽ-അരയങ്കോട് റോഡ്	2.820,,	8,,	900 മീറ്റർ ഒഴികെ ബാക്കി ടാറിംഗ് നടത്തിയിട്ടുണ്ട്. ജില്ലാപഞ്ചായത്ത് റോഡ് പരിഷ്കരണത്തിന് ഏറ്റെടുത്തു
43.	4,6,7	വെള്ളശ്ശേരി,നായർകുഴി പുൽപറമ്പ് റോഡ്	3.5 കി.മി	8മി	(മുക്കംപഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന)
44.	7	ചൂലൂർ-മുടത്തൂർ താഴം റോഡ്	1-5 കി.മി	8 മീ	ചെമ്മൺ പാത
45.	7	ചൂലൂർ-കുറ്റിനിലാ	400 മീറ്റർ	4.60 ,,	ചെമ്മൺപാത
46.	7	പരതപ്പൊയിൽ-മുണ്ടക്കാളി റോഡ് (പി.സി.സി.സ്മാരക റോഡ്)	1.5 കി.മി	8 മീറ്റർ	ചെമ്മൺപാത
47.	8	വെള്ളനൂർ-സങ്കേതം റോഡ്	1,,	8,,	ചെമ്മൺപാത
48,	8	കുഴക്കോട്-പെരുവഴിക്കടവ് റോഡ്	0.850	8മി	പരിഷ്ക്കരണ പ്രവർത്തി നടന്നു വരുന്നു.
49.	8	കാഞ്ഞിരക്കടവ് റോഡ്	0.350	4,,	ചെമ്മൺ പാത
50.	8	പട്ടാളപാടം-കൂടാൻകടവ് റോഡ്	0.780	4മി	ചെമ്മൺ പാത
51.	8,7	കുറ്റിനിലം-കുഞ്ഞരക്കോട് റോഡ്	0.270 ,,	4 ,,	ചെമ്മൺപാത
52	8	പാറക്കുന്നത്ത് നടപ്പാത	1.250	3 മീ	ചെമ്മൺ പാത
53.	9	പുളിക്കുഴി-തടത്തുമ്മൽ റോഡ്	1,,	8,,	500മീറ്റർ മെറ്റലിംഗ് കഴിഞ്ഞു.
54.	9	ചാത്തമംഗലം-ചോയിമഠം റോഡ്	1.200,,	4,,	ചെമ്മൺപാത
55.	9	ചാത്തമംഗലം-കുമ്മാണ്ടിക്കടവ് റോഡ്	0.400,,	4,,	,,
56.	9	ചാത്തമംഗലം സബ്റജിസ്ട്രാർ ഓഫീസ് പട്ടോത്ത് റോഡ്	1.250,,	4,,	,,
57	9.	താമരത്ത്പാടം-കഴുമയിൽ റോഡ്	0.105,,	4,,	,,
58.	9	പാലപ്രമീത്തൽ നടപ്പാത	0.250,,	3,,	,,
59	9	ചാത്തമംഗലം-പറപ്പൂരിടം റോഡ്	0.830,,	5,,	,,

60.	10	വേങ്ങേരിമാം, വലിയ പൊയിൽ	1.200,,	8,,	പരിഷ്കരണ പ്രവൃത്തി നടക്കുന്നു.
61.	10	പൊൻ പണക്കുന്ന്, കോട്ടക്കുന്ന്	1.200,,	8,,	ചെമ്മൺ റോഡ്
62.	10	കല്ലിടുമ്പിൽ, പുത്തലത്ത്താഴം	350,,	8,,	,,
63.	10	നെച്ചൂളി, പുലപ്പണംകുന്ന്	1	8,,	,,
64	10	വേങ്ങിരിമാം, ലിങ്ക് റോഡ്	400	8,,	,,
65.	10	നെച്ചൂളി, ആശുപത്രി റോഡ്	200,,	4,,	,,
66.	10	ചോലക്കുഴി കോരകുളങ്ങരത്താഴം	200	10,,	ചെമ്മൺ റോഡ്
67.	11	12ാം മൈൽ മണ്ണിലെടം റോഡ്	1.480	8 മീ	മെറ്റലിംഗ് പൂർത്തീകരിച്ചു
68.	11	വലിയപൊയിൽ പെരങ്ങോട് റോഡ്	1കി	8മീ	ബോളർ പേർമമേഷൻ 500 മീറ്റർ
69.	11	ആർ.ഇ.സി.ബൈപ്പാസ് റോഡ്	0.195മീ	8മീ	ടാറിംഗ് പൂർത്തിയായി.
70.	11	സ്റ്റേറ്റ് ബാങ്ക്			
		ചേനോത്ത്കുനികയിൽ ലക്ഷം വീട്	3.980	8മീ	3.100 ടാറിംഗ്
71.	11	ചേനോത്ത് പുള്ളാവൂർ റോഡ്	850മീ	6മീ	ചെമ്മൺപാത
72.	11	ചേനോത്ത് G.L.P.S. കോഴിമണ്ണ മണ്ണിലിടം	0.380	6മീ	,,
73.	11	ഭൂതാൻകോളനി റോഡ്	0.315	8മീ	ടാറിംഗ് പൂർത്തിയായി
74.	11	മണ്ണിലെടം നടപ്പാത	1 കി	6മീ	ചെമ്മൺപാത
75.	11	പഞ്ചായത്ത ഓഫീസ് അംബേക്കർ			
		കോളനി റോട്	3കി	8മീ	ടാറിംഗ്പൂർത്തിയായി
76.	11	ചീനാത്തംകുഴി റോഡ്	1കി	6മീ	ചെമ്മൺപാത
77.	11	പഞ്ചായത്ത് ഓഫീസ് നെടുങ്ങാട്ടുമ്മൽറോഡ്	1.750	3മീ	1.കി.മി. ടാറിംഗ് 750 ചെമ്മൺപാത
78.	11	കണയൻക്കോട് ചാലിൽ നടപ്പാത	250	1 മീറ്റർ	ചെമ്മൺപാത
79	11	ചേനോത്ത് ഹരിജൻ കോളനി	300മീ	4മീ	ചെമ്മൺപാത
80.	11	ചേനോത്ത് കുനികയിൽ ലക്ഷം വീട്			
		കാക്കേരിക്കടവ് റോഡ്	800മീ	8മീ	ചെമ്മൺപാത
81.	11.	പഞ്ചായത്ത് ഓഫീസ് പട്ടാളിറോഡ്	3കി	8മീ	1കി.മീ ടാറിംഗ് 2കി.മി ചെമ്മൺപാത
82.	11	നെടുങ്ങാട്ടുമ്മൽ ഹരിജൻ കോളനി	190മീ	6മീ	ചെമ്മൺപാത
83.	11	ചേന്നോത്ത്മണ്ണിലെടം ലിങ്ക്റോഡ്	680മീ	6മീ	ചെമ്മൺപാത
84.	11	ചേന്നോത്ത് ശാന്തിവനം റോഡ്	1.500	6മീ	ചെമ്മൺപാത
85	12	പുള്ളാവൂർ, ഇരിങ്ങാടംകുന്ന് ക്ഷേത്രം റോഡ്	0.370	4 മീ	ചെമ്മൺപാത
86	12	പുള്ളാവൂർ-കുന്നത്ത്റോഡ്	0.400മീ	4മീ	ചെമ്മൺപാത
87.	13	ഈസ്റ്റ് മലയമ്മ-കളൻതോട് റോഡ്	1.400മീ	4.5മീ	ചെമ്മൺപാത
89.	13	മിച്ചഭൂമി-ഈസ്റ്റ്മലയമ്മ റോഡ്	0.800മീ	4മീ ,,	
89	13	തത്തമ്മപ്പറമ്പ്-കൊടുവാപിടിമല റോഡ്	0.500മീ	4മീ	

ഗ്രാമസഭകളിൽ നിന്നും പുതുതായി നിർമ്മിക്കാനായി നിർദേശിക്കപ്പെട്ട റോഡുകളുടെ വിവരം

ക്രമ നമ്പർ	വാർഡ്	സ്ഥലം	
1.	1	മലയമ്മ-കൊടക്കാട് റോഡ്	നിർമ്മാണ പ്രവർത്തനത്തിൽ നാട്ടുകാരുടെ പങ്കാളിത്തം വാഗ്ദ്ധാനം ചെയ്തിട്ടുണ്ട്.
2.	1	തുമ്പശ്ശേരി എലത്തൂർ റോഡും കൊടക്കാട് കടവ് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്	സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്.ശ്രമദാനവും വാഗ്ദ്ധാനം ചെയ്തിട്ടുണ്ട്.
3.	1	കൊടക്കാട് കടവ്റോഡും കുന്നത്ത്റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്	
4.	2	വലിയപൊയിൽ പുത്തൂർ റോഡും മുത്തേരി റോഡും ബന്ധിപ്പിക്കുന്ന മലയമ്മ അങ്ങാടിയിൽ നിന്നും കിഴക്കോട്ടുള്ള റോഡ്	
5.	2	മലയമ്മ പരപ്പാറ മുതൽ കരിയാത്തൻ കുന്ന് വരെ	
6.		മുതുകൃഷിഭാഗത്തുനിന്ന് മുണ്ടോട് കടവിൽ എത്തുന്ന റോഡ് തടമ്പന് റോഡുമായി ബന്ധിപ്പിക്കണം.	
7.	3	പുളിക്കൽ-നെച്ചൂളി റോഡ്	
8.	3	അരീക്കുളങ്ങര-മുണ്ടക്കാളി താഴം റോഡ്	
9.	3	കാനാംകുന്നത്ത്-പെരിങ്ങോട്ട് റോഡ് നിർമ്മാണം	സ്ഥലവും ജനപങ്കാളിത്തവും ഉണ്ടാവും.
10.	3	എം.ഇ.എസ്സിന്റെ സൈഡിൽകൂടി റോഡ്	,,
11.	3	കണക്കംകണ്ടി-ചെറിയേരിതാഴം റോഡ്	
12.	4	എരിമല-തേവർവട്ടം റോഡിൽ പലപ്രതൊടിക മുകളിൽ നിന്നും കോലംതൊടിക പുളികച്ചാലിൽ നുണാറ്റിൻകര ഭാഗത്തുകൂടി നായർകുഴിയുമായി ബന്ധപ്പെടുത്തുക.	
13.	4	കുറ്റിക്കുളത്ത് നിന്ന് മാളികതടത്തിലേക്ക് അടിപറമ്പ് വഴി റോഡ്	
14.	4	കരിപ്പാലത്താഴം-പുതിയാടം റോഡ്	
15.	4	പറയൻകോട്ടമ്മൽ പട്ടികജാതി കോളനിയിൽനിന്ന് കുറ്റികുളത്തേക്ക് റോഡ്	
16.	4	പറമ്പാട്ടുമ്മൽ നിന്ന് പൊറ്റശ്ശേരി	
17.	5	മുന്നൂർ-പുത്തൻപുരക്കൽ നിന്ന് മുക്കുഴൻ കടവ് റോഡ്	
18.	5	വെസ്റ്റ് പാഴൂർ അങ്ങാടിയെയും എരഞ്ഞിപ്പറമ്പ് കോളനിയെയും ബന്ധിപ്പിക്കുന്ന റോഡ്	,,
19.	5	ചിറ്റാരിപിലാക്കൽ-ചെറുവിടം കോളനി റോഡ്	,,
20.	5	എരഞ്ഞിപറമ്പ്-തേനായി കുറ്റിക്കുളം അരയങ്കോട് റോഡ്	
21.	5	മുന്നൂർ മുതൽ തോട്ടമുറി റോഡ്	
22.	5	എരഞ്ഞിപറമ്പ് കാവുങ്ങൽ റോഡ്	

23.	5	നടുവത്ത് നിന്ന്-എരഞ്ഞിപറമ്പ് റോഡ്	
24.	6	കുറ്റികുളം-മച്ചിങ്ങൽ പി.എച്ച്.ഇ.ഡി. റോഡ്	
25.	6	പുതിയാടം-വട്ടപൊയിൽ വെള്ളലശ്ശേരി റോഡ്	
26.	6	താത്തൂർ-വേങ്ങാടി പുറായി-റോഡ്	
27.	6	താത്തൂർ-അങ്ങാടികുഴി റോഡ്	
28.	6	സങ്കേതം-പാലപ്ര റോഡ്, സങ്കേതം-വെള്ളലശ്ശേരി റോഡ്	സ്ഥലവും ശ്രമദാനവും ലഭിക്കും.
29.	6	സൗത്ത് അരയങ്കോട്-താത്തൂർ റോഡ്	,,
30.		കുതിരാടം-കോപിലാക്കൽ-അരയങ്കോട് റോഡ്	,,
31.	6	താത്തൂർ-പൗങ്ങോട് റോഡ്	,,
32.	6	തച്ചിട്ടാംപറമ്പിൽ-വെള്ളലശ്ശേരി ശ്മശാനം റോഡ്	
33.	6	മച്ചിങ്ങൽ-നെമ്മണിപറമ്പ്	സ്ഥലവും ശ്രമദാനവും ലഭിക്കും.
34.	6	അരയങ്കോട്-വിരുന്നംകുഴി-ഉതിരാടം റോഡ്	,,
35.	6	പുതിയാടം-അരയങ്കോട്-മാളികതടായി കോളനി റോഡ്	,,
36.	7.	കാവഞ്ചേരി-പുളക്കുന്നത്ത് നിന്ന് സങ്കേതം റോഡ്	
37.	7	പുലക്കോട് ഹരിജൻ കോളനിയിലേക്ക ചുലൂരിൽ നിന്ന് റോഡ്	
38.	7	പുളക്കുന്നത്ത് നിന്ന് സങ്കേതത്തേക്ക് റോഡ്	
39.	8	വെള്ളന്നൂർ റേഷൻ ഷോപ്പ് ഭാഗത്തേക്ക് പുല്ലാറമ്പ് വമ്പൻ കുഴിറോഡ്	
40.	8	പാറക്കുന്ന് നിന്ന് കുഴക്കോട്ടേക്ക് റോഡ്	
41	8	പൊൻപ്പണം മുതൽ കോട്ടോൽക്ഷേത്രം വരെ	
42.	8	വെള്ളനൂർ റോഡിൽ നിന്ന് കോട്ടക്കുന്ന കോളനിയിലേക്ക്	
43.	8	കോട്ടക്കുന്ന-മാട്ടുമ്മൽ കോളനി റോഡ്	
44.	8	താമരത്ത് പാടത്ത് നിന്ന് തെക്കുംബലം വരെ റോഡ്	
45.	8	ചെട്ടിക്കടവ്-നെരമണ്ണിൽ-പറയരുകണ്ടിപുഴ.	
46.	9	ചാത്തമംഗലം-കണ്ണാറമ്പത്ത് റോഡ് വെള്ളനൂർ റോഡിലേക്ക് ബന്ധിപ്പിക്കുക.	
47.	9	എടരാത്ത് പുല്ലാറമ്പ് റോഡ്-കണ്ണാറമ്പത്ത് റോഡുമായി ബന്ധിപ്പക്കുക	
48.	9	താഴെ 12ാം മൈലിൽ നിന്ന് ചാത്തമംഗലം അമ്പലം വഴി വേങ്ങേരി മഠത്തിലേക്ക് റോഡ്	
49.	9	ഈർശാദ് സ്റ്റോറിന് മുൻവശത്ത് നിന്ന് കണ്ണാറമ്പത്ത് റോഡ്	
50.	9	ചാത്തമംഗലം ചന്തയിൽ നിന്ന് കണ്ണാറമ്പത്ത് താഴത്തേക്ക് റോഡ്	
51	10	തെക്കമ്പലം-നെച്ചുളി റോഡ്	
52.	10	പുത്തലം-ചോയിമഠി റോഡ്	
53.	10	കോട്ടക്കുന്ന്-അരക്കമ്പറ്റ് മീത്തൽ റോഡ്	
54.	10	നെച്ചുളി മുതൽ-പുത്തലത്ത് ചോയി പറമ്പ് വരെ	
55.	11	ചേനോത്ത് ലക്ഷം വീട് റോഡ് മുതൽ പൊയ്യേരി ഭാഗത്തേക്ക് റോഡ്	

56.	11	വല്ലക്കണ്ടിയിൽ ഹരിജൻ കോളനിയിലേക്ക് കോഴികമ്പനി സ്ഥലക്ക് കൂടെ പുതിയ റോഡ്.	
57.	11	മൈത്രീ ക്ലബിന്റെ അടുത്ത് നിന്ന് അമ്പലത്തിലേക്ക് റോഡ്.	
58.	11	ഈഗിൾ പ്ലേന്റേഷൻ കോളനിയിലേക്ക് റോഡ്	
59.	11	മൈത്രീ ക്ലബിന്റെ അടുത്ത് നിന്ന് പേനക്കുന്നുമ്മലേക്ക് റോഡ്	സ്ഥലവും ശ്രമദാവും നൽകും.
60.	12.	കറുങ്ങാട്ടു കടവിൽ നിന്നും മേലെ കുന്നത് ഭാഗത്തേക്ക് റോഡ്	
61.	12	ഉണ്ടാരുകുളം മുതൽ ഇരിങ്ങാടൻ ക്ഷേത്രം വരെ.	
62.	12	കരുവാരപ്പൊറ്റ ചാലിൽ നിന്ന് കല്ലായ് കുന്നത്തേക്ക് റോഡ്.	
63.	13	ഈസ്റ്റ് മലയമ്മ-പാറമ്മൽ അങ്ങാടി റോഡ്	
64.	13	ഈസ്റ്റ് മലയമ്മ-കളൻ തോട് റോഡിൽ നിന്ന് പരപ്പിൽ മുതൽ ചെങ്ങാടതടം വരെ	
65.	6	സൗത്ത് അരയങ്കോട്-ആലിൻചുവട് റോഡ് നിർമ്മാണം.	
66.	6	എടവഴിതൊടി-മച്ചിങ്ങൾ റോഡ് നിർമ്മാണം.	
67.	8	താമരത്ത വയൽ കുഴിമയിൽ കടവ് റോഡ്.	ശ്രമദാവും നൽകും ഗതാഗത യോഗ്യമാക്കണം.
68	8	ഇഷ്ടിക ബസാർ-പെൻപണകുന്ന് റോഡ്	,,

പഞ്ചായത്തിലെ പി.ഡബ്ലുഡി റോഡുകൾ

ക്രമനമ്പർ	വാർഡ്	പേര്	നീളം	വീതി മീറ്റർ	റിമാർക്സ്
1.	2	REC - പത്തൂർ ഓമശ്ശേരി റോഡ്	4കി.മീ.	8മീ.	ഓമശ്ശേരി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നു.
2.	2	REC - മുഞ്ഞേരി റോഡ്	3	8	മുക്കം പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നു.
3.		ചെത്തുകടവ് - കളംതോട് റോഡ്	6	10	കുന്നമംഗലം മുക്കം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു.
4.		REC ആരയംകോട് റോഡ്	5	8	മാവൂർ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നു.
5		ചക്കാലകുന്ന - PHED റോഡ്	4	8	മുക്കം മാവൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു.
6		കുളിമാട് വെങ്ങേരി മഠം റോഡ്	8.980	10	കുളിമാട്ട മുതൽ നായർ കുഴി വരെയും മണ്ടക്കാളിമുതൽ വേങ്ങേരി മഠം വരെയും ടാറിംഗ് പൂർത്തിയായി.
7.		ചാത്തമംഗലം ചെട്ടികടവ് റോഡ്	6	8	വെള്ളന്നൂർ ചെട്ടികടവ് വരെ ഗതാഗത യോഗ്യമല്ല.
8.		12ാം മൈൽ-കമ്പനിമുക്ക് റോഡ്	2 ,,	8	
9.		കമ്പനി മുക്ക്-കുറുങ്ങാട് കടവ് റോഡ്	2,,	8	കൊടുവള്ളി പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നു.
10.		ചാത്തമംഗലം-മുഴാപാലം റോഡ്	7,,	8	മാവൂർ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നു
11.		ദയാപുരം അൻസരി ഓഫർനേജ് അൻസാരി ക്ലിനിക് റോഡ്.	0.250,,	8	മെറ്റലിംഗ് കഴിഞ്ഞ്

പാർപ്പിടം സാമൂഹ്യക്ഷേമം

പാർപ്പിടം

ഇടത്തരം കർഷകരും കർഷകത്തൊഴിലാളികളും തിങ്ങിപാർക്കുന്ന ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ പാർപ്പിടങ്ങളിൽ 46.6% വീടുകൾ ഓടുമേഞ്ഞതും 11.5% ഓലമേഞ്ഞതും 3.03% കൂടിലുകളും 23.4% കോൺക്രീറ്റ് ഭവനങ്ങളുമാണുള്ളത്. ഒന്നിൽകൂടുതൽ നിലകളുള്ള വീടുകൾ 15.5% വരും. ആകെ 7619 വീടുകളാണ് പഞ്ചായത്തിലുള്ളത്. ഭൗതിക സാഹചര്യങ്ങൾ അനുകൂലമല്ലാത്തതിനാൽ ഒന്നിലധികം കുടുംബങ്ങൾ കൂട്ടായി താമസിച്ചുവരുന്ന അവസ്ഥയും സാർവ്വത്രികമായി കാണുന്നു. ഏകദേശം 4 ശതമാനത്തോളം കുടുംബങ്ങൾ സ്വന്തമായി പാർപ്പിടമില്ലാത്തവരാണ്.പുറമ്പോക്ക് ഭൂമികളിൽ കുടിൽ കെട്ടി താമസിക്കുന്നവരെയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടെത്താൻ സാധിക്കും.

1965ന് ശേഷമാണ് കോൺക്രീറ്റ് കെട്ടിടങ്ങൾ ഇവിടെ വ്യപിച്ചുതുടങ്ങിയത്. ഇതിനു മുമ്പുണ്ടായിരുന്ന വീടുകൾ പ്രധാനമായും ഉരുട്ടുകട്ടകളുപയോഗിച്ച് നിർമ്മിച്ചവയായിരുന്നു. ഉരുട്ടുകട്ടക്കിടയിൽ ഉണങ്ങാത്ത മുതുകമ്പുകളും ഇല്ലികളും ഉപയോഗിച്ചുകൊണ്ട് ഭിത്തി പണിയുന്ന രീതിയും ഇവിടെ നിലനിന്നിരുന്നു. ശില്പഭംഗിയിലും നിർമ്മാണതത്തത്തിലും ഇന്നും പുതുമ നിലനിൽക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ഭവനങ്ങളും ആരാധനാലയങ്ങളും ഈ പഞ്ചായത്തിൽ നിലനിൽക്കുന്നു. അടുത്തകാലത്തായി ഭവന നിർമ്മാണ രംഗത്ത് കണ്ടുവരുന്ന ദുർവ്യയവും ആലങ്കാരികതയും നമ്മുടെ പഞ്ചായത്തിലും വ്യാപിച്ചുതുടങ്ങിയതായി കാണുന്നു. നെൽവയലുകൾ വീടുകളായി രൂപാന്തരപെട്ടുവരുന്ന പ്രവണതയും ഇതിന്റെ ഭാഗമാണ്. വരവ് ചെലവുകൾ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്നവരിലും ഈ പ്രവണത കണ്ടുവരുന്നുണ്ട് എന്നതിന്റെ തെളിവാണ് പണി പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം കൊണ്ട് നമുക്ക കാണുവാൻ കഴിയുന്നത്. ഏതാണ്ട് 0.5% വീടുകൾ ഇത്തരത്തിലുണ്ടാകും.

പഞ്ചായത്തിലെ വീടുകളുടെ വിവരം

(വാർഡ് തിരിച്ച്)

വാർഡ്	വീടുകളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ള വീടുകൾ	ഒരുനിലയുള്ള വീടുകൾ മേൽക്കൂരയുടെ സ്വഭാവം			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1	391	73	54	221	32	11
2	629	147	103	335	35	9
3	865	154	216	378	78	39
4	591	76	95	331	72	17
5	791	71	185	442	67	26
6	476	45	55	323	45	8
7	713	86	231	293	84	19
8	737	136	137	324	125	15
9	685	86	241	264	68	26
10	406	90	54	172	79	11
11	712	126	246	231	75	34
12	295	49	38	147	54	7
13	328	42	49	165	63	9
ആകെ	7619	1181	1704	3626	877	231

കാരന്തൂർ ഹൗസിംഗ് സൊസൈറ്റി, ഹഡ്കോ എന്നീ സ്ഥാപനങ്ങളെയാണ് പ്രധാനമായും ജനങ്ങൾ ഭവനനിർമ്മാണവായ്പയ്ക്ക് സമീപിക്കുന്നത്. ചാത്തമംഗലം സർവ്വീസ് സഹകരണ ബാങ്ക് മുഖേന ഹഡ്കോ 52 വീടുകൾ നിർമ്മിക്കാൻ വായ്പകൾ നൽകിയിട്ടുണ്ട്. 1989വരെ ദുർബലവിഭാഗങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതികൾ ചാത്തമംഗലം സർവ്വീസ് സഹകരണബാങ്ക് 6000രൂപ വീതം 21 വീടുകൾക്ക മൊത്ത 126000 രൂപ വിതരണം ചെയ്തു. ഇതിനു പുറമെ ജവഹർ റോസ്ഗാർ യോജന (JRY) ഇന്ദിരആവാസ് യോജന (IAY) തുടങ്ങിയ പദ്ധതികൾ മുഖേന ദുർബലവിഭാഗങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും സൗജന്യ ധനസഹായം നല്കിവരുന്നു. ഇങ്ങനെ നിർമ്മിച്ച വീടുകളുടെ പട്ടിക താഴെ ചേർക്കുന്നു.

വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിൽ നിർമ്മിച്ച വീടുകൾ	
JRY	48
അൺടൈഡ്	16
IAY	18
ആകെ	**118**

നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വർദ്ധിച്ചുവരുന്ന വിലക്കയറ്റവും കാരണം നിലവിലുള്ള വായ്പാ പദ്ധതികളിലൂടെ ലഭ്യമാകുന്ന വായ്പകൾ ഉപയോഗപ്പെടുത്തി ഭവനനിർമ്മാണം പൂർത്തിയാക്കാനാവാത്ത സ്ഥിതിയാണുള്ളത്. പരിചയ സമ്പന്നരായവിദഗ്ധ തൊഴിലാളികളുടെ കുറവ് ഈ രംഗത്ത് കൂടുതകലാണ്. ഏകദേശം 3 ശതമാനത്തോളം പേർ നിർമ്മാണജോലികളിൽ ഏർപ്പെട്ടുവരുന്നു. പുരുഷന്മാർക്ക് 80 മുതൽ 125രൂപവരെയും സ്ത്രീകൾക്ക് 75 രൂപ മുതൽ 100 രൂപവരെയും കൂലി ലഭിക്കുന്നു. പൊതുവെ മാന്യമായ കൂലിനിരക്ക് നിലനിൽക്കുന്ന തൊഴിൽമേഖലയാണിത്.

കെട്ടിട നിർമ്മാണത്തിനാവശ്യമായ മരഉരുപ്പടിതയ്യാറാക്കുന്ന, മൂന്നും ഹോളോബ്രിക്സ് ഉണ്ടാക്കുന്ന മൂന്നും നിർമിതി കേന്ദ്രയുടെ ഒരു ബ്രാഞ്ചും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഇതു അപര്യാപ്തമാണ്.

വിശേഷാൽ ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പൊതുവായി താഴെ ചേർക്കുന്നവയാണ്.

പ്രശ്നങ്ങൾ

1 കോളനികൾ, നാലുസെന്റ് ലക്ഷം വീട് കോളനി നിവാസികൾക്ക് ഭവനനിർമ്മാണത്തിനുള്ള പാശ്ചാത്തല സൗകര്യങ്ങഴുടെ അപര്യാപ്തത

2) നിർമ്മാണതൊഴിലാളികളുടെ കുറവ്

3) നിർമ്മാണത്തിനും പുതുക്കിപണിയലിനും യഥാസമയം ലളിതമായ രീതിയിൽ വായ്പകൾ ലഭ്യമാക്കാനുള്ള പ്രയാസം.

ബ്ലോക്ക് ധനസഹായത്തോടെ നിർമ്മിച്ച വീടുകൾ

വില്ലേജ്	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വെ പ്രകാരം)	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തികരിച്ച വീടുകൾ	അനിവദിച്ചതിൽ പൂർത്തീകരിക്കാനുള്ളത്	ഇനിയും അനുവദിക്കേണ്ട വിടുകൾ
പൂളക്കോട്	110	51	41	10	59
ചാത്തമംഗലം	97	47	38	9	50
ആകെ	207	98	79	19	109

4) ഭൂരഹിതരുടെയും പുറംപോക്ക് ഭൂമിയിൽ താമസിക്കുന്നവരുടെയും പ്രശ്നങ്ങൾ.

5) ഹൗസിങ് സൊസൈറ്റികൾ, മറ്റുധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ദുർബലവിഭാഗങ്ങൾക്ക് ധനസഹായത്തിന്റെ ലഭ്യതക്കുറവ്.

6) ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കാനുള്ള വിദഗ്ധരുടെ അഭാവം.

7) ചെറിയ വീടുകളെയും കുടിലുകളെയും കെട്ടിടനിർമ്മാണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയത് ദുർബല ഭവന നിർമ്മാണത്തെ ദോഷകരമായി ബാധിക്കുന്നു.

കുന്ദമംഗലം ഓ-ഓപ് ഹൗസിങ് സൊസൈറ്റി നൽകിയ ഭവനനിർമ്മാണവായ്പകൾ

വർഷം	എണ്ണം	തുക
1994-95	11	3,98,000/-
1995-96	22	10,60,000/-
ആകെ	33	14,58,000.00

സാധ്യതകളും നിർദ്ദേശങ്ങളും

1) പഞ്ചായത്തിൽ ഭവന നിർമ്മാണസഹകരണ സംഘം സ്ഥാപിക്കുക.

2) കെട്ടിട നിർമ്മാണ സാമഗ്രികൾ പ്രാദേശികമായി ലഭ്യമാക്കുന്നതിനും ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും ജനപങ്കാളിത്തത്തോടെ പദ്ധതികൾക്ക് രൂപം നൽകുക.

3) കുറഞ്ഞ പലിശ നിരക്കിൽ ലളിതമായ വ്യവസ്ഥകളോടെ യഥാസമയത്ത് വായ്പകൾ ലഭ്യമാക്കുക

4) വിവിധ വായ്പാ പദ്ധതികളെ സംബന്ധിച്ചും വിനിയോഗ രീതികളെ സംബന്ധിച്ചും ബോധവൽക്കരണ ക്ലാസുകൾ സന്നദ്ധ സംഘടനകളിലൂടെ സംഘടിപ്പിക്കാവുന്നതാണ്

5) നിലവിലുള്ള ഭവന വായ്പകളും സൗജന്യ ധനസഹായവും കാലോചിതമായി പരിഷ്ക്കരിക്കുന്നത് ഗുണകരമാവും.

6) ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന ഭവനരഹിത കുടുംബങ്ങൾക്ക് വീടുകൾ ലഭ്യമാക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കുക.

7) കെട്ടിട നിർമ്മാണ നിയമത്തിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കണം.

8) കുടിലുകളെ കെട്ടിടനിയമപരിധിയിൽ നിന്നും ഒഴിവാക്കുക.

9) മുഴുവൻ കോളനികളിലെയും വീടുകൾ യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താൻ നടപടികൾ സ്വീകരിക്കണം.

10) ഭൂരഹിതരുടെയും പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരുടെയും പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പ്രത്യേകം പരിഗണന നൽകുക.

11) വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി തല്പരരായവർക്ക് കെട്ടിടനിർമ്മാണജോലികളിൽ പരിശീലനം ഏർപ്പെടുത്തുക.

12) ഭവനനിർമ്മാണ രംഗത്ത് കടന്നുവരുന്ന ദുർവ്യയം ഒഴിവാക്കാൻ ബോധവൽക്കരണ ക്ലാസുകളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുക.

13) ജനപങ്കാളിത്തത്തോടെ പാവപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും പാർപ്പിടം നിർമ്മിക്കാനുള്ള പദ്ധതിക്ക് രൂപം നൽകുക. 2,4,5 എന്നീ വാർഡുകളിൽ നിന്നും ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്കുവേണ്ട അധ്വാനം 50% സന്നദ്ധസംഘടനകളും മറ്റും നൽകാൻ തയ്യാറാണ്. ഈ മാതൃക മറ്റ് വാർഡുകൾക്കും സ്വീകരിക്കാവുന്നതാണ്.

14) പ്ലാൻ അംഗീകരിക്കുന്നതിൽ ഇപ്പോഴുള്ള കാലതാമസം ഒഴിവാക്കുക.

15) പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് വൈദ്യുതീകരിക്കാൻ സാമ്പത്തിക സഹായം ലഭ്യമാക്കണം.

16) പ്രകൃതിക്ഷോഭം മൂലം വീടിന് കേടുപാട് സംഭവിക്കുന്നവർക്ക് ഇപ്പോൾ നല്കിവരുന്ന ദുരിതാശ്വാസ തുക വർദ്ധിപ്പിക്കണം.

17) വിദഗ്ധതൊഴിലാളികളുടെ ലഭ്യതയും സേവനവും ഉറപ്പുവരുത്താൻ തൊഴിലാളികളുടെ പ്രാദേശിക സംഘങ്ങൾ രൂപീകരിക്കുകയും പഞ്ചായത്ത് തലത്തിൽ കൂലി വ്യവസ്ഥ ഏകീകരിക്കുകയും ചെയ്യുക.

പഞ്ചായത്തിൽ നിലവിലുള്ള പാർപ്പിട പ്രശ്നത്തിന് ശാസ്ത്രീയ പരിഹാരമാർഗ്ഗങ്ങൾ എത്രയും പെട്ടെന്ന് ഉണ്ടാവേണ്ടതുണ്ട്. വീട് നിർമ്മാണരംഗത്ത് കണ്ടുവരുന്ന പാഴ്ച്ചെലവുകളും ഇക്കാര്യത്തിൽ ശാസ്ത്രീയ സമീപനങ്ങളുടെ അഭാവവും നിമിത്തം ഒട്ടേറെ പേർ കഷ്ടതയനുഭവിക്കുന്നുണ്ട്.

വിദഗ്ധരുടെയും സന്നദ്ധസംഘടനകളുടെയും സഹരണത്തോടും ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടും കൂടി ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണത്തിനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കേണ്ടതാണ്. ഭവനരഹിതകായ കുടുംബങ്ങളെ കണ്ടെത്തുകയും അവരുടെ ദുരിതത്തിനറുതി വരുത്താൻ പറ്റുന്ന വിധം നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുകയും ചെയ്യേണ്ടതാണ്.

വീട് എന്ന സ്വപ്നത്തെക്കുറിച്ച് ജനമനസ്സുകളെ മഥിച്ചുകൊണ്ടിരിക്കുന്ന തെറ്റായ ധാരണകൾ ഇല്ലായ്മചെയ്യാനുള്ള ബോധവൽക്കരണപരിപാടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

സാമൂഹ്യക്ഷേമം

ചാത്തമംഗലം പഞ്ചയാത്തിൽ 7619 കുടുംബങ്ങൾ ഉള്ളതിൽ IRDP സർവ്വെ പ്രകാരം 5252 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെകഴിയുന്നവരാണ്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1420 കുടുംബങ്ങൾക്ക് ധനസഹായം ലഭിച്ചുവെങ്കിലും ഇതിൽ ഒരു കുടുംബവും ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയിട്ടില്ല. അർഹരായവരിൽ ചെറിയൊരു വിഭാഗത്തിനു മാത്രമേ ദരിദ്രനിർമാർജ്ജനപദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുള്ളൂ. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തതയും അശാസ്ത്രീയമായ വിനിയോഗവുമാണ് ഇത്തരം ക്ഷേമ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്നത്.

തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കുന്ന പരിപാടിയാണ് ട്രൈസം. ഈ പദ്ധതിയനുസരിച്ച് പഞ്ചായത്തിൽ 142പേർക്ക് പരിശഈലനം നൽകി. 122 പേർ സ്വന്തം തൊഴിൽ കണ്ടെത്തി. 20 പേർ മറ്റുതൊഴിലുകളിൽ ഏർപ്പെട്ടു വിശദവിവരം പട്ടികയിൽ.

DWCRA പദ്ധതിയനുസരിച്ച് 35പേർ വിവിധ തൊഴിൽ സംരംഭങ്ങളിൽ ജോലി ചെയ്യുന്നു. ഇവരുടെ സാമ്പത്തിക സ്ഥിതി മെച്ചമാണെന്നു പറഞ്ഞുകൂടാ. കറിപൗഡർ യൂണിറ്റ്, ഡയറിഫാം, റെഡിമെയ്ഡ് ഇൻഡസ്ട്രി എന്നിവയാണ് ഈ തൊഴിൽ സംരംഭങ്ങൾ.

RAP പദ്ധതി പ്രകാരം ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കാൻ സാധ്യതയുള്ള 233 കൈത്തൊഴിലുകാർ പഞ്ചായത്തിലുണ്ടെന്ന്

വില്ലേജ്	സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ (ടഢജ സർവ്വെ പ്രകാരം)
പൂളക്കോട്	2712	455	790	375	ഇല്ല	2712
ചാത്തമംഗലം	2540	394	630	310	ഇല്ല	2540
ആകെ	5252	849	1420	685	ഇല്ല	5252

വില്ലേജിന്റെ പേര്	പിരശീലനം നേടിയ വിഷയങ്ങൾ	പരിശീലനം നേടിയ വരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയ വർ	ഇതര തൊഴിൽ ഏർപ്പെട്ടവർ	അവശേഷിക്കുന്നവർ
പൂളക്കോട്	നഴ്സറി,കാർപ്പെന്ററി,പോൾട്രി, ഇവക്ട്രോ പ്ലെയിറ്റിംഗ് പ്ലംബിംഗ്, ബുക്ക്ബൈന്റിംഗ് റേഡിയോ റിപ്പേർ, ലെയ്ത്ത്, ഖാദി നെയ്ത്ത്	79	68	11	ഇല്ല
ചാത്തമംഗലം	കാർപെന്ററി, പോൾട്രി ഇലക്ട്രോപ്ലൈറ്റിംഗ്, ബുക്ക് ബൈന്റിംഗ് നെയ്ത്ത് ഖാദി നെയത്ത് റേഡിയോ റിപ്പേർ	63	54	9	ഇല്ല
	ആകെ	**142**	**112**	**20**	**ഇല്ല**

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

വില്ലേജ്	വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	ആരംഭിച്ച വർഷം	പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ്
ചൂളക്കോട്	3	കറിപൗഡർ യൂണിറ്റ്	12	1992-93	തൃപ്തികരമല്ലെങ്കിലും ഒരു വിധം നന്നായി പ്രവർത്തിച്ചു വരുന്നു.
	6	ബുക്ക് നിർമ്മാണം	9	1996	
ചാത്തമംഗലം	1	ഡയറിയുനിറ്റ്	5	1992-93	
	2	റെഡിമെയ്ഡ്	9	1996	
ആകെ			35		

ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതി അനുസരിച്ച് സഹായം ലഭിച്ചവർ

വില്ലേജ്	IRDP സർവ്വേ പ്രകാരം ഗ്രാമീണ തൊഴിലുള്ളവരുടെ എണ്ണം	സഹായം ലഭിച്ച വരുടെ എണ്ണം	ഇനിസഹായത്തിന് അർഹരതയുള്ള വരുടെ എണ്ണം	കുറിപ്പ്
പുളക്കോട്	120	33	37	ഉപകരണം ലഭിച്ച മിക്കവരും ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തി
ചാത്തമംഗലം	113	30	38	
ആകെ	233	63	125	

കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 63 പേർക്ക് മാത്രമേ ഏതെങ്കിലും വിധത്തിൽ സഹായം ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളൂ.

ഗ്രമീണകൈത്തൊഴിലുകളിൽ ഏർപ്പെട്ടവർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതിയനുസരിച്ച് 233 പേരെ IRDP സർവ്വെയിൽ കണ്ടെത്തി. ഇവരിൽ 63 പേർക്ക് സഹായം ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. സാഹയം ലഭിച്ചവരെല്ലാംതന്നെ അതേ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു.

വിവിധ വകുപ്പുകൾ വഴി നല്കിവരുന്ന സഹായധനങ്ങൾ:-

വില്ലേജ് ആഫീസുകൾ വഴി നല്കിവരുന്ന വിവിധതരം പെൻഷനുകൾ, വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സഹായധനം, വിദ്യാർത്ഥികൾക്കുള്ള സഹായധനം എന്നിവയാണ് പ്രധാനമായും ലഭിച്ചുകൊണ്ടിരിക്കുന്നത്. അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നില്ല എന്നതും അനർഹരായവർക്ക് ലഭിക്കുന്നു എന്നതും വിലയിരുത്തുമ്പോൾ കണ്ടെത്താൻ കഴിയും. എല്ലാ പദ്ധതിയെപ്പറ്റിയും ഗുണഭോക്താക്കൾ അറിയുന്നില്ല എന്നതും ഒരു വസ്തുതയാണ്. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 31 വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.

തൊഴിലില്ലായ്മ വേതനം 698 പേർക്കാണ് ഇപ്പോൾ ലഭിക്കുന്നത്. മറ്റുപെൻഷനുകളുടെ വിശദവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു

സഹായധനത്തിന്റെ ഇനം	ലഭിക്കുന്നവരുടെ എണ്ണം
വിധവാ പെൻഷൻ	81
വികലാംഗപെൻഷൻ	68
വാർധക്യപെൻഷൻ	14
ക്ഷയരോഗപെൻഷൻ	202
കാൻസർ രോഗപെൻഷൻ	6
കർഷകത്തൊഴിലാളി പെൻഷൻ	213
തൊഴിലില്ലായ്മ വേതനം	698
ആകെ	**1282**

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ മാറ്റം വരുത്താൻ അംഗൻവാടുകളുടെ പ്രവർത്തനം ഉപകരിക്കേണ്ടിയിരിക്കുന്നു. അംഗൻവാടികളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല. കളിക്കോപ്പുകൾ, കെട്ടിടം, കക്കൂസ്, കുടിവെള്ളം തുടങ്ങിയ മിക്കവാറും അംഗൻവാടികളിലില്ല. 12,3 വാർഡുകളിൽ അംഗൻവാടികളില്ല. അംഗൻവാടികൾ കേന്ദ്രീകരിച്ച് മഹിളാ സമാജങ്ങൾ നിലവിലുണ്ടെങ്കിലും പലതും സജീവമല്ല. സാമ്പത്തിക പ്രയാസങ്ങളും സ്ത്രീകളുടെ നേതൃത്വപരമായ പങ്ക് പഹിക്കാനുള്ള താല്പര്യവുമാണ് കാരണം.

പ്രശ്നങ്ങൾ

1) 2,4 വാർഡുകളിലെ നിലവിലുള്ള അംഗൻവാടകൾക്ക കെട്ടിടം ഇല്ല.

2) അംഗൻവാടികളിൽ ആവശ്യമായത്ര ഭൗതിക സാഹചര്യങ്ങൾ ലഭ്യമല്ല. (ഉദാ: കളിസ്ഥലം, കളിക്കോപ്പുകൾ, ശുദ്ധജലം, കക്കൂസ്, ചുറ്റുമതിൽ, ഫർണീച്ചർ തുടങ്ങിയവ)

3) അംഗൻവാടികളിലൂടെ വിതരണം ചെയ്യുന്ന സമീകൃത ആഹാരത്തിന്റെ അളവ് അപര്യാപ്തമാണ്.

4) മൂന്ന്, പന്ത്രണ്ട് വാർഡുകളിൽഅംഗൻവാടികൾ ഇല്ല

5) IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ അർഹരായവർക്ക് മുഴുവൻ യഥാസമയങ്ങളിൽ ധനസഹായങ്ങൾ ലഭിക്കുന്നില്ല.

6) അർഹരായ മുഴുവൻ പേരെയും ഇനിയും കണ്ടെത്താനായിട്ടില്ല.

7) സ്വയം തൊഴിൽ കണ്ടെത്താനാവശ്യമായ പരിശീലനത്തിന്റെ അപര്യാപ്തത.

8) മഹിളാ സംഘങ്ങൾ, സന്നദ്ധസംഘങ്ങൾ എന്നിവയുടെ പ്രവർത്തനം തൃപ്തികരമല്ല.

9) വിവധ പെൻഷനുകൾ അർഹരായവർക്ക് ലഭ്യമാകുന്നില്ല.

10) 400 കടുംബങ്ങളുള്ള മൂന്നാംവാർഡിൽ (പൂളക്കോട്) റേഷൻ ഷാപ്പ് സ്ഥാപിക്കപ്പെട്ടിട്ടില്ല.

11) പൂളക്കോട് പ്രദേശത്തുള്ളവർക്ക് പോസ്റ്റ് ഓഫീസുമായി ബന്ധപ്പെടുന്നതിന് അഞ്ചു കിലോമീറ്റർ ദൂരം സഞ്ചരിക്കേണ്ടിവരുന്നു.

12) വിവിധ പെൻഷനുകൾക്കും സർക്കാറിലേക്ക് അടക്കേണ്ട തുക ചെലാൻ ഒടുക്കാനും മറ്റും കോഴിക്കോടിനെ ആശ്രയിക്കേണ്ടിവരുന്നു.

13) ചാത്തമംഗലം ചന്ത ശോച്യാവസ്ഥയിലാണ്.

14) വെള്ളലശേരിയിൽ നിലവിലുള്ള പൊതുശ്മശാനത്തിലേക്ക് വഴിയില്ല.

15) പൊതുശ്മശാനങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നുണ്ട്.

16) വികലാംഗരുടെ പുനരധിവാസത്തിനും വിദ്യാഭ്യാസത്തിനും (തൊഴിൽ പരിശീലനമുൾപ്പെടെ) സൗകര്യം ഏർപ്പെടുത്തണം

17) പരമ്പരാഗതമായി മൺപാത്രനിർമ്മാണത്തിലേർപ്പെട്ടു ജീവിക്കുന്ന കുംബാര സമുദായത്തിന് ദുർബല വിഭാഗങ്ങൾക്കായുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല

18) വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ ആശ്വാസ കേന്ദ്രങ്ങളില്ല.

നിർദ്ദേശങ്ങൾ സാധ്യതകൾ

1) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടങ്ങളും മറ്റുള്ളവർക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളും ഏർപ്പെടുത്തണം.

2) വെള്ളലശേരിയിൽ ഹരിജൻ കോളനിയോടുനുബന്ധിച്ച് പഞ്ചായത്ത് വകയായുള്ള 8 സെന്റ് സ്ഥലത്ത് അംഗൻവാടി നിർമ്മിക്കണം. ഇതിനാവശ്യമായ റോഡ്, ബിൽഡിംഗ്, ഫർണീച്ചർ എന്നിവ ഗ്രാമവാസികൾ നൽകുന്നതാണ്.

3) അംഗൻവാടികളില്ലാത്ത മൂന്ന് (പൂളക്കോട്) പന്ത്രണ്ട് (പുള്ളാവൂർ) എന്നീ വാർഡുകളിൽ അംഗൻവാടികൾ അനുവദിക്കണം. 12-ാം വാർഡിൽ ആവശ്യമായ സ്ഥലം ഗ്രാമവാസികൾ നൽകും.

4) സൗത്ത് അരയൻകോട് നിലവിലുള്ള അംഗൻവാടി ചേനോത്ത് അംഗൻവാടി എന്നിവയുടെ കെട്ടിടങ്ങൾ പുതുക്കി പണിയണം.

5) സങ്കേതം, പാറക്കണ്ടി, എ.കെ.ജി കോളനി തുടങ്ങിയ പ്രദേശങ്ങളിൽ അംഗൻവാടികൾ വേണം. AKG കോളനിയിൽ ഇതിനായി സർക്കാർ ഉടമയിലുള്ള 10 സെന്റ് ഭൂമി ലഭ്യമാക്കാവുന്നതാണ്.

6) ദുർബല വിഭാഗങ്ങളുടെ സുരക്ഷിതമില്ലാത്ത വീടുകൾ പുതുക്കി പണിയുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

7) പരമ്പരാഗതമായി മൺപാത്രനിർമ്മാണത്തിലേർപ്പെട്ടുജീവിക്കുന്ന കുംബാര സമുദായക്കാരെ ഷെഡ്യൂൾഡ് കാസ്റ്റിൽ ഉൾപ്പെടുത്തി സംരക്ഷിക്കുക.

8) വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന് പഞ്ചായത്ത് കേന്ദ്രത്തിൽ സംവിധാനം ഏർപ്പെടുത്തുക.

9) നിലവിലുള്ള പൊതു ശ്മശാനങ്ങൾക്കാവശ്യമായ പാശ്ചാത്തല സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും വെള്ളലശേരിയിൽ ശ്മശാനത്തിലേക്ക് പൊവഴി ഏർപ്പെടുത്തുകയും ചെയ്യുക.

10) മഹിളാ സമാജങ്ങളെയും സന്നദ്ധ സംഘടനകളെയും പ്രവർത്തക്ഷമമാക്കുകയും പ്രവർത്തനോന്മുഖ സംഘടനകൾക്ക് ആവശ്യമായ ധനസഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയും ചെയ്യും.

11) വിവിധ പെൻഷൻ പദ്ധതികൾ ലഭ്യമാക്കാനും ചലാൻ ഒടുക്കാനും മറ്റുമായി പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ഏകാംഗ ട്രഷറി ആരംഭിക്കുക.

12) മൂന്ന് (പൂളക്കോട്) അഞ്ച് (പാഴൂർ) വാർഡുകൾ കേന്ദ്രമാക്കി പോസ്റ്റ് ഓഫീസുകൾ സ്ഥാപിക്കുക ജനസാന്ദ്രതയും സാധ്യതകളും പരിഗണിച്ച് പോസ്റ്റ് ബോക്സുകൾ വെയ്ക്കണം

13) 3ാം വാർഡിലെ പാലക്കുറ്റി ഭാഗത്ത് വാഗ്ദാനം നല്കിയ സ്ഥലത്ത് വികലാംഗപുനരധിവാസ കേന്ദ്രം നിർമ്മിക്കുക.

14) പരമ്പരാഗത നിർമ്മാണ തൊഴിലാളികളുടെ ഉല്പന്നങ്ങൾക്കു വിപണികണ്ടെത്താനും അവ പരിപോഷിപ്പിക്കാനും സഹകരണസംഘങ്ങൾ സ്ഥാപിക്കുക (ഉദാ: മൺപാത്രം)

15) വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ ആശ്വാസ കേന്ദ്രം സ്ഥാപിക്കണം.

ദാരിദ്ര്യ രേഖയ്ക്ക താഴെ കഴിയുന്നവരെയും എന്നും വികസനത്തിന്റെ പുറമ്പോക്കുകളിൽ തഴയപ്പെട്ടവരെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്താനുള്ള ഊന്നുപടികളായി മാറട്ടെ ഇനിയങ്ങോട്ടുള്ള സാമൂഹ്യ പ്രവർത്തനങ്ങൾ എന്ന പ്രത്യാശയോടെ ഈ റിപ്പോർട്ട് സമഗ്രമായ ചർച്ചയ്ക്ക് വേണ്ടി സമർപ്പിക്കുന്നു.

പൊതുവിതരണം

പഞ്ചായത്തിലെ പൊതുവിതരണ ശൃംഖല പൊതുവെ തൃപ്തികരമാണ്. ഈ പഞ്ചായത്തിലെ 14 പൊതു വിതരണ കേന്ദ്രങ്ങളിലായി 6681 കാർഡുടമകളുണ്ട്. ഇനിയും പൊതു വിതരണ കേന്ദ്രങ്ങൾ അത്യാവശ്യമായ പ്രദേശങ്ങൾ ഇവിടെയുണ്ടെന്നുള്ളതാണ് വിവിധ ഗ്രാമസഭകളിൽ ഇതുസംബന്ധിച്ചു നടന്ന ചർച്ചകൾ തെളിയിക്കുന്നത്.

പൊതു വിതരണ കേന്ദ്രങ്ങളിൽ ആവശ്യ വസ്തുക്കളുടെ വിതരണം നടത്തുകയും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്.

പാചകാവശ്യത്തിനുള്ള മണ്ണെണ്ണ അനുവദിക്കുന്നതിലും വിതരണത്തിലുള്ള അപര്യാപ്തകാരണം പലകുടുംബങ്ങളും പ്രയാസമനുഭവിക്കുന്നതായി പരാതിയുണ്ട്.

സാധാരണക്കാരുടെ ജീവിതച്ചെലവ് നിയന്ത്രിച്ചു നിർത്തുന്നതിൽ പൊതുവിതരണ സമ്പ്രദായത്തിനുള്ള പങ്ക് വിലപ്പെട്ടതാണ്. ഇതുനിലനിർത്തുകയും പോഷിപ്പിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്.

പൊതുവിതരണ സമ്പ്രദായം (1995-96)

ക്രമ നമ്പർ	ഷാപ്പ് നമ്പർ	കാർഡുകളുടെ എണ്ണം	ഉപഭോക്താ എണ്ണം	പെർമിറ്റുകളുടെ എണ്ണം	വിതരണം ചെയ്ത മണ്ണെണ്ണ
1	312	352	1710	12	1632
2	114	439	2209	32	4716
3	140	469	2176	14	1896
4	115	410	2517	20	2448
5	343	288	1682	8	1032
6	112	503	2531	29	3492
7	111	364	1747	25	3400
8	261	803	3552	260	28800
9	116	488	2588	28	4128
10	341	290	1686	-	-
11	113	725	6588	48	6912
12	110	456	4012	24	3576
13	117	519	2487	26	3569
14	142	575	3403	27	2964



സംസ്ക്കാരം

സംസ്ക്കാരം

കോഴിക്കോട് നഗരത്തിൽ നിന്ന് 22 കിലോമീറ്റർ അകലെ കിഴക്ക് മാറി സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്താണ് ചാത്തമംഗലം. ഹിന്ദു, മുസ്ലിം, ക്രൈസ്തവൻ മത വിഭാഗത്തിൽപെട്ട ജനങ്ങൾ ഇവിടെ അധിവസിക്കുന്നു. മതവൈരത്തിന്റെയോ വർഗ്ഗീയ സംഘർഷത്തിന്റെയോ നേരിയ ലാഞ്ചനപോലും പഞ്ചായത്തിന്റെ പരിധിയിൽ ഇക്കാലത്തിനിടെ ഉണ്ടായിട്ടില്ല. രാജ്യം മുഴുവൻ ജാതിയുടെയും മതത്തിന്റെയും പേരിൽ പുകഞ്ഞുകൊണ്ടിരിക്കുമ്പോഴും സൗഹാർദ്ദത്തിന്റെ കണ്ണികൾ പൊട്ടിപ്പോകാതെ സൂക്ഷിക്കാൻ ഗ്രാമീണ ജനതയ്ക്ക് കഴിയുന്നു. ജനകീയാസൂത്രണത്തിന്റെ പ്രചരണ പരിപാടി തന്നെ അതിനുദാഹരണം. വിവിധ രാഷ്ട്രീയകക്ഷികളുടെ കൊടികൾ തൂക്കിക്കെട്ടി സംയുക്തമായി നടത്തിയ പ്രചാരണം രാജ്യത്തിന് മാതൃകയായിരുന്നു.

പള്ളികളും ചർച്ചുകളും ക്ഷേത്രങ്ങളും പഞ്ചായത്തിൽ നിരവധിയുണ്ട്. തിറയാട്ടുത്സവത്തിന് പേരുകേട്ട അനേകം കാവുകളും ഇവിടെയുണ്ട്. ധനു 29ന് വെള്ളനൂർ പരദേവതകോട്ടയിൽ ക്ഷേത്രത്തിലാണ് തിറയാട്ടുത്സവത്തിന്റെ കൊടിയേറ്റം. തിറയാട്ടിന്റെ പാരമ്പര്യം കൈമോശം വരാതെ ഇന്നും സൂക്ഷിക്കുന്നവയാണ് ഈ കാവുകൾ. കുട്ടിച്ചാത്തൻ, ഭഗവതി, നാഗകാളി തുടങ്ങിയ തിറകൾ പ്രശസ്തമാണ്. ചൂലൂരും ചാത്തമംഗലത്തും നടക്കുന് പാലം വെള്ളരിയും ധാരാളം ആളുകളെ ആകർഷിക്കുന്നു. പഞ്ചായത്തിലെ അരീക്കുളങ്ങര ദേവീക്ഷേത്രം കാടാമ്പുഴ ക്ഷേത്രത്തിലെന്നപോലെ പ്രശസ്തിയാർജ്ജിച്ചതാണ്.

ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള ചാത്തമംഗലത്തപ്പൻ ക്ഷേത്രത്തിലെ പ്രതിഷ്ഠ നടത്തിയത് നാറാണത്ത് ഭ്രാന്തനാണെന്ന് ഐതിഹ്യമുണ്ട്. ഈ ക്ഷേത്രത്തിന് ഗുരുവായൂരമ്പലവുമായി സാമ്യമുണ്ട്.

താത്തൂർ ശുഹദാക്കളുടെ ആണ്ട് നേർച്ച പ്രസിദ്ധമാണ്. മുഹറം 22,23 ,24,25 തിയ്യതികളിലാണ് ഇത് നടക്കുന്നത്. ഇതിന്റെ ചരിത്രം ഖിലാഫത്തുപ്രസ്ഥാനവുമായി ബന്ധപ്പെട്ടിരിക്കുന്നു. പഞ്ചായത്തിനകത്തും പുറത്തുമുള്ള നിരവധി ഭക്തജനങ്ങൾ ജാതിമതഭേദമന്യേ താത്തൂർ നേർച്ചയ്ക്കെത്തുന്നു. മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച സഭയുടെ മലബാർ ഭദ്രാസനത്തിന്റെ ആസ്ഥാനമായ മൗണ്ട് ഹെർമൺ അരമനയും (കട്ടാണ്ടൽ) റോമൻ കത്തോലിക്ക വിഭാഗത്തിന്റെ ആരാധന കേന്ദ്രമായ മോണിങ്ങ് സ്റ്റാർ ചർച്ചും ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്.

ദേശീയ പ്രസ്ഥാനത്തോടൊപ്പം വന്ന സാംസ്ക്കാരിക നവോത്ഥാനം നമ്മുടെ പഞ്ചായത്തിലും ചലനം സൃഷ്ടിച്ചു. വാർഡുകൾ തോറും സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന കലാ സമിതികളും സാംസ്ക്കാരിക സംഘടനകളുമുണ്ട്. 50 സമിതികളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. ഇതിൽ അഞ്ചു ക്ലബ്ബുകൾ കേരളസംഗീതനാടക അക്കാദമിയിൽ രജിസ്റ്റർചെയ്തവയാണ്. ബാക്കിയുള്ളവ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നിലവിലുള്ള 19 വായനശാലകളിൽ 9ൽ ഗ്രന്ഥശാലകളുണ്ട്. ഇതിൽ അഞ്ച് ലൈബ്രറികൾ കേരള ഗ്രന്ഥ

ശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്തവയാണ്. ചാത്ത മംഗലം പൊതുജനവായനശാല, ചൂലൂർ യുവജന വായനശാല നെഹ്റു സ്മാരക വായനശാല നെച്ചൂളി, മലയമ്മ പൊതുജനവായനശാല, നരേന്ദ്രദേവ് സ്മാരക വായനശാല കല്ലിടുമ്പിൽ എന്നിവയാണവ.ചാത്തമം ഗലം, മലയമ്മ, ചൂലൂർ, ഏരിമല കൂഴക്കോട് നായർകുഴി അക്ഷരവായനശാല കൂളിമാട്. എ.സി.മുഹ മ്മദാജി സ്മാരക വായനശാല വെസ്റ്റ് പാഴൂർ ജ്ഞാനോദയം വായനശാല, ഗാന്ധിജി സ്മാരക വായ നശാല, ഈസ്റ്റ് മലയമ്മ എന്നിവയ്ക്കും സ്വന്തമായി കെട്ടിടമുണ്ട്. മറ്റുള്ളവ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലമുണ്ടെങ്കിലു കെട്ടിടനിർമ്മാണത്തിനാവശ്യമായ ഫണ്ട് ഇല്ലാത്ത താണ് പ്രശ്നം. `എ' ക്ലാസ് ലൈബ്രേറിയായി ചാത്തമം ഗലം പൊതുജനവായനശാല കെട്ടിടം പൊതുമരാമത്ത് വകുപ്പ് സ്ഥലത്താണ്. ഈ കെട്ടിടം പൊളിച്ചുമാറ്റാൻ പൊതുമരാമത്ത് വകുപ്പ് നോട്ടീസ് നൽകിയിരുന്നു

ചാത്തമംഗലം പൊതുജന വായനശാലയുടെ കീഴിൽ പുസ്തകം വീടുകളിൽ എത്തിച്ചുകൊടുക്കുന്ന തിന് ഗ്രാമീണപുസ്തക വിതരണ പദ്ധതി നിലവി ലുണ്ട്.

ഗ്രാമങ്ങളിലെ സാംസ്ക്കാരിക രംഗത്ത് ഇത്തരം സമിതികളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനം വമ്പിച്ച ചലനം സൃഷ്ടിക്കുന്നുണ്ട്. അക്ഷര കൂളിമാ ടിന്റെ പ്രവർത്തനം ഇകൂട്ടത്തിൽ എടുത്തു പറയാവുന്ന താണ്. ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശം പുക വലി വിരുദ്ധഗ്രാമമായി പ്രഖ്യാപിക്കാൻ അവർക്കു കഴിഞ്ഞു. പഞ്ചായത്ത് അഖിലേന്ത്യാ തലത്തിൽ ശ്രദ്ധേയമാകാൻ ഇത് കാരണമായി.

ഇത്തരം സമിതികളുടെ വാർഷികാഘോഷമാണ് നാട്ടുമ്പുറങ്ങളിലെ പ്രധാന സാംസ്ക്കാരിക പരിപാടി സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം, ഗാന്ധിജയന്തി തുട ങ്ങിയ ദേശീയ ദിനങ്ങളും അവർകൊണ്ടാടുന്നു. ഗ്രാമീ ണരിൽ രാജ്യസ്നേഹവും ദേശീയ ബോധവു വളർത്താൻ ഇത്തരം പരിപാടികൾ ഉപകരിക്കുന്നു. കുട്ടികളിലെ കലാവാസനകൾ പുറത്ത് കൊണ്ടുവരാൻ ക്ലബ്ബുകളുടെയും വായനശാലകളുടെയും വാർഷികാ ഘോഷങ്ങൾ സഹായകമാകുന്നു. സംഗീതനാടക അക്കാദമി കലോത്സവങ്ങളിൽ സമ്മാനം നേടിയ കലാ സമിതികളും കൂട്ടത്തിലുണ്ട്.

നെഹ്റു യുവകേന്ദ്രയിൽ അഫിലിയേറ്റ് ചെയ്ത സമിതികളുണ്ട്. ഉപഭോക്തൃപ്രസ്ഥാനം കാൻഫെഡ് ശാസ്ത്രസാഹിത്യ പരിഷത്ത് തുടങ്ങിയ പ്രസ്ഥാന ങ്ങളും പഞ്ചായത്തിൽ സജീവമാണ്.

പഞ്ചായത്തിലെ 30 ശതമാനം വീടുകളിൽ ടെലിവി ഷനുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ ഒരു സിനിമാശാ ലമാത്രമേ ഉള്ളൂ. കട്ടാങ്ങൽ ധന്യാ ടാക്കീസ്.

പഞ്ചായത്തിൽ പാഴൂർ, പൂളക്കോട് എന്നിവിടങ്ങ ളിൽ ഓരോമിനി സ്റ്റേഡിയമുണ്ട്. ഫുട്ബോളും വോളി ബോളുമാണ് പ്രധാന വിനോദം. സെവൻസ് ഫുട്ബോൾ ടൂർണമെന്റ് സ്പോർട്ട്സ് ക്ലബ്ബുകൾക്കു കീഴിൽസംഘടിപ്പിക്കാറുണ്ട്. ചാത്തമംഗലം കൈരളി തിയേറ്റേഴ്സിന്റെ വോളിബോൾ ടീം ജില്ലയിൽ പ്രസിദ്ധ മാണ്.

അരയങ്കോട്ടുള്ള പഞ്ചായത്ത് സാംസ്ക്കാരിക നില യത്തോടനുബന്ധിച്ച് 96 നവ.1 ന് (40-ാം കേരളപ്പിറവി നാളിൽ) കേരളസംഗീത നാടക അക്കാദമിചെയർമാൻ ശ്രീ.തിക്കോടിയൻ ഉത്ഘാടനം ചെയ്ത പഞ്ചായത്ത് ഗ്രന്ഥാലയം സാംസ്ക്കാരികമേഖലയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

അറിയപ്പടുന്ന കാവടിയാട്ട സംഘം ചാത്തമംഗലം പഞ്ചായത്തിലെ കുഴക്കോട്ടുകാരാണ്.വാദ്യസംഗീതം, കഥകളി, ചുട്ടികുത്ത്, തെയ്യം, തോറ്റംപാട്ട്, ചെണ്ട മേളം, കൊമ്പുകുഴല് തുടങ്ങിയവയിൽ നൈപുണ്യം നേടിയവരും ഇവിടത്തുകാരാണ്.

പഞ്ചായത്തിലെ ഗ്രന്ഥശാലകളും വായനശാലകളും

ക്രമ നമ്പർ	പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ വിതരണം	ആനുകാലികങ്ങൾ	അനുബന്ധം പ്രവർത്തനങ്ങൾ
1	പൊതുജനവായനശാല ചാത്തമംഗലം	1944	A	9911	1200	36	വനിത,ശിശു വിഭാഗങ്ങൾ റഫറൻസ് ലൈബ്രറി, കൃഷി പുസ്തക കോർണർ
2	നരേന്ദ്രദേവ് സ്മാരക ഗ്രന്ഥശാല, കല്ലിടുമ്പിൽ	1986	D	2139	400	16	ഉപഭോക്തൃ ബോധ വൽക്കരണം
3	ചൂലൂർ യുവജനവായനശാല	1957	C	3882	750	8	സഹകരണകോർണർ ബാലമഹിളാ വിഭാഗങ്ങൾ
4	നെഹ്റു സ്മാരക വായനശാല നെച്ചൂളി	1965	D	2425	530	17	ബാലവിഭാഗം
5	മലയമ്മ പൊതുജന വായനശാല	1968	F	1422			ചർച്ച ക്ലാസ്സ്, കാലകായിക മത്സരം
6	ഉപാസന വായനശാല,കൂഴക്കോട്	1984		1130	350	18	ജനവിദ്യാകേന്ദ്രം
7	ഏരിമല പബ്ലിക്ക് ലൈബ്രറി	1981		1320			
8	പ്രതിഭാ ലൈബ്രറി, ഏരിമല	1989		250	-	-	സാക്ഷരതാ പ്രവർത്തനങ്ങൾ
9	യുവജനകലാസമിതി വായനശാല, കോഴിമണ്ണ						
10	വിജ്ഞാനവർധിനി വായനശാല, താത്തൂർ						
11	ജ്ഞാനോദയം വായനശാല, സൗത്ത് അരയങ്കോട്ട്						
12	പുള്ളാവൂർ വായനശാല						
13	എ.സി മുഹമ്മദ്ഹാജി സ്മാരക വായനശാല വെസ്റ്റ് പാഴൂർ						
14	മുണ്ടോട്ടുപൊയിൽ വായനശാല പുള്ളനൂർ						
15	തരംഗിണി വായനശാല കാഞ്ഞിരത്തിങ്ങൾ						
16	ജ്ഞാനോദയം വായനശാല, ചിറ്റാരിപിലാക്കൽ						
17	ആതിര വായനശാല എരഞ്ഞിപ്പറമ്പ്						
18	ഗ്രാമോദയം വായനശാല വെസ്റ്റ് പാഴൂർ						
19	ഗാന്ധിജി സ്മാരക വായനശാല ഈസ്റ്റ് മലയമ്മ						
20	പ്രതിഭ വായനശാല നായർകുഴി						

പഞ്ചായത്തിലെ ഗ്രന്ഥശാലകളും വായനശാലകളും

ക്രമ നമ്പർ	പേര്	സ്ഥാപിച്ച വർഷം	അംഗങ്ങൾ	അംഗീകാരം	സ്വന്തം കെട്ടിടം	റേഡിയോ	അനുബന്ധം പ്രവർത്തനങ്ങൾ
1	സ്നേഹലത തിയേറ്റേഴ്സ് ചാത്തമംഗലം	1977	49	ഉണ്ട്	ഇല്ല	ഇല്ല	നാടക പഠനക്ലാസ്, ഡാൻസ് സംഗീത ക്ലാസുകൾ
2	തിറയാട്ട കലാസമിതി ചാത്തമംഗലം	1960	45	ഉണ്ട്	ഇല്ല	ഇല്ല	നാടൻ കല
3	കൈരളി തിയേറ്റേഴ്സ് ചാത്തമംഗലം	1965	47	"	"	"	സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനങ്ങൾ
4	നീലിമ ആർട്സ്, നെച്ചൂളി	1979	39	"	"	"	ബോധവത്ക്കരണ പ്രവർത്തനങ്ങൾ
5	സംസ്ക്കാര, ചൂലൂർ നെച്ചൂളി	1989	54	"	"	"	ലഹരി വിരുദ്ധപ്രവർത്തനം ഉപഭോക്തൃ ബോധവൽക്കരണം
6	എ.കെ.ജി മെമ്മോറിയൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചൂലൂർ	1977	150	ഇല്ല	"	"	തയ്യൽ ക്ലാസ് ബാലവേദി മഹിളാസമാജം
7	ഏരിമല ആർട്സ് & സ്പോർട്സ് ക്ലബ്ബ്	1983	100	"	ഉണ്ട്	ഇല്ല	ചെസ്സ്
8	തരംഗം ആർട്സ് & സ്പോർട്സ് കൂഴക്കോട്	1977	46	"	"	ഇല്ല	വിദ്യാഭ്യാസ ആരോഗ്യ പ്രവർത്തനങ്ങൾ
9	ജീനിയേഴ്സ് ക്ലബ്ബ് ചേനോത്ത്	1976	30	"	"	"	
10	`അക്ഷര' കൂളിമാട്	1988	68	"	"	ഉണ്ട്	ലഹരിവിരുദ്ധ പ്രവർത്തനം ശ്രമദാന പ്രവർത്തനങ്ങൾ
11	കർഷക തിയേറ്റേഴ്സ് വെള്ളനൂർ വെസ്റ്റ്	1979	68	"	ഇല്ല	ഇല്ല	ബോധവൽക്കരണ പ്രവർത്തനങ്ങൾ തെരുവ് നാടകങ്ങൾ, ശ്രമദാനം
12	ശ്രീനാരായണ സാംസ്ക്കാരിക സമിതി ചേനോത്ത്	1991	100	"	"	"	

13 വികടറി ആർട്സ് & സ്പോർട്ട്സ് കുറ്റിക്കുളം , 14 യുവജനകലാ വേദി കോഴിമണ്ണ, 15 ഗുവേര തിയേറ്റേഴ്സ് ചാത്തമംഗലം, 16 നവചേതന തിയേറ്റേഴ്സ് ചാത്തമംഗലം, 17 യൂത്ത്വിംഗ്സ് ആർട്സ് & സ്പോർട്സ് നായർകുഴി, 18.ശിൽപി' ചിറ്റാരിപ്പിലാക്കൽ, 19 `ചെമ്പുലരി' വെള്ളനൂർ, 20 ചന്തുസ്മാരക തിറയാട്ട കലാസമിതി വള്ളനൂർ, 21 `യുവശക്തി' മലയമ്മ, 22 `പി.വൈ.സി' പൂളക്കാട്, 23 ഫൈൻആർട്സ് ക്ലബ്ബ് പൂളക്കാട്, 24 `സരിഗ' നെച്ചൂളി, 25 `ഫ്രൻസ്' വേങ്ങേരിമാം, 26 `സൂഷ്ടി' നെച്ചൂളി, 27 `പ്രഭാത' വായനശാല കോഴിൽ, 28 `മൈത്രി' ചേനോത്ത്, 29 `എൻ.എസ്.വി' നെച്ചൂളി 30 ``കളിയരങ്ങ്'' ചാത്തമംഗലം, 31 കോസ്മോസ് കമ്പ്യൂ & റീഡിംഗ് റൂം നെച്ചൂളി

നടപ്പ് പദ്ധതികൾ

പ്രശ്നങ്ങൾ

1 കലാസമിതികളുടെയും വായനശാലകളുടെയും സാമ്പത്തിക പ്രതിസന്ധി, പലതിനും സ്വന്തമായി കെട്ടിടങ്ങളില്ല. ഫർണിച്ചറുകളും പരിമിതം.

2 ലൈബ്രറികളിൽ പുസ്തകം കുറവാണ് ആനുകാലിക പ്രസിദ്ധീകരണങ്ങളും വേണ്ടത്ര ലഭിക്കുന്നില്ല. പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റ് തുലോം പരിമിതമാണ്.

3 പൊതു റേഡിയോ, ടെലിവിഷൻ എന്നിവയുള്ള പ്രദേശങ്ങൾകുറവാണെങ്കിലും ചാത്തമംഗലം, അരയങ്കോട്, കൂളിമാട്, ഈസ്റ്റ് മലയമ്മ മൂട്ടയം ചേനോത്ത് എന്നീ സ്ഥലങ്ങളിൽ പൊതു ടെലിവിഷൻ പ്രവർത്തിക്കുന്നു.

4 മിനി സ്റ്റേഡിയങ്ങളുടെ കുറവ് ഗ്രാമങ്ങളിലിലെ കായിക രംഗം മുരടിപ്പിക്കുന്നു. പാഴൂർ, പുളക്കോട്, മിനിസ്റ്റേഡിയങ്ങൾക്ക് ചുറ്റുമതിലില്ല. കായിക പരിശീലനം എവിടെയും നടക്കുന്നില്ല. സ്ത്രീകൾക്ക് പ്രത്യേക കളിസ്ഥലമില്ല.

5 പഞ്ചായത്തിന്റെ പല ഭാഗത്തും വ്യാജവവാറ്റ് സുലഭമാണ് ഇതിന്നെതിരെ ഫലപ്രദമായ നടപടികൾ ഉണ്ടാവുന്നില്ല.

6 പഞ്ചായത്തിലെ എല്ലാ വായനശാലകൾക്കും പത്രങ്ങൾ മതിയായത്ര ലഭിക്കുന്നില്ല.

7 കേരളോത്സവ നടത്തിപ്പിലെ അശാസ്ത്രീയത.

8 പഞ്ചായത്തിൽ ഒരേയൊരു സാംസ്ക്കാരിക നിലയമാണുള്ളത്.

9 തിറയാട്ട കലാകാരന്മാർ അവശതയനുഭവിക്കുന്നു.

10 വെള്ളന്നൂർ താമരപ്പൊയ്കനാശം നേരിടുന്നു.

11 റഫറൻസ് ലൈബ്രറികളുടെ അഭാവം.

12 കലാസമിതികളുടെ സാമ്പത്തിക പ്രതിസന്ധി.

13 അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണത്തിന്റെ അഭാവം. നല്ല സിനിമകൾ ആസ്വദിക്കുന്നതിന് ഫിലിം സൊസൈറ്റികളുടെ അഭാവം

14 പൈങ്കിളി വാരികകളുടെയും അശ്ലീലപ്രസിദ്ധീകരണങ്ങളുടെയും ഉപയോഗം കൂടുന്നുണ്ട്. ഇത് യുവ മനസ്സുകളെ മലിനമാക്കുന്നു.

15 സ്ത്രീധനം പോലുള്ള ദുരാചാരങ്ങളും ആർഭാടങ്ങളും പാവപ്പെട്ടപെൺകുട്ടികളുടെ മംഗല്യസ്വപ്നങ്ങൾ തകർക്കുന്നു.

16 കൂളിമാട് അക്വാടൂറിസ്റ്റ് വില്ലേജിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താനായിട്ടില്ല.

സാധ്യതകളും നിർദ്ദേശങ്ങളും

- ലൈബ്രറി, വായനശാല, കലാസമിതി എന്നിവയ്ക്ക് സ്വന്തമായി കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും ആവശ്യമാണ്. ചിലകലാസമിതികൾക്കും, വായനശാലകൾക്ക് സ്വന്തമായി സ്ഥലമുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്ക് കെട്ടിടനിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കണം
- വനിതകളുടെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രാമീണ പുസ്തക വിതരണപദ്ധതി നടപ്പിലാക്കണം
- കലാകായിക പരിശീലന കേന്ദ്രങ്ങൾ, മിനിസ്റ്റേഡിയങ്ങൾ തിയേറ്ററുകൾ എന്നിവ സംബന്ധിച്ച് ക്ലബ്ബുകളും മറ്റും മുന്നോട്ട് വച്ച പദ്ധതികൾ പിരശോധിക്കാവുന്നതാണ്. സ്ഥലവും മനുഷ്യശേഷിയും സംഭാവന ചെയ്യാൻ സന്നദ്ധരായവരുണ്ട്. പരിശീലനത്തിന് മികച്ച കോച്ചുകളെ ഏർപ്പെടുത്തണം. ചാത്തമംഗലം വോളീബോൾ കോർട്ട് സ്ഥിരം ഗാലറി കെട്ടി മിനി സ്റ്റേഡിയമായി ഉയർത്തണം. നിലവിലുള്ള മിനി സ്റ്റേഡിയങ്ങൾ വിപുലപ്പെടുത്തി ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തണം. ആർ.ഇ.സി യുടെ കൈവശം 12- ാംമൈലിലുള്ള ട്രാക്ക് ആന്റ് ഫിൽഡ് ഗ്രൗണ്ട് പഞ്ചായത്തിലെ കായിക മത്സരങ്ങൾക്കും പരിശീലനങ്ങൾക്കും ലഭിക്കുന്നതിന് സംവിധാനം ഉണ്ടാക്കം.
- സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് വാർഷിക കലണ്ടർ പ്രകാരം പഞ്ചായത്തിലെ മൊത്തം പരിപാടികൾ ക്രമീകരിക്കാൻ കഴിയണം.
- തിറയാട്ട കലാകാരന്മാർക്കും അവശത അനുഭവിക്കുന്ന മറ്റ് കലാകാരന്മാർക്കും പെൻഷൻ നൽകണം.
- വെസ്റ്റ് ചാത്തമംഗലത്ത് കള്ള് ഷാപ്പിന്റെ പേരിൽ

അറിയപ്പെടുന്ന ബസ്സ് സ്റ്റോപ്പ് സാംസ്ക്കാരിക മേഖലക്ക് അപമാനമാണ്. പേര് മാറ്റണം.

- വ്യാജവാറ്റിനെതിരെ ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണപ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും വേണം. 'ലഹരിവിരുദ്ധ ഗ്രാമം' എന്നതായിരിക്കണം ലക്ഷ്യം.
- കുളിമാട് അക്വാ ടൂറിസ്റ്റ് വില്ലേജ് പദ്ധതിയുടെ സാധ്യതകൾ വിലയിരുത്തി നടപ്പാക്കണം.
- അനാചാരങ്ങൾക്കെതിരെ കലാസാംസ്ക്കാരിക സമിതികളുടെയും വായനശാലകളുടെയും നേതൃത്വത്തിൽബോധവൽക്കരണം നടത്തുക.
- നല്ല സിനിമകൾ ആസ്വദിക്കാൻ ഫിലിം സൊസൈറ്റികൾ സജീവമാക്കണം.അശ്ലീല പോസ്റ്ററുകൾ സിനിമികൾക്കെതിരെയും ഫലപ്രദമായ നടപടികൾ ഉണ്ടാവണം. പ്രൈമറി വിദ്യാലയങ്ങളിലും മറ്റും സിനിമാപ്രദർശനം നടത്താൻ ഫിലിം പ്രൊജക്ടർ വാടകയ്ക്ക് നൽകാനുള്ള സംവിധാനം ഏർപ്പെടുത്തണം.
- കലാസമിതികൾക്ക് സ്റ്റേജ് ഉപകരണങ്ങൾ, കർട്ടൺ സംഗീതോപകരണങ്ങൾ എന്നിവ വാടകയ്ക്ക് ലഭിക്കാൻ പഞ്ചായത്തിൽ സംവിധാനമുണ്ടാവണം.
- കലാസാംസ്ക്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.
- യുവജനോത്സവങ്ങൾ, വാർഡ് തലങ്ങളിൽ സംഘടിപ്പിച്ച് അർഹരായവരെ മാത്രം ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിലെ പരിപാടികൾക്ക് നിലവാരം ഉയർത്താൻ കഴിയണം.
- നല്ല നാടകങ്ങൾ മറ്റ് കലാ സൃഷ്ടികൾ എന്നിവയ്ക്ക് പഞ്ചായത്ത് തലത്തിൽ ആവശ്യമായ പ്രോത്സാഹനം നൽകണം.
- 'അയൽക്കൂട്ടങ്ങൾ' രൂപവൽക്കരിച്ച് ജനങ്ങൾക്കിടയിലെ കൂട്ടായ്മയും സാമൂഹ്യപ്രതിബദ്ധതയും ഉയർത്തിക്കൊണ്ട് വരാൻ പരിപാടികളാവിഷ്ക്കരിക്കണം.
- സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടി സജീവമാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൽ ത്വരിതപ്പെടുത്തണം.
- പഞ്ചായത്തിൽ ഒരു റഫറൻസ് ലൈബ്രറി സ്ഥാപിക്കണം. പഞ്ചായത്തിലെ കലാ സാംസ്ക്കാരിക സംഘടനകൾ മുഴുവനും പഞ്ചായത്തിന്റെ രജിസ്റ്റർ ചെയ്യുന്നതോടൊപ്പം അവയുടെ നടത്തിപ്പ് സംബന്ധിച്ച് ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും വേണം.

അഖിലേന്ത്യാതലത്തിൽ ശ്രദ്ധിക്കപ്പെട്ടിരുന്ന കലാ സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്നു ചാത്തമംഗലം. എന്നാൽ ഈ രംഗത്തെ മൂല്യ ശോഷണം ഇവിടെയും സാരമായി ബാധിച്ചിട്ടുണ്ട്.

സാമൂഹ്യ-സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് മതിയായത്ര വേരോട്ടം ലഭിക്കാനുള്ള സാഹചര്യം ഇവിടെ ഇന്നും നിവലിലുണ്ട്. അവ കണ്ടെത്തിപോഷിപ്പിക്കാനുള്ള പരിപാടികളും പ്രവർത്തനരീതികളും ഉണ്ടായാൽ ഈ പഞ്ചായത്തിലെ സാമൂഹ്യസാംസ്ക്കാരിക രംഗം മാതൃകാപരമായ വളർച്ചയിലെത്തും.

വിശേഷാൽ ഗ്രാമസഭകളിൽ ഇത് സംബന്ധിച്ച് ഉയർന്നുവന്ന പ്രശ്നങ്ങളും വിലപ്പെട്ട നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട ഈ റിപ്പോർട്ട് വികസനസെമിനാറിന്റെ ചർച്ചക്കായി സമർപ്പിക്കുന്നു. ●

സംസ്കാരമുള്ള മാനവകുടുംബത്തിൽ
അധ്വാനത്തിന് അനുപമമായ
സ്ഥാനമുണ്ട്.

ടൂറിസം

വിനോദസഞ്ചാരവികസന രംഗത്ത് ഏറെ സാധ്യതകളുള്ള ഒരു പ്രദേശമാണ് ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കൂളിമാട്.

കോഴിക്കോട് നഗരത്തിൽനിന്ന് 25 കി.മി ദൂരത്ത് സ്ഥിതിചെയ്യുന്ന ഈ പ്രദേശം ജല മാർഗ്ഗവും റോഡ് മാർഗ്ഗവും എത്തിപ്പെടാൻ സാധിക്കുന്ന സ്ഥലമാണ്. ഇരുവഴിഞ്ഞിപ്പുഴയും ചാലിയാർ പുഴയും സംഗമിക്കുന്ന മനോഹരമായ മണൽതീരത്തോടു കൂടിയ ഈ പ്രദേശത്ത് ഒരു ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിച്ചെടുക്കാനുള്ള സാധ്യതയുണ്ട്. പ്രസിദ്ധമായ 'ഒതായി' മലകളും ആനക്കാംപൊയിൽ താഴ്വരയും ഇവിടെ നിന്ന് 20 കി.മി. അകലയാണ്. ബേപ്പൂർ. കടലുണ്ടി എന്നീ പ്രകൃതിരമണീയമായ ദ്വീപുകൾ പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്നു. 30 കി.മി അകലെയുള്ള നിലമ്പൂർ വനങ്ങളിലേക്കും ജല മാർഗ്ഗവും റോഡ് മാർഗ്ഗവും എത്തിച്ചേരാൻ ഇവിടെ നിന്ന് എളുപ്പമാണ്.

ആയതിനാൽ കൂളിമാട് കേന്ദ്രമായി ഒരു ടൂറിസ്റ്റ് വില്ലേജ് സ്ഥാപിച്ചാൽ രാജ്യത്തിനകത്തും പുറത്തുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കാൻ പോന്ന വിഭവങ്ങൾ ഇവിടെയുണ്ട്.

100-120 മീറ്റർ വീതിയും 3-4 മീറ്റർ ആഴവും 400-800 മീറ്റർ വീതിയും 4-6 മീറ്റർ ആഴവുമുള്ള ചാലിയാർ പുഴയും പ്രശാന്തമായ ജലനിരപ്പും ടൂറിസ്റ്റുകളെ ആകർഷിക്കത്തക്കതാണ്. കൂളിമാട് വാട്ടർ അതോറിറ്റി ഇപ്പോൾ തന്നെ നിരവധി ടൂറിസ്റ്റുകളെ ആകർഷിക്കുന്നുണ്ട്.

ഇവിടെ നീന്തൽ പരിശീലനപദ്ധതികൾ, വാട്ടർ പാർക്ക്, ബോട്ട് നൗക വള്ളം കളി, നീന്തൽ കുളങ്ങൾ ഇൻഫർമേഷൻ സെന്റർ, ലൈബ്രറി, മ്യൂസിയം റസ്റ്റാറന്റ് ഷോപ്പിംഗ് കോംപ്ലക്സ്, ബാങ്ക് തുടങ്ങിയ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തിയാൽ ഇന്ത്യയിലെ എണ്ണപ്പെടുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പട്ടികയിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കൂളിമാടും സ്ഥലം പിടിക്കും.

സ്വാതന്ത്ര്യം തുടങ്ങേണ്ടത് താഴെനിന്നാണ്. അങ്ങനെ ഓരോ ഗ്രാമവും മുഴുവൻ അധികാരവുമുള്ള ഒരു റിപ്പബ്ലിക്കോ പഞ്ചായത്തോ ആകണം. അതിന്റെ അർത്ഥം ഓരോ ഗ്രാമവും സ്വയം പര്യാപ്തമാകണം, സ്വന്തം കാര്യങ്ങൾ നോക്കാൻ കഴിവിനുമുള്ളതുമാകണം.

മഹാത്മാ ഗാന്ധി

വനിതാക്ഷേമം

വനിതാ പ്രസ്ഥാനങ്ങൾ സജീവമായികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ചാത്തമംഗലം പഞ്ചായത്തിലെ വനിതാ പ്രവർത്തനരംഗം നിർജ്ജീവമാണ്. സാമൂഹ്യ പ്രവർത്തനരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം മുൻകാലങ്ങളെ അപേക്ഷിച്ച് വർധിച്ചുവരികയാണ്. ഗ്രാമസഭകളിലെ വർധിച്ച സ്ത്രീ പങ്കാളിത്തം എടുത്തു പറയത്തക്കതാണ്. ആഘോഷ പരിപാടികളിലും ആർഭാടങ്ങളിലും സ്ത്രീകൾ ഇന്ന് വളരെ മുൻപന്തിയിലാണ്.

ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 36941ൽ 18011 പുരുഷന്മാരും 18930 സ്ത്രീകളുമാണ്. പട്ടികജാതി വിഭാഗത്തിൽ 2469 പുരുഷന്മാരും 2915 സ്ത്രീകളുമാണ്. സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലാണ്.

മുൻകാലത്ത് പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യമില്ലായിരുന്നു. സാഹചര്യങ്ങൾ അനുകൂലമായിരുന്നിട്ടും ഹൈസ്കൂൾ ക്ലാസിലെ പെൺകുട്ടികളുടെ എണ്ണം ആർകുട്ടികളെ അപേക്ഷിച്ച് കുറവാണ്. വിശദവിവരണം പട്ടികയായി താഴെ ചേർക്കുന്നു.

വിദ്യാഭ്യാസരംഗത്ത് തൊഴിലെടുക്കുന്ന വിനിതകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലാണ്. എങ്കിലും മറ്റുമേഖലകളിൽ അവരുടെ എണ്ണം പരിമിതമാണ്. കൃഷിഭവൻ, വില്ലേജ് ഓഫീസ്, പ്രാഥമിക ആരോഗ്യകേന്ദ്രം, എന്നിവയുടെ നേതൃത്വസ്ഥാനത്ത് വനിതകളാണ്.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകൾ നീർമ്മാണ മേഖലയിലും കാർഷിക മേഖലയിലുമാണ് പ്രധാനമായും തൊഴിലെടുക്കുന്നത്. കാർഷിക മേഖലയിലെ സ്ത്രീ പങ്കാളിത്തം വളരെ കുറഞ്ഞുവരുന്നു. ചാത്തമംഗലം പ്രദേശത്തെ പരമ്പരാഗത കുടിൽ വ്യവസായമായ നുറുക്ക് വ്യവസായ രംഗത്ത് നൂറിലധികം സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്.

സ്വയം തൊഴിൽ സംരഭവുമായി ബന്ധപ്പെട്ട് പഞ്ചാ

	എണ്ണം			പട്ടികജാതി		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
GHS നായർകുഴി	314	322	636	57	51	108
GHS, REC	850	800	1650	142	171	313
REC GVHSC	38	55	93	Nil	Nil	Nil

യത്തിൽ നാലു DWCRA യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. പൂളക്കോട്, അരയൻക്കോട്, കാഞ്ഞിരത്തിങ്ങൽ, ചാത്തമംഗലം എന്നിവിടങ്ങളിലാണ്. ഇതിൽ പുതുക്കോട് യൂണിറ്റിനു മാത്രമെ സ്വന്തം കെട്ടിടമുള്ളൂ. വെള്ളല്ലശ്ശേരിയിലെ വനിതാ വ്യവസായ സംരഭമായ സിൽക്ക് വീവേർസ് സൊസൈറ്റി നീർജ്ജീവാവസ്ഥയിലാണ്.

പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തക്കുറവ് ഇന്നും തുടരുകയാണ്. പഞ്ചായത്തിൽ മഹിളാസമാജങ്ങളായി 11 എണ്ണം നിലവിലുണ്ടെങ്കിലും മിക്കതിന്റെ പ്രവർത്തനവും നാമമാത്രമാണ്. രണ്ടെണ്ണത്തിന്റെ കീഴിൽ തയ്യൽ ക്ലാസ്, നഴ്സറി സ്കൂൾ എന്നിവ നടക്കുന്നുണ്ട്.

സ്ത്രീകൾക്ക് നേരെയുള്ള ആക്രമങ്ങൾ പൊതുവെ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. സ്ത്രീധനത്തിന്റെ പേരിൽ പീഢനം അനുഭവിക്കുന്ന സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

തൊഴിൽ മേഖലയിലെ വേതനനിരക്ക്

നമ്പർ	മേഖല	സ്ത്രീ	പുരുഷൻ
1	കർഷകതൊഴിലാളി	60-70	80-90
2	നിർമ്മാണതൊഴിലാളി	80	125
3	ക്രഷർ തൊഴിലാളി	50	90-100

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. തൊഴിലുള്ള മേഖലയിൽതന്നെ കൂലി നിരക്കിൽ വളരെ വ്യത്യാസം അനുഭവപ്പെടുന്നു.

വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം കുറവ് - നേതൃത്വ അഭാവം പ്രകടമാണ്.

2. തൊഴിൽ മേഖലയിൽ വേതനനിരക്കിൽ വിവേചനം നിലനിൽക്കുന്നു.

3. സ്ത്രീകൾക്ക് തൊഴിൽ സംരംഭം തുടങ്ങാനുള്ള ശ്രമക്കുറവും പ്രചോദനക്കുറവും - ശ്രമിക്കുന്നവർക്ക് അനുകൂല അവസരം ലഭിക്കുന്നില്ല.

4. മദ്യപാനം, ശീട്ടുകളി തുടങ്ങിയ സാമൂഹ്യ തിൻമകളുടെ ദുഷ്പ്രവണത.

5. സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.

6. പൊതുസ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യക്കുറവ്.

7. സമൂഹത്തിലെ അനാചാരങ്ങളുടെയും മാമൂലകളുടേയും വലയം.

8. ഉയർന്ന വിദ്യാഭ്യാസത്തിലുള്ള താൽപര്യക്കുറവ്.

9. നേരത്തെയുള്ള വൈവാഹിക ജീവിതം.

10. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ, സിനിമാ പോസ്റ്ററുകൾ.

സാധ്യതകൾ, പ്രശ്നപരിഹാരങ്ങൾ

1. മഹിളാസമാജങ്ങൾ പ്രവർത്തനക്ഷമമാക്കുകയും ബോധവൽക്കരണ പരിപാടികൾ നടത്തുകയും വേണം.

2. സഹകരണ മേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ മുൻകൈ എടുക്കണം.

3. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കി ചെറുകിട വ്യവസായങ്ങൾ തുടങ്ങണം.

4. കൃഷിഭവന്റെ സഹായത്തോടെ പച്ചക്കറിത്തോട്ടം സ്ഥാപിക്കാനാവശ്യമായ സഹായം ലഭ്യമാക്കണം.

DWCRA യൂണിറ്റുകൾ

നമ്പർ	സ്ഥലം	യൂനിറ്റിന്റെ സ്വഭാവം	കൊല്ലം	ജോലിക്കാരുടെ എണ്ണം
1.	പൂളക്കോട്	കറിപൗഡർ	1992	12
2	അരയങ്കോട്	ബുക്ക് നിർമ്മാണം	1996	9
3	കാഞ്ഞിരത്തിങ്ങൽ	ടൈലറിംഗ്	1996	9
4	ചാത്തമംഗലം	ഡയറി	1992	5

5. ട്രൈസം മുതലായ പരിശീലന പരിപാടി കാര്യക്ഷമമാക്കണം.

6. സ്ത്രീകളുടെപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഫാമിലി കൗൺസിലിങ്ങ് സെന്റർ സ്ഥാപിക്കുക.

7. വൈവാഹിക ജീവിതത്തെ കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് Pre Merital Counsil രൂപീകരിക്കുക.

8. DWCRA യൂണിറ്റുകൾക്ക് പലിശരഹിത സാമ്പത്തിക സഹായം നൽകാനുള്ള നടപടി സ്വീകരിക്കുക.

9. പഞ്ചായത്തിന്റെ പരിധിയിൽ ഒരു വനിതാ തൊഴിലധിഷ്ഠിത സ്ഥാപനം തുടങ്ങുക.

10. നിർധനരായ വിധവകൾക്കും കുടുംബങ്ങൾക്കും വേണ്ട സാമ്പത്തിക സഹായം വർധിപ്പിക്കുക.

11. ആധുനിക രീതിയിലുള്ള പാചകസംവിധാനങ്ങൾ, അടുപ്പ് തുടങ്ങിയവക്ക് പ്രചാരണം നൽകണം.

12. എംബ്രോയ്ഡറി, അച്ചാർ നിർമ്മാണം, പ്ലാസ്റ്റിക്ക് വർക്സ്, കൂറ്റിമുല്ല കൃഷി, നൂറുക്ക് നിർമ്മാണം, ചക്കസംസ്കരണം, സ്കാഷ്, ജാം നിർമ്മാണം, ബാഗുനിർമ്മാണം, ഡ്രൈക്ലീനിംഗ്, ടൈപ്പ് റൈറ്റിംഗ്, ബുക്ക് ബൈൻഡിംഗ്, നൂൽനൂൽപ്പ്, കൂൺ കൃഷി, കരിങ്കൽ കുത്ത് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വിവിധ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

13. ഓട്ടോറിക്ഷ ഓടിക്കാൻ സ്ത്രീകൾക്ക് പഞ്ചായത്തുകളിൽ ലൈസൻസ് നൽകണം.

14. മഹിളാ സമാജങ്ങൾക്ക് കെട്ടിടം നിർമ്മിക്കണം.

15. ലൈബ്രറി പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചുതരാൻ ആവശ്യമായ സഹായം ഏർപ്പെടുത്തണം.

16. പരമ്പ് നിർമ്മാണം, കരിങ്കൽ തൊഴിലാളികൾ എന്നിവർക്ക് സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായം തുടങ്ങാൻ സഹായം നൽകണം.

17. അംഗനവാടി അധ്യാപികമാർക്ക് അർഹമായ വേതനം ലഭ്യമാക്കണം. കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കണം.

പൊതുവെ അവശതയനുഭവിക്കുന്ന വിഭാഗമാണ് സ്ത്രീകൾ. വിശേഷാൽ ഗ്രാമസഭകളിൽ സ്ത്രീകളുടെ ഉന്നമനത്തിനായി ഉയർന്നുവന്ന ജീവസ്സുറ്റ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ കഴിഞ്ഞാൽ വൻ മാറ്റത്തിന് തുടക്കമാകും.

സ്വാതന്ത്ര്യം തുടങ്ങേണ്ടത്
താഴെനിന്നാണ്. അങ്ങനെ ഓരോ
ഗ്രാമവും മുഴുവൻ അധികരവുമുള്ള ഒരു
റിപ്പബ്ലിക്കോ പഞ്ചായത്തോ ആകണം.
അതിന്റെ അർത്ഥം ഓരോ ഗ്രാമവും
സ്വയം പര്യാപ്തമാകണം, സ്വന്തം
കാര്യങ്ങൾ നോക്കാൻ
കഴിവിനുള്ളതുമാകണം.



സഹകരണം

കൂട്ടായ്മയിലൂടെ സ്വയം സഹായത്താൽ ജനങ്ങളെ ഉയർത്തുന്നതിനുള്ള സാമ്പത്തിക സമ്മിശ്ര സാമ്പത്തിക പ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. "ഓരോരുത്തരും സമൂഹത്തിനുവേണ്ടിയും എല്ലാവരും ഓരോരുത്തർക്കുവേണ്ടി''യും ഇതാണ് സഹകരണ തത്വം.

നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം തുടങ്ങിയത് 1935ലാണ്. സാമ്പത്തിക പരാധീനതയിൽ കഴിയുന്ന കർഷകരെ ഇടത്തട്ടുകാരിൽനിന്നും ഹുണ്ടികക്കാരിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടിയാണ് വായ്പാരംഗത്ത് പൂളക്കോട്, ചൂലൂർ, കൂഴക്കോട്, ചാത്തമംഗലം എന്നീ ഐക്യനാണയ സംഘങ്ങൾ തുടങ്ങിയത്. ഇതിൽ ചൂലൂർ ഐക്യനാണയ സംഘം പ്രവർത്തന രഹിതമാവുകയും മറ്റു 3 സംഘങ്ങൾ സംയോജിപ്പിച്ച് 1963 ജനുവരി 10നു ചാത്തമംഗലം സർവ്വീസ് സഹകരണ ബാങ്കായി റജിസ്റ്റർ ചെയ്തു. ഇതേകാലഘട്ടത്തിൽ കറവകൃഷിക്കാരെ സഹായിക്കുന്നതിന്നുവേണ്ടി ചാത്തമംഗലം പരസ്പര സഹായ പാർവിതരണ സംഘവും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

മൺപാത്രനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന നിർദ്ധനരായ സമുദായക്കാരെ ഉദ്ധരിക്കുന്നതിന്നും, കുട്ട, പായ നിർമ്മാണ രംഗത്തെ തൊഴിലാളികളെ ഉദ്ധരിക്കുന്നതിനുവേണ്ടിയും സഹകരണ സംഘങ്ങൾ രൂപീകരിച്ചെങ്കിലും നടത്തിപ്പിലുള്ള അപാകത കാരണം പ്രവർത്തനരഹിതമായി.

ഇന്ന് ഈ പഞ്ചായത്തിൽ കൺസ്യൂമർ രംഗത്ത് നല്ല രീതിയിൽ ലാഭകരമായി പ്രവർത്തിക്കുന്ന സംഘമാണ് ആ.ഇ.സി. എംപ്ലോയീസ് വിവിധോദ്ദേശ സഹകരണ സംഘം. അടുത്ത കാലത്ത് ആരംഭിച്ച കുന്നമംഗലം ബ്ലോക്ക് പുസ്തക നിർമ്മാണ വ്യവസായ സഹകരണ സംഘം വെള്ളനൂരിൽ പ്രവർത്തിക്കുന്നുണ്ട്. ചാത്തമംഗലം പഞ്ചായത്ത് പട്ടികജാതി പട്ടികവർഗസഹകരണ സംഘവും നിലവിലുണ്ട്. അടുത്ത് പ്രവർത്തനം ആരംഭിച്ച വെള്ളലശ്ശേരിയിലുള്ള മാവൂർ സിൽക്ക് നിർമാണ വ്യവസായ സഹകരണ സംഘം തകർച്ചയിലാണ്. സ്കൂൾ വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചുള്ള സ്കൂൾ സഹകരണ സംഘങ്ങളും ഈ പഞ്ചായത്തിലുണ്ട്. കൂടാതെ ചാത്തമംഗലം പഞ്ചായത്ത് സെറികൾച്ചർ സംഘം നിലവിലുണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല.

ചാത്തമംഗലം സർവീസ് സഹകരണ ബേങ്ക്

31-3-63ൽ പ്രവർത്തനമാരംഭിച്ച ഈ ബാങ്കിൽ ഇപ്പോൾ 7305 മെമ്പർമാരും 9,21000 രൂപ ഓഹരി മൂലധനവും ഉണ്ട്. ഒരു കോടിയിലധികം രൂപ നിക്ഷേപവും അത്രതന്നെ വായ്പ നില്പുമുണ്ട്. വാടകക്കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനത്തിന്ന് ഇപ്പോൾ 2 കെട്ടിടവും ഒരു വളം ഗോഡൗണും സ്വന്തമായുണ്ട്. ബാങ്കിനോടനുബന്ധിച്ച് സഹകരണ സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങളുടെ നിരന്തരമായ അഭ്യർത്ഥനമാനിച്ച് വെള്ളലശ്ശേരിയിലും പിന്നീട് കെട്ടാങ്ങലും തുടങ്ങിയ രണ്ട് സഹകരണ സ്റ്റോറും ഭീമമായ നഷ്ടം വന്നതിനാൽ അവസാനിപ്പിക്കേണ്ടിവന്നു.

വായ്പാ വിതരണരംഗത്ത് കാർഷികവും കാർഷി

കേതരവുമായ ഹ്രസ്വകാല, മധ്യകാല, ദീർഘകാല കടങ്ങളും, സർക്കാർ അതാതു കാലത്ത് നിർദ്ദേശിക്കുന്ന പ്രകാരം താഴ്ന്ന വരുമാനക്കാർക്കുള്ള ഭവനനിർമ്മാണ വായ്പ, ഐ.ആർ.ഡി.പി. വായ്പ, സ്വയം തൊഴിൽ വായ്പ ഡയറി ലോൺ, കിണർ, പമ്പ് സെറ്റ് കടം (ചെറികിട ജലസേചനം) ബയോഗ്യാസ് ലോൺ എന്നിവയും മത്സ്യകൃഷി, ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പയും വിതരണം ചെയ്യുന്നുണ്ട്. സ്വർണ്ണപണ്ടം പണയത്തിന്മേൽ 25000 രൂപ വരെ വായ്പ നൽകുന്നുണ്ട്. ന്യായമായ പലിശ നിരക്കിൽ എല്ലാതരം നിക്ഷേപങ്ങളും സ്വീകരിക്കുന്നുണ്ട്.

കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശ പ്രകാരം കശുവണ്ടിഭരണം, കൊപ്ര സംഭരണം എന്നിവ നടത്താറുണ്ട്. എന്നാൽ പ്രതികൂല കാലാവസ്ഥയിൽ കൊപ്ര ഉണക്കുന്നതിനും സൂക്ഷിക്കുന്നതിനും സൗകര്യമില്ലാത്തതിനാൽ തുടർച്ചയായി നടത്തുവാൻ സാധിക്കുന്നില്ല. ബാങ്കിനോടനുബന്ധിച്ച് രാസവളങ്ങളും, ജൈവവളങ്ങളും കീടനാശിനികളും വിതരണം ചെയ്യുന്നുണ്ട്.

പ്രവർത്തനരംഗത്ത് കർഷകരുടെയും സാധാരണ ജനങ്ങളുടെയും പൂർണ്ണമായ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നില്ല. സാമ്പത്തിക രംഗത്തെ ഈ പരാധീനത പരിഹരിക്കുന്നതിന്നും ജനങ്ങളുടെ ആശയാഭിലാഷങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതിന്നും വിഭവസമാഹരണം അഭികാമ്യമാണ്. സർവ്വീസ് സഹകരണ ബാങ്കിന് ഈ ഗ്രാമത്തിലെ സമ്പത്ത് പരമാവധി സ്വരൂപിക്കാൻ കഴിയുന്നില്ല. നിക്ഷേപങ്ങളിൽ നല്ലൊരു ഭാഗം വ്യക്തി താല്പര്യം, രാഷ്ട്രീയ താല്പര്യം എന്നിവ കാരണം ദേശസാൽകൃത, സ്വകാര്യ സ്ഥാപനങ്ങളിലേക്കും അയൽ പഞ്ചായത്തുകളിലേക്കും പോകുന്നു. ഇത്തരം നിക്ഷേപങ്ങളിൽ ഒരു രൂപ പോലും നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപകാരപ്രദമാവുന്നില്ല. എന്നാൽ ചാത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ ഫണ്ട് മുഴുവനായും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് മാത്രമെ ഉപയോഗപ്പെടുത്താൻ കഴിയൂ എന്ന വസ്തുത പലരും സൗകര്യപൂർവ്വം മറക്കുന്നു. അതിനാൽ ഈ പഞ്ചായത്തിലെ വിഭവം മുഴുവനായും ബേങ്കിൽ തന്നെ സ്വരൂപിക്കുന്നതിന്ന് ജനങ്ങളും സ്ഥാപനങ്ങളും തയ്യാറാക്കണം. ഈ ബാങ്കിന്റെ പ്രവർത്തനം ഇപ്പോൾ ലാഭകരമല്ല. ഇതിനുള്ള പ്രധാന കാരണം ഫണ്ടിന്റെ കുറവും കാലാകാലങ്ങളിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവർത്തനചെലുമാണ്. കൂടാതെ സഹകരണരംഗത്ത് നിലവിലുള്ള നടത്തിപ്പിൽ കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണ്.

ചാത്തമംഗലം ക്ഷീരോൽപ്പാദക സഹകരണ സംഘം

24-1-1963ൽ പ്രവർത്തനം ആരംഭിച്ച 1360 മെമ്പർമാരുള്ള ഈ സ്ഥാപനത്തിൽ 12100 രൂപ ഓഹരിമൂലധനമുണ്ട്. ശരാശരി 1200 ലിറ്റർ പാൽ ദിനംപ്രതി കൈകാര്യം ചെയ്യുന്നു. ഗവന്മെണ്ട് സബ്സിഡിയോടെ കന്നുകുട്ടി പരിപാലന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. മിൽമയുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനം ലാഭത്തിലാണ്. 400 ഓളം കുടുംബങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇനിയും പ്രവർത്തനം വ്യാപിപ്പിക്കേണ്ടതുണ്ട്. മിൽമയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനാൽ അവരുടെ നിയന്ത്രണങ്ങൾ കാലാകാലങ്ങളിൽ പാലിക്കേണ്ടതുണ്ട്. അതുകൊണ്ട് മഴക്കാലങ്ങളിൽ പൂർണ്ണമായും പാൽ സംഭരിക്കാൻ കഴിയാതെ വരുന്നു.

നിർദ്ദേശങ്ങളും സാധ്യതകളും

ചാത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിന്റെ വളം ഡിപ്പോ മലയമ്മ, കാട്ടാങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുക.

ചാത്തമംഗലം പഞ്ചായത്തിന്റെ കിഴക്കൻ മേഖലകൾ കേന്ദ്രീകരിച്ച് കോ- ഓപ്പറേറ്റീവ് ബാങ്കിന്റെ ശാഖകൾ തുറക്കുക.

ആധുനിക സംവിധാനത്തോട് കൂടിയ ഒരു കൊപ്ര സംഭരണ കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കണം.

പഞ്ചായത്തിൽ ഒരു വനിതാ സഹകരണസംഘം ആരംഭിക്കണം.

കൂടുതൽ പാൽസംഭരണ കേന്ദ്രങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കുക.

സഹകരണമേഖലയിൽ കൂടുതൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുക.

ഹരിജൻ സഹകരണ സംഘത്തിന് ട്രാക്ടറുകൾ വാങ്ങാനും കൈത്തൊഴിൽ സൗകര്യം ഏർപ്പെടുത്താനും സാമ്പത്തിക സഹായം ആവശ്യമാണ്.

സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ച വർഷം	ജീവക്കാരുടെ എണ്ണം	ഓഹരിമൂലധനം	വാർഷിക ടേൺ ഓവർ	ലാഭം നഷ്ടം	അംഗങ്ങളുടെ എണ്ണം
ചാത്തമംഗലം സർവ്വീസ് സഹകരണ ബാങ്ക്	1963	8	920338	-	നഷ്ടം	7305
ചാത്തമംഗലം ക്ഷീരോൽപാദക സഹകരണ സംഘം	1963	12	12,100	-	ലാഭം	1360
കുന്ദമംഗലം ബ്ലോക്ക് ബുക്ക് മാനുഫാക്ച്ചറിങ്ങ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ്	1992		3,0,1600	-	-	133

സ്കൂൾ സഹകരണ സംഘത്തിൽ കൂടി യൂണിഫോം കുട, പുസ്തകം എന്നിവ വിതരം ചെയ്യേണ്ടതാണ്.

ചാത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിനോടനുബന്ധിച്ച് കൊപ്ര ഡ്രയർ ആരംഭിക്കുന്നതിന് മാർക്കറ്റിനുള്ളിൽ സ്ഥലം അനുഭവിക്കുക.

സഹകരണബാങ്കിൽ നിന്നും ദുർബ്ബലവിഭാഗങ്ങൾക്ക് കൂടുതൽ സഹായം ലഭിക്കുന്ന വിധത്തിൽ പ്രവർത്തന മേഖല വിപുലമാക്കുക.

സഹകരണ മേഖലയിൽ ഫ്ളോർമിൽ, ബുക്ക് ബൈന്റിംഗ്, ചെറുകിട വ്യവസായം എന്നിവ ആരംഭിക്കുക.

പഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമിയിൽ സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്കുള്ള സാധ്യതകൾ വിലയിരുത്തണം.

സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനും റജിസ്റ്റർ ചെയ്യുന്നതിന്നും പ്രയാസമില്ല എന്നാൽ അവ ലാഭകരമായി പ്രവർത്തിക്കാൻ വിപുലമായ സാദ്ധ്യതകൾ അനിവാര്യമാണ്. ഒരേതരം സംഘങ്ങൾ കൂടുതൽ എണ്ണം പഞ്ചായത്തിൽ രൂപീകരിച്ചാൽ എല്ലാം തകർച്ചക്ക് കാരണമാവും. ആയത് നിലവിലുള്ള സംഘങ്ങളെയും ബാധിക്കും. അതിനാൽ സാദ്ധ്യതകൾ നോക്കി മാത്രമെ സഹകരണ സംഘങ്ങൾ ആരംഭിക്കാവൂ. ഉൽപാദനം ആരംഭിക്കുമ്പോൾ അവയുടെ വില്പനയും (Marketing) മുൻകൂട്ടി കാണേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടത്തിൽ കലാശിക്കും.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനത്തിന് നിർണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ നമ്മുടെ പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ കുറിച്ച് ഈ വികസനറിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിക്കുന്നു. ●

സംസ്കാരമുള്ള മാനവകുടുംബത്തിൽ
അധ്വാനത്തിന്
അനുപമമായ സ്ഥാനമുണ്ട്.

പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ 40,000 ത്തോളം വരുന്ന ജനസംഖ്യയിൽ 5250 ഓളം പേർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നവരാണ്. മൊത്തം ജനസംഖ്യയുടെ 131/2ശതമാനത്തിലധികം വരുന്ന ഈ വിഭാഗം ജനങ്ങളുടെ സാധാരണ ജീവിത നിലവാരം നാനാമേഖലകളിലും ഏറെ മെച്ചപ്പെടേണ്ടതായിട്ടാണുള്ളത്.

1991ലെ സെൻസസ് പ്രകാരം പൂളക്കോട് (455) ചാത്തമംഗലം (394) വില്ലേജുകളിലായി 849 കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുളളത്. 34 അംഗീകൃത ഹരിജൻ കോളനികളാണ് ഈ പഞ്ചായത്തിലുള്ളത്. ഇവയിലെല്ലാം കൂടി 442 കുടുംബങ്ങളാണുള്ളത്. കുടിവെള്ളം, വൈദ്യുതി, പാർപ്പിടം, കക്കൂസ് തുടങ്ങിയവ അടിസ്ഥാനസൗകര്യങ്ങൾ മഹാഭൂരിപക്ഷം കോളനികളിലും ഇപ്പോഴും വേണ്ടത്രയില്ല.

വിദ്യാഭ്യാസപരമായി താരതമ്യേന ഭേദപ്പെട്ട സ്ഥിതിയാണ് ഈ വിഭാഗത്തിനുള്ളത്. തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കുന്നതിനുള്ള ഈ വിഭാഗത്തിന്റെ പ്രത്യേക താൽപര്യത്തെ കാണാതിരുന്നുകൂടാ. ഒന്നാം ക്ലാസിൽ പഠനം തുടങ്ങുന്ന മുഴുവൻ കുട്ടികളും 10-ാം ക്ലാസ് പൂർത്തിയാക്കുന്നുണ്ട്. കൊഴിഞ്ഞുപോക്ക് തീരെ ഇല്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സാക്ഷരതയുടെ കാര്യത്തിൽ ഏറെ മുന്നിലാണെങ്കിലും സാക്ഷരതയിൽ തുടർപ്രവർത്തനത്തിന്റെ അപര്യാപ്തത ഈ വിഭാഗത്തിലും നിലനിൽക്കുന്നു.

5250 ഓളം വരുന്ന ജനസംഖ്യയിൽ 1910 പേർ മാത്രമാണ് വിവിധ തൊഴിലുകളിലേർപ്പെടുന്നത്. അവരിൽ 150ഓളം പേർ മാത്രമേ സർക്കാർ/അർദ്ധ സർക്കാർ/കമ്പനി മേഖലയിൽ ജോലി ചെയ്യുന്നുള്ളൂ. ബാക്കിയുള്ള ഏതാണ്ട് 1760 പേർ ഭാഗികമായി മാത്രം വിവിധ തുറകളിൽ ജോലി ലഭിക്കുന്നവരാണ്. വിദ്യാർത്ഥികൾ 1100 ഗാർഹിക ജോലികളിൽ 850 ചെറിയ കുട്ടികളും വൃദ്ധരും 740 അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ 650 എന്നിങ്ങനെയാണ് മറ്റുള്ളവരുടെ സ്ഥിതി.

മൊത്തം വരുന്ന 849 കുടുംബങ്ങളിൽ 685 കുടുംബങ്ങൾക്കും വിവിധ ഘട്ടങ്ങളിലായി IRDP വായ്പാനുകൂല്യം ലഭിച്ചിരുന്നുവെങ്കിലും അവരെല്ലാം തന്നെയിപ്പോഴും ദാരിദ്ര്യരേഖയ്ക്ക് താഴെത്തന്നെയാണ് ജീവിക്കുന്നത്. സർക്കാർ യഥാസമയം നൽകിപ്പോന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് ലക്ഷ്യപ്രാപ്തിയിലെത്താൻ കഴിയാതെ പോയത് പ്രധാനമായും ആസൂത്രണത്തിലെ വൈകല്യംകൊണ്ടും വിനിയോഗത്തിലെ അപാകതകൊണ്ടുമാണ്.

സ്വന്തമായി താമസയോഗ്യമായ വീടില്ലാത്തവരായി മൊത്തം 425ഓളം കുടുംബങ്ങളുണ്ട്. (50%)

ജാതിപരമായ ഉച്ചനീചത്വം പ്രകടമായി പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും നിലനിൽക്കുന്നില്ലെങ്കിലും ചില പ്രദേശങ്ങളിൽ അതിന്റെ അവശിഷ്ടം പ്രബലമായിത്തന്നെ നിലനിൽക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്.

ബഹുജനസംഘടനാപ്രവർത്തനങ്ങളിലും സാമൂഹ്യസാംസ്ക്കാരിക പ്രവർത്തനമേഖലകളിലും ഈ വിഭാഗത്തിൽ നിന്നും ഉയർന്നുവന്നവർ വിരളമാണ്.

അമിതമായ മദ്യപാനവും ആരോഗ്യസംരക്ഷണത്തിലെ അശ്രദ്ധയും കാരണം ഈ വിഭാഗത്തിന്റെ ആരോഗ്യനിലവാരം ഇതരജനവിഭാഗങ്ങളെയപേക്ഷിച്ച് ശരാശരിയിൽ താഴെയാണ്.

അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും കെട്ടുപാടുകളിൽ നിന്നും ഈ വിഭാഗം ഇനിയും പൂർണ്ണമായും മോചിതരായിട്ടില്ല.

പ്രശ്നങ്ങൾ

1 പഞ്ചായത്തിൽ മൊത്തം 34 അംഗീകൃത കോളനികളാണുള്ളത്. മിക്ക കോളനിയിലും കുടിവെള്ളം വൈദ്യുതി പാർപ്പിടം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളും പ്രാഥമികാവശ്യത്തിനുള്ള കക്കൂസും ആവശ്യത്തിന് ലഭ്യമല്ല. കുടിവെള്ളത്തിന്റെ കാര്യത്തിൽ ഒരു കോളനിയും സ്വയംപര്യാപ്തമല്ല. എടക്കാട്ട് കോളനി, നെടുങ്ങാട്ടുമ്മൽ അംബേദ്കർ കോളനി, ചേനോത്ത് കോളനി (വല്ലങ്കണ്ടി)എന്നിവയിൽ മാത്രമാണ് പൈപ്പ് ലൈൻ സൗകര്യമുള്ളത്. എങ്കിലും അവിടെ ശുദ്ധജല വിതരണം കാര്യക്ഷമമല്ല.

2 അംഗീകൃത കോളനികളിലും കോളനികളിൽപെടാത്തതുമായ പട്ടികജാതി കുടുംബങ്ങളിൽ 50%ത്തിനും സുരക്ഷിതത്വമുള്ള വീടുകളും അടിസ്ഥാനസൗകര്യങ്ങളുമില്ല.

3 സ്വന്തമായി സ്ഥലവും വീടുമില്ലാത്ത 15%ത്തോളം കുടുംബങ്ങൾ ഇപ്പോഴും ഈ വിഭാഗത്തിലുണ്ട്.

4 മിച്ചഭൂമി, നാലുസെന്റ് കോളനി എന്നിവയിലും അല്ലാതെയുമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് പലർക്കും പല കാരണങ്ങളാൽ പട്ടയം ലഭ്യമായിട്ടില്ല.

5 മിക്കകോളനികളിലേക്കുമുള്ള റോഡുകൾ സഞ്ചാരയോഗ്യമല്ല. പറയരുകോട്ടുമ്മൽ കോളനി, കല്ലുംകണ്ടി കോളനി പാറക്കണ്ടി കോളനി ചുടലക്കണ്ടി കോളനിയോട് ബന്ധപ്പെട്ട പുലപ്പണം കുന്ന് റോഡ് പാലക്കൽ, വല്ലങ്കണ്ടി, അംബേദ്കർ കോളനി (പുളിയുള്ള കണ്ടി) അംബേദ്കർ കോളനി (ചേനോത്ത്) തുടങ്ങിയ കോളനികളിലേക്ക് റോഡ് ഗതാഗത സൗകര്യം കാര്യക്ഷമമല്ല.

6 ഇന്ദിരാകോളനി (പൂളക്കോട്)യിൽ കൂടി പോവുന്ന റോഡ് ടാർ ചെയ്യുകയും പാറത്തോട്ട് ഭാഗത്ത് പാലം പണിയുകയും ഗതാഗത സൗകര്യം ഉണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്.

7 പുളിക്കുഴി കോളനി റോഡ് ടാർ ചെയ്ത് മണ്ണിലിടം റോഡുമായിബന്ധിപ്പിക്കേണ്ടതുണ്ട്.

8. കൻമാണ്ടി കടവിൽ കുന്ദമംഗലം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന നടപ്പാലം പണിയേണ്ടതുണ്ട്.

9 കോഴിക്കമ്പനി മുതൽ അമ്പലപ്പുറായിവരെ റോഡ് സൗകര്യം ഉണ്ടാക്കേണ്ടതുണ്ട്.

10. ചൂലൂർ കൈക്കിലാട്ട് മുതൽ പുല്ലങ്ങോട്ടുമല ഹരിജൻ കോളനിയിലേക്ക് വെട്ടിയ റോഡിന്റെ പണി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

താഴെ പറയുന്ന പട്ടികജാതി വിഭാഗങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങൾ ഇനിയും കോളനികളായി അംഗീകരിക്കപ്പെടേണ്ടതുണ്ട്.

1) മുതുവന (രണ്ടാം വാർഡ്)

2) കൂളികാവ് (മൂന്നാം വാർഡ്)

3) പേട്ടും തടായിൽ (മൂന്നാം വാർഡ്)

4) മാളികത്തടം (നാലാം വാർഡ്)

5) ചെറുതടം ലക്ഷംവീട് (അഞ്ചാം വാർഡ്)

6) പാലപ്രമീത്തൽ (ഒമ്പതാം വാർഡ്)

7) കല്ലിടുമ്പ് (പത്താം വാർഡ്)

8) ഈഗൾപ്ലാന്റേഷൻ (പതിനൊന്നാം വാർഡ്)

9) പാറക്കണ്ടി (എട്ടാം വാർഡ്)

മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല. റോഡ് സൈകര്യമുൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങൾ ലഭ്യമായിട്ടില്ല.

12)എല്ലാ കോളനികളിലും തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്.

13) പഞ്ചായത്തിലെ മൊത്തം പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനം ലാക്കാക്കി ആരംഭിച്ച സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

14) പതിനൊന്നാം വാർഡിലെ പുതിയലക്ഷം വീട് കോളനിയിലൊഴികെ, ഈ പഞ്ചായത്തിൽ മറ്റ് പട്ടികജാതി കോളനികളിലും പട്ടികജാതി വിഭാഗങ്ങൽതിങ്ഹിപ്പാർക്കുന്ന ഇതരപ്രദേശങ്ങളിലും പൊതുശ്മശാനം നിലവിലില്ല.

15) എല്ലാ കോളനികളിലും പട്ടിക ജാതിവിഭാഗ

ങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും കുട്ടികളുടെ ലഭ്യതയ്ക്കനുസരിച്ച് അംഗൻവാടികൾ സ്ഥാപിക്കപ്പെട്ടിട്ടില്ല.

16) കൃഷിഭവനുകൾ മുഖേന ലഭിക്കേണ്ട വിത്ത്, വളം, മുതലായവ യഥാസമയം ലഭിക്കുന്നില്ല. ലഭ്യമാകുന്നവതന്നെ വേണ്ടവിധത്തിൽ വിനിയോഗിക്കാൻ ഒരു വിഭാഗം താൽപര്യം കാണിക്കുന്നില്ല.

17) വിവിധ പെൻഷൻ പദ്ധതികൾ, അർഹതപ്പെട്ടവർക്ക് യഥാസമയം കിട്ടുന്നില്ല.

18) അടിസ്ഥാനവർഗ്ഗത്തിൽപ്പെട്ട ഈ വിഭാഗത്തോടുള്ള സർക്കാർ ഉദ്യോഗസ്ഥന്മാരിൽ പലരുടെയും സമീപനവും പെരുമാറ്റവും തൃപ്തികരമല്ല.

19) കുടിവെള്ളം

1)അംബേദ്കർ കോളനി (പുളിയുള്ളകണ്ടി)യിലെ കിണർ ശുദ്ധിയാക്കി വെള്ളം കുടിക്കാൻ ഉപയുക്തമാക്കേണ്ടതുണ്ട്.

2) ഉരുണിമാക്കൽ കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കേണ്ടതുണ്ട്.

3) പൂളക്കോട്ട് ഇന്ദിരാഹരിജൻകോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സൗജന്യമായി വിട്ടുകിട്ടുന്ന സ്ഥവലത്ത് കിണർകുഴിച്ച് ഉയർന്ന ഭാഗത്തേക്ക് വെള്ളം പമ്പ് ചെയ്ത് അവിടെ ടാങ്ക് സ്ഥാപിച്ച് വിതരണം നടത്താനാവശ്യമായ, ഏറ്റവും ചെലവ് കുറഞ്ഞ ഒരു പദ്ധതിക്ക് രൂപം നൽകേണ്ടതുണ്ട്.

20) പരമ്പരാഗതമായി മൺപാത്രനിർമ്മാണത്തിലേർപ്പെട്ടുവരുന്ന ഈ പഞ്ചായത്തിലെ 100ഓളം കുടുംബങ്ങൾ സാമൂഹ്യപരമായും സാമ്പത്തികപരമായും വിദ്യാഭ്യാസ പരമായും വളരെ പിന്നോക്കാവസ്ഥയിലാണ്.

1) ഈ വിഭാഗത്തിലെ കുട്ടികൾ പലരും സ്കൂളിലെത്തുന്നില്ല.

2) ഇവരുടെ സങ്കേതങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഇല്ല.

3) അന്ധവിശ്വാസവും, മദ്യപാനവും ഇതരജനവിഭാഗങ്ങളെയെപേക്ഷിച്ച് കൂടുതലാണ്.

4) സാമൂഹ്യസാംസ്കാരിക രംഗത്ത് ഇവരുടെ പങ്കാളിത്തം തീരെയില്ല.

5) ഈ വിഭാഗത്തിന്റെ പരമ്പരാഗത തൊഴിൽ രംഗത്ത് പ്രതിസന്ധിയുണ്ട്.

21 പട്ടികജാതി വിഭാഗങ്ങളുടെ തനത് കലാരൂപങ്ങളും സാംസ്കാരികതനിമയും അന്യം നിന്നുപോവുന്നുണ്ട്.

സാധ്യതകളും നിർദ്ദേശങ്ങളും

1) പഞ്ചായത്തിൽ ആകെയുള്ള പട്ടികജാതി കുടുംബങ്ങളിൽ 50 ശതമാനത്തിനും സുരക്ഷിതമായ വീടുകൾ നിർമ്മിക്കണം. നാലാം വാർഡിൽനിന്നും 50% മനുഷ്യാധ്വാനം നൽകാൻ തയ്യാറാണെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. ഈ മാതൃകാ പിന്തുടരാവുന്നതാണ്.

2) സ്വന്തമായി സ്ഥലവും വീടുമില്ലാത്തവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവശ്യമാണ്.

3) പട്ടയം ലഭ്യമാകാത്തവർക്ക് പട്ടയം ലഭ്യമാക്കേണ്ടതാണ്.

4) അംഗീകൃത കോളനികളിലേക്കും പട്ടികജാതി വിഭാഗങ്ങൾ അധിവസിക്കുന്നതുമായ പ്രദേശങ്ങളിലേക്ക് ഗതാഗതസൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ഇതിന് അതതുപ്രദേശങ്ങളിലെ പരമാവധി ജനപങ്കാളിത്തം ലഭ്യമാണ്.

a)കളൻതോട് നിന്നും ഇന്ദിരാകോളനിവഴി ത്രിവേണിയിലേക്ക് പോവുന്ന റോഡ് ടാർ ചെയ്യണം. അതിന് പാറത്തോട് ഭാഗത്ത് പാലം നിർമ്മിക്കുകയും ചെയ്യേണ്ടതുണ്ട്.

b) പുളിക്കുഴി കോളനി റോഡ് ടാർ ചെയ്ത് മണ്ണിലിടം റോഡുമായി ബന്ധിപ്പിക്കേണ്ടതാണ്

c) കമ്മാണ്ടിക്കടവിൽ കുന്ദമംഗലം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന നടപ്പാലം പണിയേണ്ടതാണ്. ഇതിന് കുന്ദമംഗലം പഞ്ചായത്തിന്റെ സഹായം കൂടി ആവശ്യപ്പെടാവുന്നതാണ്.

d) കോഴിക്കമ്പനി മുതൽ അമ്പലപ്പുറായി വരെ റോഡ് സൗകര്യം ഉണ്ടാക്കേണ്ടതാണ്.

e) ചൂലൂർ തെക്കിലാട്ട് മുതൽ പുല്ലങ്കോട്ട് മല കോളനിയിലേക്ക് വെട്ടിയ റോഡിന്റെ തടസ്സങ്ങൾ നീക്കിയാൽ റോഡ് പണി പൂർത്തിയാക്കാൻ ജനങ്ങൾ സന്നദ്ധരാണ്

5) മുതുവന ,കൂളിക്കാവ് പേട്ടും തടായിൽമാളി

കത്വം ചെറുതടം ലക്ഷം വീട് പാലപ്രമീത്തൽ കല്ലിടുമ്പ് ഈഗൽ പ്ലാന്റേഷൻ പാറക്കണ്ടി തുടങ്ങിയ പട്ടിക ജാതി അധിവാസകേന്ദ്രങ്ങൾ കോളനികളായി അംഗീകരിക്കുകയും അടിസ്ഥാനസൗകര്യങ്ങൽ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ജനപങ്കാളിത്തത്തോടെ പൊതുവഴികളും നിർമ്മിക്കാം.

6) വൈദ്യുതിലൈൻ കടന്നുപോവുന്ന കോളനികളില് അടിയന്തിരമായും തെരുവുവിളക്കുകൾസ്ഥാപിക്കണം. മറ്റ് പ്രദേശങ്ങളിലെ സാധ്യതകൾക്കനുസരിച്ച് പരിശോധിക്കേണ്ടവയാണ്.

7) പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹരിജൻ സഹകരണസംഘത്തിൻരെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വിപുലപ്പെടുത്തുകയും വേണം.

സഹകരാടിസ്ഥാനത്തിൽ മെഴികുതിരി നിർമ്മാണം സോപ്പുനിർമ്മാണം, റെഡിമെയ്ഡ് ഉൽപ്പന്നങ്ങൾ ഹോളോബ്രിക്സ് നിർമ്മാണം നൂൽനൂല്പ് തുടങ്ങിയ ചെറുകിട സ്വയംതൊഴിൽ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. ആവശ്യമായ വിഭവങ്ങളിൽ ഈ സാരംഭകരിൽ നിന്നും ശേഖരിക്കാവുന്നതാണ്.

8) പൊതുശ്മശാനം പൊതുവെ സൗകര്യപ്രദമായ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

9) പ്രധാനപ്പെട്ട കോളനികൾ കേന്ദ്രീകരിച്ച് ഇതര വിഭാഗങ്ങളെ കൂടി ഉൾക്കൊള്ളാവുന്ന തരത്തിൽ ജനസംഖ്യാനുപാതികമായി അംഗൻവാടികൾ അനുവദിക്കേണ്ടതാണ്. ഇതിനാവശ്യമായ പ്രാദേശിക വിഭവങ്ങൾ ഒരു പരിധിവരെ ലഭ്യമാവുന്നതാണ്,

10 അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാവുന്നതിന് ഇടയാവലുന്ന കാലതാമസം ഒഴിവാക്കേണ്ടതാണ്

ഉദാ വിത്ത്, വളം പെൻഷൻ പദ്ധതികൾ മുതലായവ

11) ഈ വിഭാഗത്തിൽപ്പെട്ടവരുടെ അടിസ്ഥാനാവശ്യങ്ങൾ പരിഹരിക്കുന്നതിൽ സർക്കാർ ജീവനക്കാരുടെയും ഉദ്യോഗസ്ഥന്മാരുടെയും സമീപനത്തിലും പെരുമാറ്റത്തിലും ഇനിയും മാറ്റം ആവശ്യമാണ്.

12) കുടിവെള്ളം

a)അംബേദ്കർ കോളനി (പുളിയുള്ള കണ്ടി) യിലെ പൊതുകിണർ ജനപങ്കാളിത്തത്തോടെ വൃത്തിയാക്കി വെള്ളം കുടിക്കാൻ ഉപയോഗിക്കാവുന്നതാണ്.

b) ഉരുണിമാക്കൽ കോളനിയിലെ നിലവിലുള്ള കുടിവെള്ളപ്രശ്നം പരിഹരിക്കൻ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

c) വാറത്തോട് കരയിൽ കിണർകുഴിച്ച് ഇന്ദിരാഹരിജൻ കോളനിയിലെ ഉയർന്ന പ്രദേശത്ത് പൈപ്പ് വഴി പമ്പ് ചെയ്ത് സൗകര്യപ്പെടുത്തിയാൽ പ്രസ്തുത കോളനികളിലും പരിസരത്തുമുള്ള ഏതാണ്ട് 40-ഓളം കുടുംബങ്ങളുടെ കുടിവെള്ളപ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാവുന്നതാണ്.

d) മറ്റ് പ്രദേശങ്ങളിലും കോണണികളിലും കുടിവെള്ളപ്രശ്നത്തിന് അത് പ്രേദശങ്ങളിലും പ്രാദേശിക വിഭവങ്ങൾ കണക്കിലെടുത്ത് പരിഹാരം തേടാവുന്നതാണ്.

13) കോളനിയിലെ ആരോഗ്യപ്രശ്നങ്ങൽപരിഹരിക്കാൻ മൊബൈൽ ഹെൽത്ത് യൂണിറ്റുകൽ ഉപയോഗിച്ച് സേവനം നടത്താവുന്നതാണ്.

14) വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

15) അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക്, തൊഴിൽപരിശീലന കേന്ദ്രം കേമ്പടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്. ഇതിന് തൽപ്പരരായ വിദഗ്ധരുടെയും സാമൂഹ്യപ്രവർത്തകരുടെയും സൗജന്യസേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

16)പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കാൻ കോളനികൾ കേന്ദ്രീകരിച്ച് ജനപങ്കാളിത്തത്തോടെ.ട്യൂഷൻ സെന്ററുകൾ സ്ഥാപിക്കാവുന്നതാണ്.

17) കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിന് ആട്, പശു, കോഴി, മുയൽ എന്നിവയെ വളർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഉണ്ടാക്കാവുന്നതാണ്.

18) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് ധനസഹായം ലഭ്യമാക്കേണ്ടതാണ്.

19)വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

20) അംഗവൈകല്യങ്ങൾ മാറാ രോഗങ്ങൾ എന്നിവ മൂലം ഉപജീവനമാർഗ്ഗം നിലച്ച കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി സ്വയം തൊഴിൽ പദ്ധതി

കണ്ടെത്താനുള്ള സാമ്പത്തിക സഹായവും പരിശീലനവും ഏർപ്പെടുത്തുക. ഇത്തരക്കാരുടെ ചികിത്സക്കാവശ്യമായ ധനസഹായം നൽകുക

21) ഉപയോഗശൂന്യമായ പുറമ്പോക്ക് ഭൂമി ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് വിതരണം ചെയ്യുക. ഉദാ 8-ാം വാർഡിൽ കുഴിമയിൽ കടവ് മുതൽ കുനിയയിൽ കടവ് വരെ ഏതാണ്ട് 30 ഏക്കർ പുറമ്പോക്ക് ഭൂമി ഇങ്ങനെ ലഭ്യമാവുന്നതാണ്.

22)RECയിൽ പാർട്ട്ണർഷിപ്പ് ഉൾപ്പെടെയുള്ളനിയമനങ്ങളിൽ ഈ പഞ്ചായത്തിലെ SC/ST വിഭാഗങ്ങൾക്ക് മുൻഗണന നൽകുക.

23) നാലുസെന്റ്, ലക്ഷംവീട് കോളനികളിലെ വീടുകൾ റിപ്പയർ ചെയ്യാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കണം

24) കോളനികളോട് തൊട്ട് കിടക്കുന്ന കള്ളുഷാപ്പുകൾ മുഴുവൻ മാറ്റിസ്ഥാപിക്കേണ്ടതാണ്.

25)വ്യാജവാറ്റും വില്പനയുമുൾപ്പെടെ മദ്യവിപത്ത് കർശനമായി തടയണം. സന്നദ്ധസംഘടനകളുടെയും നിയമപാലകരുടെയും സേവനം ഈകാര്യത്തിൽ തേടാവുന്നതാണ്.

26) SC/ST വിഭാഗങ്ങൾക്ക് ലഭ്യമാവുന്ന ആനുകൂല്യങ്ങളുടെ ദുരുപയോഗം തടയണം. ഇടത്തട്ടുകാരെ ഒഴിവാക്കാനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും കഴിയാവുന്ന വിധത്തിൽ പഞ്ചായത്ത് തലത്തില്ഡ ജനകീയ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങളാരംഭിക്കണം.

27) കാർഷിക വൃത്തിയിലേർപ്പെടുന്ന ഹരിജൻ കർഷകർക്ക് സാധ്യതകൾക്കനുസരിച്ച് സൗജന്യമായി വിത്ത്, വളം കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണം കാര്യക്ഷമമാക്കണം.

28) പരമ്പരാഗത കൈത്തൊഴിലുകൾഡ് പരിപോഷിപ്പിക്കാനും നിലനിർത്താനും ആവശ്യമായ പരിശീലന കേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്. ഈ രംഗത്തുള്ളവരുടെ സേവനം സൗജന്യമായി ഒരു പരിധിവരെ ഉപയോഗിക്കാവുന്നതാണ്

29) കോളനികൾ കേന്ദ്രീകരിച്ച് സാംസ്ക്കാരിക നിലയങ്ങൾ ഗ്രന്ഥശാലകൾ ബോധവൽക്കരണ ക്ലാസുകൾ, ,സെമിനാറുകൾ, ടി.വി സെറ്റുകൾ ജനപങ്കാളിത്തത്തോടെ സ്ഥാപിക്കാവുന്നതിലൂടെ ഇവരുടെ പിന്നോക്കാവസ്ഥയ്ക്ക് ഒരുപരിധിവരെ പരിഹാരം ഉണ്ടാക്കാവുന്നതുമാണ്.

30) മൺമറഞ്ഞുപോവുന്ന പരമ്പരാഗത കലാരൂപങ്ങളും സാംസ്ക്കാരിക ത്തനിമകളും നിലനിർത്താനാവശ്യമായ പരിശലന പദ്ധതികളും പ്രോത്സാഹനങ്ങളും ഉണ്ടാവണം.

31) ഗവൺമെന്റ് പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർത്ഥികളെ അർഹിക്കുന്ന പരിഗണനകൾ നൽകി പൊതുവേദികളിലൂടെ പ്രോത്സാഹിപ്പിക്കേണ്ടതാണ്

32) സാമൂഹ്യ -സാമ്പത്തിക- സാംസ്ക്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ പിന്നോക്കാവസ്ഥയനുഭവിക്കുന്ന ഈ പഞ്ചായത്തിലെ നൂറോളം വരുന്ന കുമ്പാര സമുദായത്തിൽ പെട്ടവരുടെ കൈത്തൊഴിൽ സംരക്ഷണം ഉറപ്പുവരുത്താൻ ഇവരെ കേന്ദ്രീകരിച്ച് സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. ഇവരുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ തലങ്ങളിൽ വിവിധ പദ്ധതികൽ· ആവിഷ്ക്കരിക്കേണ്ടതാണ്.

ചരിത്രപരമായി പിന്നോക്കമായിത്തീർന്ന ഈ ജനവിഭാഗത്തിന്റെ ക്ഷേമങ്ങൾക്കു വേണ്ടി വിവിധ പദ്ധതികളും പരിപാടികളും നിലവിലുണ്ടെങ്കിലും അവയൊന്നും തന്നെ ലക്ഷ്യമിട്ട വിധത്തിൽ ഫലപ്രദമാകുന്നില്ല. ഈ കുറവ് പരിഹരിക്കപ്പെടാൻ സാമൂഹ്യ-രാഷ്ട്രീയ തലങ്ങളിലും ഉദ്യോഗസ്ഥ തലങ്ങളിലും മതിയായ അഴിച്ചുപണി ആവശ്യമാണ്. ●

ഗ്രാമീണർ പരസ്പരം സഹകരിക്കുകയും പൊതുനന്മക്കുവേണ്ടി പ്രതിഫലം പറ്റാത്ത അധ്വാനം അർപ്പിക്കുകയും ചെയ്താൽ സ്വയം സേവിക്കുന്നതിന് അവർക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് കണ്ടെത്തുകയാണ്.

വിഭവസമാഹരണം

കോഴിക്കോട് ജില്ലയിലെ സ്പെഷൽ ഗ്രേഡ് പഞ്ചായത്ത് ആണ് ചാത്തമംഗലം. ഈ പഞ്ചായത്തിന്റെ പ്രതിവർഷ വരുമാനം ഏകദേശം 331/2 ലക്ഷം രൂപ വരും.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാണ്. പഞ്ചായത്തിന് വരുമാനം ലഭിക്കുന്നത് കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വസ്തു ലേലം എന്നിവയാണ്. ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റുകളും ഒരു വരുമാനമാർഗ്ഗമാണ്.

പഞ്ചായത്തിന്റെ പ്രതീക്ഷിത വരുമാനം (1996-97)

നമ്പർ	ഇനം	സംഖ്യ
1	കെട്ടിട നികുതി	2,26,789.70
2	ലൈബ്രറി സെസ്സ്	11,463.90
3	തൊഴിൽ നികുതി	4,55,820.00
4	D&O ട്രേഡ് ലൈസൻസ്	14,915.00
5	PFA ലൈസൻസ്	869.00
6.	വിനോദ നികുതി	16,867.70
7	അധികവിനോദനികുതി	10,123.25
8	പ്രദർശന നികുതി	2,108.00
9	പ്രദർശനനികുതി സർചാർജ്ജ്	527.00
10.	മണൽ ലേലം	4,94,501.00
11.	ചന്തലേലം	5,100.00
12.	ഫലവൃക്ഷ ലേലം	12,400.00
13.	കടത്തുലേലം	140.00
14.	കെട്ടിടമുറി ലേലവാടക	96,480.00
15.	കെട്ടിടനിർമ്മാണ ലൈസൻസ് ഫീസ്	43,443.50
	തനതുവരുനാനം ആകെ	13,91,548.05
	അടിസ്ഥാന നികുതി (ഭൂമി) 20%	1,09,000.00
	75%	1,64,050.00
	സ്പെഷൽ ഗ്രാന്റ്	3,99,700.00
	JRY	6,41,375.00
	ഉപാധിരഹിത ഫണ്ട്	3,06,340.00
	VRM	32,933.00
	MI	2,250.00
	VTC	3,16,609.00
	ആകെ	**33,54,805.05**

പഞ്ചായത്തിന്റെ ചെലവ് 95-96

ഇനം	രൂപ
എസ്റ്റാബ്ലിഷ്മെന്റ്	6,68,327.00
ഓഫീസ് കണ്ടിജൻസി	77,635.00
ജനറൽ കണ്ടിജൻസി	59,164.00
വിദ്യാഭ്യാസം	55,542.00
കറന്റ് ചാർജ്ജ്	63,372.0
ഉപാധിരഹിത പദ്ധതി	5,52, 172.00
JRY	4,22,573.00

പഞ്ചായത്തിലെ പ്രധാന ധനകാര്യസ്ഥാപനങ്ങൾ സർവ്വീസ് സഹകരണ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയാണ്. കൂടാതെ ചില സ്വകാര്യ ബാങ്കുകളും ധനം ഇടപാടുകൾ നടത്തുന്നുണ്ട്.

പഞ്ചായത്തിന്റെ പരിധിയിൽ നിന്നും ഏകദേശം 750 പേർ ഗൾഫ് രാജ്യങ്ങളിലും 11 പേർ മറ്റ് വിദേശരാജ്യങ്ങളിലും ജോലിചെയ്യുന്നുണ്ട്.

വാർഡുകളുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല. ഇതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് സാമ്പ

ത്തിക പരാധീനതയാണ്. വാർഡുകളുടെ സാഹചര്യങ്ങളും ആവശ്യങ്ങളും അനുസരിച്ച് വിഹിതം ൽകുന്നതിനുള്ള ശ്രദ്ധക്കുറവും മറ്റൊരു പ്രധാന കരണമാണ്.

കെട്ടിട നികുതി

ഇപ്പോൾ നികുതി കണക്കാക്കുന്ന രതി ശാസ്ത്രീയമായല്ല. ആഡംബരത്വവും വിലക്കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കി നികുതി നിശ്ചയിക്കണം. പിരിച്ചെടുക്കാനുള്ള സംവിധാനം ശക്തമാക്കണം

തൊഴിൽ നികുതി

മിനി ഇൻഡസ്ട്രിയിൽ മെഷീൻ , കല്ല് വ്യവസായം, ക്രഷർമേഖല എന്നിവയിൽ ജോലിചെയ്യുന്ന സ്ഥിരം തൊഴിലാളികളിൽ നിന്ന് നികുതി ഈടാക്കാവുന്നതാണ്. കേബ്ൾ ടി.വി ഓപ്പറേറ്റർമാരിൽനിന്ന് ചെറിയ തോതിൽ വിനോദ നികുതി ഈടാക്കാവുന്നതാണ്.

പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കാനുള്ളനിർദ്ദേശങ്ങൾ

1) എല്ലാ വാർഡുകളിലും വികസനസമിതികൾ രീപീകരിച്ച് മരാമത്തു പ്രവർത്തികളും മറ്റു വികസന പ്രവർത്തനങ്ങളും വികസസമിതി മുഖേന നടപ്പാക്കുക. ഇതുകൊണ്ട് പ്രവർത്തികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാനും സാമ്പത്തിക അഴിമതി കുറക്കുക വഴി ചെലവു ചുരുക്കി ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താനും സാധിക്കുന്നു. എല്ലാം വാർഡിൽ നിന്നും മനുഷ്യാധ്വാനം ഉപയോഗപ്പെടുത്താനും ഇതു വഴി സാധിക്കും

2) ടാക്സി,ഓട്ടോറിക്ഷ ടാബോ എന്നിവയ്ക്ക് ചാത്തമംഗലത്തും കട്ടാംങ്ങലിലും സ്റ്റാന്റ് നിർമ്മിച്ച് അവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക.

3) ക്രഷർ, കല്ല്കൊത്ത് മഷീൻ, മില്ലുകൾ ഡിപ്പോ എന്നിവയ്ക്ക് തൊഴിൽ നികുതി ഏർപ്പെടുത്തുക

4) പഞ്ചായത്ത് പരിധിയിൽപെട്ട ടാക്സി, ജീപ്പ്, മിനിബസ് എന്നിവസർവീസ് നടത്തുന്നതിന് പെർമിറ്റ് നൽകാനുള്ള അധികാരം പഞ്ചായത്തുകളക്ക് നൽകും

5) ഗൾഫ് മലയാളികളെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ പരമാവധി സഹായം നൽകി അവരുടെ പണം വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കാം.

6) കുടിവെള്ളക്ഷാമം പരിഹരിക്കാനാവശ്യമായ ചെലവ് വായ്പയായി ജനങ്ങളിൽ നിന്നു വാങ്ങി മാസാന്തഗഡുക്കളായി തിരിച്ചുകൊടുക്കുക

7)ചാത്തമംഗലം മാർക്കറ്റിലെ നിലവിലുള്ള ഷെഡുപ്പുകൾ പൂർണ്ണമായും മാറ്റി റോഡിനഭിമുഖമായി കച്ചവടസ്റ്റാളുകളും കിഴക്കും പടിഞ്ഞാറും വശങ്ങളിൽ മാർക്കറ്റ് സ്റ്റാളുകളും നിർമ്മിക്കുക. പടിഞ്ഞാറ് ഭാഗത്ത് ഒന്നാംനിലയിൽവായനശാലയും സാംസ്ക്കാരിക നിലയവും അതിനു പുറകിലായി കമ്യൂണിറ്റിഹാളും നിർമ്മിക്കുക. കിഴക്കു ഭാഗത്ത് ഒന്നാംനിലയിൽ വാടകമുറികളും ഏർപ്പെടുത്താവുന്നതാണ്. സ്ഥലം പൂർണ്ണമായും ലഭ്യമാണ്. സാംസ്ക്കാരിക നിലയത്തിന് ചാത്തമംഗലം പൊതുജനവായനശാല 25,000/- രൂപ നൽകാൻ തയ്യാറാണ്.മാർക്കറ്റ് സ്റ്റാളുകൽക്ക് അഡ്വാൻസ് ശേഖരിച്ച് ബിൽഡിംഗ് നിർമ്മിക്കാൻ ആവശ്യമായ പണം ലഭ്യമകും. കമ്മ്യൂണിറ്റി ഹാളിന്റെ വാടകയിനത്തിൽ കുറച്ചു വർഷത്തിനുള്ളിൽ പഞ്ചായത്ത് ചെലവായ മുഴുവൻ സംഖ്യയും തിരിച്ചു ശേഖരിക്കാവുന്നതാണ്.

8)ട്രാക്ടർ പവർട്രില്ലർ മുതലയ കാർഷിക ഉപകരണങ്ങൾ ശേഖരിച്ച് വാടകയ്ക്ക് നൽകി പഞ്ചായത്തിന് വരുമാനമുണ്ടാക്കാം.

9) നിവലിവുള്ള ആഴ്ച ചന്ത ശാസ്ത്രീയമായി പരിഷ്ക്കരിച്ച സമയം മാറ്റി വരുമാനം വർധിപ്പിക്കാവുന്നതാണ്.

10) പൂഴി ലേലത്തിൽ കരാറുകാരം ഒഴിവാക്കി പഞ്ചായത്തിന് നേരിടുന്ന നഷ്ടം ഒഴിവാക്കാൻ പഞ്ചായത്ത് നേരിട്ട് പൂഴവാരലും വിതരണവും നടത്തണം

11) മരങ്ങൾ ലേലം ചെയ്യുമ്പോൾ ലേലത്തിൽ പങ്കെടുക്കുന്ന ആളുകൾ ഗ്രൂപ്പുണ്ടാക്കി ഒത്തുകളി നടത്തുന്നത് തടയണം.

12) പുറമ്പോക്ക് സ്ഥലങ്ങളിൽ മരംവെച്ച് പിടിപ്പിക്കുക

13) തരിശു നിലങ്ങളും പുറമ്പോക്ക് സ്ഥലങ്ങളും കൃഷിക്ക് ഉപയോഗിക്കുവാൻ ആവശ്യക്കാർക്ക് നൽകുക.

14) ചാത്തമംഗലം സബ് റജിസ്ട്രാർഓപീസിനു സമീപം മൂന്ന് ഏക്രയോളം തരിശായികിടക്കുന്ന PWD വക സ്ഥലം ഏറ്റുവാങ്ങി, കോട്ടേജുകൾ നിർമ്മിച്ച് വിൽപന നടത്തിയോ വാടകയ്ക്ക് നൽകിയോ പഞ്ചായത്തിന് വരുമാനമുണ്ടാക്കാം.

മനുഷ്യാധ്വാനം

മനുഷ്യാധ്വാനം വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കണം. റോഡ് നിർമ്മാണം, ഭവനനിർമ്മാണം, ജലസേചനം, പരിസരശുചീകരണം വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ എന്നീ രംഗങ്ങളിൽ കൂടി ഇത് വ്യാപിപ്പിക്കാവുന്നതാണ്. ബഹുജന സംഘടനകളുടെ ഇടപെടലിലൂടെ ഒരു നല്ല നാളെയെ ഞങ്ങൾ പ്രതീക്ഷിക്കുന്നു.

കോർ ഗ്രൂപ്പ്

പി.എം.ആറ്റക്കോയതങ്ങൾ (കൺവീനർ)
ഗോപാലകൃഷ്ണൻ ചൂലൂർ
അഹമ്മദ്കുട്ടി അരയങ്കോട്
കെ.കെ.കൃഷ്ണദാസ്
വി.കെ. കുര്യൻ
അഡ്വ:പി. ചാത്തുക്കുട്ടി
വി.സുന്ദരൻ
എം.വി. സരോജിനി
വി.പ്രേമരാജൻ
എൻ.എം.ഹുസൈൻ
വി.മനോജ്കുമാർ
പി.രാഘവൻ മാസ്റ്റർ
സി.അബ്ദുൾ റസാഖ്
സി.ടി. അബ്ദുൽമജീദ്
രാജേന്ദ്രൻ
എൻ.പി.ഉമ്മർ

ഒത്തുപിടിക്കാം ....

ചാത്തമംഗലം ഗ്രാമപഞ്ചായത്ത് നിലവിൽ വന്നിട്ട് നാല്പത് വർഷമായി. സാമൂഹ്യസാംസ്ക്കാരിക രംഗങ്ങളിൽ വിവിധങ്ങളായ പ്രവർത്തന പാരമ്പര്യമവകാശപ്പെടാൻ പറ്റുന്ന ഈ ഗ്രാമത്തിന്റെ സവിശേഷത വിവിധ ജനവിഭാഗങ്ങൾ തമ്മിലുള്ള സൗഹൃദമാണ്. അതുകൊണ്ട് തന്നെ ഇതേവരെ ഈ പഞ്ചായത്തിലെ ഭരണനിർവ്വഹണം നടന്നുപോന്നിരുന്നത് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെയായിരുന്നു. ജാതി മത രാഷ്ട്രീയവൈരങ്ങൾ ഈ പ്രദേശത്ത് കാർക്ക് അന്യമാണ്. ഈ ഒരു അനുകൂല സാഹചര്യം നിലനില്ക്കുന്ന ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായ ഒരു പുതിയ വികസനമന്ത്രവുമായി ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ജനങ്ങൾ അർപ്പണ ബുദ്ധ്യാ സ്വാഗതം ചെയ്തു.

ജനങ്ങളുടെ കാഴ്ചപ്പാടിനും പ്രവർത്തനരീതികളിലും കാതലായ മാറ്റങ്ങൾ വരുത്താൻ സാധ്യമായ ഈ പദ്ധതി പ്രവർത്തനങ്ങളുമായി അനേകംപേർ ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. ജില്ലാ തല പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺസ് പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസ് കോർഗ്രൂപ്പ് അംഗങ്ങൾ രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ സംഘടന പ്രവർത്തകർ വിവിധ വകുപ്പുകളിലെ വിദഗ്ധർ ഉദ്യോഗസ്ഥർ തുടങ്ങിയവർ ഈ പദ്ധതിയുടെ വിജയത്തിനായി അക്ഷീണം പ്രയത്നിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച മുന്നേറ്റങ്ങൾക്ക് സഹായ ,സഹകരണങ്ങൾ നല്കിയ കച്ചവടക്കാർ സ്ഥാപനങ്ങൾ പൊതുജനങ്ങൾ തുടങ്ങി പദ്ധതി പ്രവർത്തനങ്ങൾക്ക് ആക്കവും ആവേശവും നല്കിയ എല്ലാവരോടും ഞങ്ങൾക്കുള്ള നന്ദിയും കടപ്പാടും നിസ്സീമമാണ്. പഞ്ചായത്തിനകത്തും പുറത്തുമുള്ള രാഷ്ട്രീയ നേതൃത്വം ഞങ്ങൾക്കാവേശം നൽകിയിട്ടുണ്ട്.

സമൂഹത്തിന്റെ പ്രതിബദ്ധതയു പ്രവർത്തനശേഷിയും ഉണർന്നിരിക്കുന്നു. ഈ ആവേശം മങ്ങലേൽക്കാതെ നിലനില്ക്കാനും പോഷിപ്പിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ ഈ ഗ്രാമത്തിന്റെ സർവ്വോന്മുഖമായ മാറ്റത്തിനും പുരോഗതിക്കും മഹത്തായ സംഭാവനകളർപ്പിക്കാൻ ഈ കൂട്ടായ്മക്ക് കഴിയും. ആവശ്യകത ബോധ്യപ്പെടുകയും വിശ്വാസ്യത പുലർത്തുകയും ചെയ്താൽ ലക്ഷ്യപ്രാപ്തിക്കായി ജനങ്ങൾ ഒത്തുപിടിക്കുമെന്നുള്ളതിന്റെ തെളിവാണ് ഈ ഗ്രാമപഞ്ചായത്തിൽഇതേവരെ നടന്ന പ്രവർത്തനങ്ങൾ.

ഈ ദീപം കെടാതെ നമുക്ക് സൂക്ഷിക്കാം...

വാർഡുകളിൽ നടന്ന വിശേഷാൽ ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ ഈ റിപ്പോർട്ടിലസ് ഉൾക്കൊള്ളിക്കാൻ ശ്രമം നടന്നിട്ടുണ്ട്. വല്ല ന്യൂനതകളും വന്നുപോയിട്ടുണ്ടെങ്കിൽ തുറന്ന മനസ്സോടെ ക്ഷമിക്കണമെന്നും വികസന സെമിനാറിൽ നടക്കുന്ന ചർച്ചകളിലൂടെ അവ പരിഹരിക്കുകയും റിപ്പോർട്ട് സമ്പുഷ്ടമാക്കുകയും ചെയ്യണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഫലപ്രദമായ വികസന പദ്ധതികൾ നടപ്പിൽ വരുത്താൻ തുടർന്നും സഹകരണവും പങ്കാളിത്തവും നൽകണമെന്നും താല്പര്യപ്പെടുന്നു.

ചാത്തമംഗലം ഗ്രാമപഞ്ചായത്തിനുവേണ്ടി

കെ.എ. ഖാദർ (പ്രസിഡണ്ട്)

സന്ദർശക ഡയറിയിൽനിന്ന്...

ചാത്തമംഗലം പഞ്ചായത്തിലെ രണ്ട് ഗ്രാമസഭാ യോഗങ്ങളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. ജില്ലയിലും സംസ്ഥാനത്തും ഏറ്റവും കൂടുതൽ ജനങ്ങളെ ഗ്രാമസഭാ ഗോയങ്ങളിൽ പങ്കെടുപ്പിച്ച പഞ്ചായത്ത് ചാത്തമംഗലമാണെന്നതിൽ സന്തോഷമുണ്ട്. തുർന്നുള്ള വികസന പ്രവർത്തനങ്ങളിലും ഈ ആവേശവും കാഴ്ച്ചപ്പാടും വെച്ച് സംസ്ഥാനത്ത് ഒന്നാമത്തെ പഞ്ചായത്തായി വരാൻ കഴിയുമാറാകാട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

സി.പി.ബാലൻവൈദ്യർ എം.എൽ.എ.

T.M. THOMAS ISAAC
MEMBER
STATE PLANNING BOARD KERALA

ശ്രീ. കെ.എ.ഖാദർ
പ്രസിഡണ്ട്, ചാത്തമംഗലം ഗ്രാമ പഞ്ചായത്ത്
പി.ഒ.ആർ.ഇ.സി.

ബഹുമാനപ്പെട്ട പ്രസിഡന്റ്

താങ്കളയച്ച റിപ്പോർട്ടും പത്ര റിപ്പോർട്ടുകളുടെ ക്ലിപ്പിങ്ങുകളും ലഭിച്ചു. ഗ്രാമസഭകൾ ഇ[illegible] ഭംഗിയായി നടന്നുവെന്നറിഞ്ഞതിൽ അത്യന്തം സന്തോഷവും താങ്കൾക്കുള്ള അഭിനന്ദനങ്ങളും അറിയിക്കട്ടെ.

ഭാവി പ്രവർത്തനങ്ങൾക്ക് വിജയാശംസകളോടെ

സ്നേഹപൂർവ്വം

[illegible]

ചാത്തമംഗലം പഞ്ചായത്തിൽ പുതിയ ആസൂത്രണ പ്രക്രിയ ആരംഭിച്ചതുമുതൽ പഞ്ചായത്ത് പ്രസിഡന്റും മറ്റ് സാരഥികളും ആത്മാർത്ഥതയോടെ പ്രവർത്തിക്കുകയും ജില്ലയിൽ ഒന്നാമതായി വിജയിപ്പിച്ച ഗ്രാമസഭ മാതൃകാ ഗ്രാമസഭയായി മാറ്റുകയും ചെയ്തു. അധികാര വികേന്ദ്രീകരണം എന്ന സങ്കൽപ്പം അക്ഷരത്തിലും അർത്ഥത്തിലും വിജയിപ്പിക്കുവാൻ ചാത്തമംഗലം പഞ്ചായത്തിന് സാധിച്ചിരിക്കുന്നു. സാമൂഹ്യ പ്രവർത്തന രംഗത്തുള്ള മാതൃകാപരമായ സമീപനവും ശൈലിയും മറ്റ് ഗ്രാമപഞ്ചായത്തുകൾക്ക് മാതൃകയാണ്. എല്ലാ വിജയങ്ങളും നേരുന്നു.

കാഞ്ഞിക്കാവ് കുഞ്ഞികൃഷ്ണൻ

ജി.പഞ്ചായത്ത് പ്രസിഡന്റ്

ജനകീയാസൂത്രണം സർവ്വകക്ഷി പ്രചാരണം
ജില്ലാ പഞ്ചായത്ത് മെമ്പർ കെ.അബുബക്കർ മൗലവി ഉദ്ഘാടനം ചെയ്യുന്നു.

മാധ്യമം
ജനകീയാസൂത്രണ പരമ്പര
ചാത്തമംഗലം ഗ്രാമപഞ്ചായത്ത്
ചരിത്രമുഹൂർത്തങ്ങളിലൂടെ

കുളിമാട് ടൂറിസ്റ്റ് കേന്ദ്ര നിർദേശത്തിന് ഗ്രാമസഭയിൽ അംഗീകാരം

ഗ്രാമസഭ ഉത്സവമായി

ഗ്രാമസഭയും പിന്നാലെ ഗ്രാമീണരുടെ സന്നദ്ധ സംഘടന

വി.ആർ. വിജയരാഘവൻ, ജില്ലാ പഞ്ചായത്ത് മെമ്പർ കെ അബൂബക്കർ മൗലവി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഒ.സി. ഇസ്മാലുട്ടി, ജില്ലാ പഞ്ചായത്ത് സെക്രട്ടറി ജി നാഥനാർപിള്ള, ജില്ലാ പ്ലാനിംഗ് ഫിസർ എൻ.ഐ. അസീസ്, ...ഡവലപ്മെന്റ് കമ്മീഷണർ പി.പുരുഷോത്തമൻ, കെ. നാരായണൻ മാസ്റ്റർ, ചേറ്റൂർ ബാലകൃ... മാസ്റ്റർ, എം.കെ. നമ്പ്യാർ, ...റ്റക്കോയ തങ്ങൾ ... ആശംസ നേർന്നു.

കുന്ദമംഗലം ജനകീയാസൂത്രണ ബാങ്ക് തുടക്... പദ്ധതിയുടെ ഭാഗമായി ചാത്തമംഗലം ... ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡ് ഗ്രാ... മസഭയിൽ ഉയർന്നുവന്ന നി... സവിശേഷ ശ്രദ്ധ പിടിച്ചു... പഞ്ചായത്തിന്റെ ... അറ്റമായ ... ഗ്രാ...

പ്രത്യേക ഗ്രാമസഭ

... സാംസ്കാരിക സൊസൈറ്റി ... ചാത്തമംഗലം ഗ്രാ... ... വാർഡ് വിക... ... ഉൽപ്പ...

കിലോമീറ്റർ... ... മലയമ്മയിൽ ... പ്രവർത്തകരും ... ഉദ്യോഗസ്ഥരും ... ചുങ്ങളുമേന്തി ജാഥ... ...ന്നൂരെത്തിയത്. ജാഥ... ...ംഭാട്ടം, ദഫ്മുട്ട് തുടങ്ങിയ...

കുന്ദമംഗലം ... കുളിൽ നട... ...ത്തിയ ...

ആയുധനിർമ്മാണ സ്വാശ്രയസംഘം ഓഫീസ് ഉദ്ഘാടനം ശ്രദ്ധേയമായി

കുന്ദമംഗലം: വികസന പരിപാടികൾ നിശ്ചയിക്കുന്നതിൽ രൂപപ്പെടുത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജനകീയാസൂത്രണ പദ്ധതിയുടെ ചാത്തമംഗലം ഗ്രാമ പഞ്ചായത്ത് തല സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം കർഷകത്തൊഴിലാളി നിർവഹിച്ചു. ശ്രദ്ധേയമായി. മാളികപ്പൊയ്യിൽ

ജനകീയാസൂത്രണ പദ്ധതി. ചാത്തമംഗലം ഗ്രാമപഞ്ചായത്ത് സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ഫ്രറിജൻ കർഷകത്തൊഴിലാളിയായ മാളികപ്പൊയിലിൽ നല്ലമ്പിരൻ നിർവ്വഹിക്കുന്നു. ജില്ലാ പഞ്ചായത്ത് മെമ്പർ കെ. അബൂബക്കർമൗലവി, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ.എ. ഖാദർ, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ അഹമ്മദ്കുട്ടി അരയങ്കോട്, പി.എം. ആറ്റക്കോയതങ്ങൾ സമീപം.

വ്യാജവാറ്റിനെതിരെ സ്ത്രീകൾ ഗ്രാമസഭയിൽ

കുന്ദമംഗലം: ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ വെള്ളനൂർ ഭാഗത്ത് വ്യാപകമായിത്തീർന്ന വ്യാജവാറ്റിനും വിൽപനക്കുമെതിരെ കുഴക്കോട് എ.യു.പി സ്കൂളിൽ നടന്ന എട്ടാംവാർഡ് വിശേഷ ഗ്രാമസഭയിൽ പങ്കെടുത്ത സ്ത്രീകൾ ശക്തമായി പ്രതികരിച്ചു.

വിശേഷ ഗ്രാമസഭയോടനുബന്ധിച്ച് ചിത്രകലാ ക്യാമ്പ്, കരകൗശല നിർമ്മാണം, പ്രദർശനം, കാവടിയാട്ടം, നാടകം, പാട്ടുപന, ചെണ്ടമേളം, വിദ്യാർഥികളുടെ വിവിധ കലാപ്രകടനങ്ങൾ എന്നിവയും ഉണ്ടായിരുന്നു.

സൂത്രണ'ത്തിന്റെ മത്സരവേദിയാകുന്ന

ജനകീയാസൂത്രണം: ചാത്തമംഗലത്ത് ഗ്രാമസഭകൾ ഗ്രാമോത്സവങ്ങളായി

ജില്ലയിൽ പുനരർപ്പ ദിനം ആഘോഷി

പുനരർപ്പണ ദിനം: ന

കോഴിക്കോട്: ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി കേരള പിറവിയുടെ 40-ാം വാർഷികത്തിൽ നടന്ന പുനരർപ്പണ ദിനത്തിന്റെ ജില്ലാതല ഉദ്ഘാടനം ചാത്തമംഗലം പഞ്ചായത്തിലെ പുള്ളന്നൂരിൽ നടന്നു. അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യത്തോടെ ശ്രമദാന യത്നമായി 160 മീറ്റർ ഗ്രാമീണ റോഡിന്റെ മൺപണി പുള്ളന്നൂരിൽ ഒരുദിവസം കൊണ്ട് പൂർത്തിയാക്കി.

പുള്ളന്നൂർ കുറുങ്ങോട്ടുകടവിൽ ചെറുപുഴക്ക് കുറുകെ പാലം 1993-ൽ നിർമാണം പൂർത്തിയായിരുന്നെങ്കിലും അപ്രോച്ച് റോഡ് പൂർത്തിയാക്കാത്തതിനാൽ ജനങ്ങൾ നിരാശരായിരുന്നു. ജനകീയാസൂത്രണ പ്രസ്ഥാനം നൽകിയ ആവേശമാണ് ഇത്തരമൊരു ശ്രമദാനത്തിന് സാധ്യമാക്കിയത്. റോഡിനാവശ്യമായ സ്ഥലം തദ്ദേശവാ
കൾ സൗജന്യമായ
റോഡ് പ്രവൃത്തിക്ക്
ലക്ഷം രൂപയായിര
ഗതാഗതയോഗ്യമാ

പുനരർപ്പണ ദിനത്തിന്റെ ജില്ലാതല ഉദ്ഘാടനം ചാത്തമംഗലം പഞ്ചായത്തിലെ പുള്ളന്നൂർ -കുറുങ്ങാട് കടവ് റോഡ് നിർമാണത്തിന് തടുക്കം കുറിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാഞ്ഞിക്കാവ് കുഞ്ഞികൃഷ്ണൻ നിർവഹിക്കുന്നു. ജില്ലാകലക്ടർ യു. എസ്. ചൗഹാൻ സമീപം.

Re-dedication day observed with mass participatio

EXPRESS NEWS SERVICE

KOZHIKODE, Nov 1: The earth work on a 160-metre road at Pullannur in Chathamangalam panchayat was completed on the re-dedication day today with mass participation as part of the people's campaign for the Ninth Plan.

The volunteers consisting of youths marched to the site from Malayma village carrying spades and pick axes in a festive mood complete with *theyyams,kumbattam,dafthumuttu* and other flok

was no approach road.

The local people had given the land free to the panchayat to construct the approach road at a cost of Rs 3 lakh.

It will reduce the distance from Chathamangalam to Koduvally by 5 kms.

Chathamanagalm grama panchayat president M Khader presided over the function.

District Collector U K S Chauhan, district panchayat standing committee chairm

The projects will be com in 76 grama panchayats in tl trict by utilising the untied and making use of the vol labour.

The works includ rural roads



Chathamangalam panchayat members discussing a development project. – Express photo by P Peethambaran.

gether, these villagers show their strengt

I.P.Chekkutty

IAMANGALAM, litics is going through l new experience in . Earlier this week, a road at Kurungat- linking their village rby town within a few dreds of volunteers join the work on 1, the Re-dedication

our first fruit of the 's initiative in village said K A Khader, the president, a Muslim ader" and dedicated er from Koolimadu r Chaliyar. "There than 2,000 people e cooked quintals of d them".

onth of the people's ign, this Muslim League-led UDF panchayat – like many others all over the State – has become a test case for the new politics emerging in the State's social life; a politics quite unlike the one the State has seen so far. It eagerly looks into the future and hopes seem to have sprouted once again among the poor people around. "In our panchayat, we do not have the distinctions of ruling front and the Opposition," said Khader. He was busy discussing the development plan report they were preparing for the village-level seminar scheduled for next week. There was a cross sesction of the village's political life in the core committee assembled there. The vice-president from Congress, young workers from CPM, BJP and others are all involved in the work.

This week, the Chathamangalam panchayat stood first in the State in mass participation in its programmes as they gathered 5,278 villagers in its ward-level gram sabhas, among them 1,702 women.

"Our success in mass participation is the result of the dedication shown by all political parties and voluntary organisations here," said P M Attakoya Thangal, chairman of the core committee, a teacher at a UP school. They had hit upon a new idea of campaign, taking all political leaders in the village in one jeep, which proudly displayed an array of flags – from the CPM's crimson to the League's green to the BJP's saffron to the Congress' tricolour. It was a rare show, something the villagers had never seen before.

Now the hopes are really up and the councillors have no rest. There are so many pr which could change the the village. But will the f forthcoming, or will they as did happen a few yea with the sad demise of the councils?

There is apprehensio hope still lingers. "W funds come or not, we are implement most of our p with our own resources," Khader. The projects them are not hugely ambitious or either. They are simpl pragmatic. One is to incre irrigation facilities in this peasant village with crop paddy, coconuts, tapioc pepper. "We have three here – the Cherupuzha, Ir and Chaliyar– where check will help us irrigate most crops," said V K Kurien, a r

(Turn to Page 9, col 8)

സന്ദർശക ഡയറിയിൽ നിന്നും.....

1.11.96

I am extremely happy to visit Chathamangalam Panchayat today on Kerala Piravi Day as a part of function organised here in connection with Re-dedication Day. This Panchayat has taken up decentralise planning campaign in an exemplary way. One of reading this Gram Panchayat has seen more one thousand people attending their Sabhas. This has been appreciated by whole state. I also congratulate this Panchayat Committee and the people of this Panchayat.

I wish them all the best

1/11/96

U.K.S. Chauhan
District Collector
Kozhikode



അധികാരം ജനങ്ങളിലേക്ക്

9ാം പദ്ധതി ജനകീയപദ്ധതി